DECMBER 2022
Volume 55
Issue 3

10 വ്യവസായസൗഹൃദം കേരളം

32 കേരള ബ്രാന്റ് യാഥാർത്ഥ്യമാകുമ്പോൾ

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

# വ്യവസായ കേരളം

VYAVASAYA KERALAM

ക്രിസ്തുമസ് പുതുവത്സരാശംസകൾ

# കേരളം പുതുചരിത്രം സൃഷ്ടിച്ചു





*With Best Compliments from,*

# TYRE TREADS

M.I.E. THALAKKOTTUKARA (VIA) KECHERY

THRISSUR-680501

KERALA

PHONE : 91 9539330643

E MAIL: tyretreadsoct2015@gmail.com

ITEMS

ALUMINIUM PROFILE

GLASS RUBBER BEEDING IN DIFFERENT ITEMS

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

ഡിസംബർ 2022
Dcember 2022

പുസ്തകം 55
Volume 55

ലക്കം 3
Issue 3

# ഉള്ളടക്കം



06 കേരളം പുതുചരിത്രം സൃഷ്ടിച്ചു
ജി. കൃഷ്ണപിള്ള ഇന്ദു കെ പി

10 വ്യവസായസൗഹൃദം കേരളം
മനോജ് മാതിരപ്പള്ളി

14 പ്രതിസന്ധികളിൽ തളരാതെ വിജയം കൊയ്തവൾ
ഇന്ദു കെ പി

17 ഫ്രൂട്ട് പോപ്സിക്കിൾസ്
ഡോ. ബൈജു നെടുങ്കേരി

20 ആധുനിക സംരംഭകത്വ മന്ത്രങ്ങൾ
ആഷിക്ക്. കെ. പി

24 ആരോഗ്യ ഭക്ഷണം; കടൽ കടക്കുന്ന നമ്മുടെ മുരിങ്ങ ഇല
റ്റി. എസ്. ചന്ദ്രൻ

28 തുടങ്ങാം റെയർ ഹെർബ്സ് ഹബ്ബ്
പാർവ്വതി. ആർ. നായർ

32 കേരള ബ്രാന്റ് യാഥാർത്ഥ്യമാകുമ്പോൾ
ഇ. കെ. രവീന്ദ്രനാഥൻ നായർ

36 ഐ. ഐ. ടി. എഫ് – പുരസ്കാര നിറവിൽ കേരളവും വ്യവസായ വകുപ്പും
എഴുമാവിൽ രവീന്ദ്രനാഥ്

40 പഠനവും പരിശീലനവും സ്മാർട്ടാകുമ്പോൾ
ലോറൻസ് മാത്യു

45 മാർക്കറ്റിംഗ് പ്രോസസിംഗ് മേഖലയിലെ സഹകരണ മുന്നേറ്റം
ബിനോയ് ജോർജ് പി

48 സംരംഭകത്വവികസനം ലക്ഷ്യമിട്ട് പിറവം അഗ്രോപാർക്ക്
സൗമ്യ ബേബി





# വ്യവസായ കേരളം

**ചീഫ് എഡിറ്റർ**
**ശ്രീ. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബൈജു ആർ.എസ്.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം – 695 033

**ഫോൺ: 6238302158**
**ഇമെയിൽ–**
vyavasayakeralam@gmail.com
**വെബ്സൈറ്റ്–**
www.keralaindustry.org
www.industry.kerala.gov.in

പ്രതിനിധികൾ–
- **തിരുവനന്തപുരം** : കാഞ്ചന എം.
- **കൊല്ലം** : സജീവ്കുമാർ കെ.എ.
- **പത്തനംതിട്ട**: അനൂപ് ഷിനു കെ.
- **ആലപ്പുഴ** : സുരേഷ്ബാബു ആർ.
- **കോട്ടയം** : ലോറൻസ് മാത്യു
- **ഇടുക്കി** : പ്രേംജിത്ത് പി.
- **എറണാകുളം** : കെ.പി. അജിത്കുമാർ
- **തൃശൂർ** : അനിൽകുമാർ കെ.പി.
- **പാലക്കാട്** : തോമസ് ചാക്കോ
- **മലപ്പുറം** : ശ്രീരാജ് എം.
- **കോഴിക്കോട്** : നിധിൻ കെ.
- **വയനാട്** : അനിൽകുമാർ
- **കണ്ണൂർ** : മനോജ് പി.കെ.
- **കാസർഗോഡ്** : അഷ്കർ

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
സിമിചന്ദ്രൻ വി.ആർ.,
സിന്ധു എസ്.,
ക്ലാരമ്മ ജെയിംസ്,
അനിത എസ്.,
സംസം എസ്.,
ഷൈജു വി.എം.,
അരുൺ എസ്.,
ബേബി. വൈ.
രാമകൃഷ്ണൻ എഴുത്തച്ഛൻ



ലേഖകരുടെ അഭിപ്രായങ്ങൾ
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമാണ്.




## മുഖക്കുറിപ്പ്


**ശ്രീ. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്


# കേരളം വ്യവസായ വളർച്ചയുടെ നേർക്കാഴ്ച

ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ (ഐ. ഐ. റ്റി. എഫ്) 2022 നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹി പ്രഗതി മൈതാനിയിൽ സംഘടിപ്പിച്ചു. "വോക്കൽ ഫോർ ലോക്കൽ, ലോക്കൽ ടു ഗ്ലോബൽ" എന്നതായിരുന്നു ഇത്തവണത്തെ ട്രേഡ് ഫെയറിന്റെ സന്ദേശം. പ്രാദേശിക വിപണിയെ ആഗോള വിപണിയുമായി സമന്വയിപ്പിക്കുന്നതിനുള്ള ഒരു "വോക്കൽ" സന്ദേശം കൂടിയാണിത്. മേളയ്ക്കുവേണ്ടി 73,000 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള പവലിയനുകളാണ് സജ്ജീകരിച്ചിരുന്നത്. ബീഹാർ, ജാർഖണ്ഡ്, മഹാരാഷ്ട്ര എന്നിവ പാർട്ട്നർ സംസ്ഥാനങ്ങളായും കേരളം, ഉത്തർപ്രദേശ് എന്നിവ ഫോക്കസ് സംസ്ഥാനങ്ങളുമായാണ് ട്രേഡ് ഫെയറിൽ പങ്കെടുത്തത്. കൂടാതെ അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, ബഹ്റൈൻ, ബലാറസ്, ഇറാൻ, നേപ്പാൾ, തുർക്കി, യു. എ. ഇ ഉൾപ്പെടെയുള്ള 12 വിദേശ രാജ്യങ്ങളും പങ്കെടുത്തു.

6,000 ചതുരശ്ര അടിയിലൊരുക്കിയ "കേരള പവലിയൻ" ട്രേഡ് ഫെയറിന്റെ ആശയമായ "വോക്കൽ ഫോർ ലോക്കൽ, ലോക്കൽ ടു ഗ്ലോബൽ" എന്നതിനെ അന്വർത്ഥമാക്കുന്നതായിരുന്നു കേരളത്തിന്റെ സാന്നിദ്ധ്യം. വിവിധ വകുപ്പുകളുടെ ആകർഷകമായ സ്റ്റാളുകളും കലാകാരന്മാരുടെ തൽസമയ കരവിരുതും ചുവർ ചിത്രങ്ങളും കഥകളി രൂപങ്ങളും കളിമൺ പ്രതിമകളും പായ് നെയ്ത്ത് ഉൾപ്പെടെയുള്ള നിരവധി കാഴ്ചകളും "കേരള തനിമ" സൃഷ്ടിയ്ക്കുന്നതായിരുന്നു. മേളയിൽ പങ്കെടുത്ത ബാംബൂ മിഷന്റെ സ്റ്റാളുകൾ കേരളത്തിന്റെ പരമ്പരാഗതമായ പ്രവർത്തനങ്ങളുടെ നേർക്കാഴ്ചയായിരുന്നു. എസ്. സി/ എസ്. ടി വിഭാഗത്തിലുൾപ്പെട്ട എഴുപതോളം വനിതകളുടെ കൂട്ടായ്മയായ ഫൈബ്രന്റും ഇന്റീരിയർ ഡെക്കറേറ്റിംഗ് മേഖലയിൽ മുള ഉൽന്നപങ്ങളുടെ പ്രാധാന്യം വിളിച്ചറിയിക്കുന്ന 2 യുവാക്കളുടെ ബാംബൂസ് ക്രാഫ്റ്റി എന്ന സംരംഭവും മേളയെ ആകർഷണീയമാക്കി തീർത്തു.

മേളയിൽ കേരളത്തിന്റെ വ്യവസായ വളർച്ചയുടെ നേർക്കാഴ്ചയായി സംസ്ഥാന വ്യവസായ വകുപ്പ് "തീം സ്റ്റാളുകൾ" സജ്ജീകരിച്ചിരുന്നത്. "വോക്കൽ ഫോർ ലോക്കൽ, ലോക്കൽ ടു ഗ്ലോബൽ" എന്ന മേളയുടെ ആശയം അന്വർത്ഥമാക്കുന്നതായിരുന്നു വ്യവസായ വകുപ്പിന്റെ സ്റ്റാളുകൾ. പ്രാചീന കാലത്തെ കേരളത്തിലെ വ്യവസായത്തിന്റെ പ്രതീകമായ ഉരുവിന്റെ മാതൃക മുതൽ കേരളത്തിൽ നിർമ്മിച്ച ടർക്കിഷ്, അമേരിക്കൻ വായു സേനകൾ ഉപയോഗിക്കുന്ന അത്യന്താധുനിക വിമാന ആന്റിന വരെ "തീം സ്റ്റാളിൽ" സജ്ജീകരിച്ചിട്ടുണ്ടായിരുന്നു. ഭൗമ സൂചിക ലഭിച്ച കേരളത്തിലെ വിഭവങ്ങളും കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്യുന്ന ഉൽന്നപങ്ങൾ പ്രദർശിപ്പിക്കുന്ന സ്റ്റാളുകളും ഉണ്ടായിരുന്നു. ആറന്മുള കണ്ണാടി, പയ്യന്നൂർ പവിത്ര മോതിരം എന്നിവ ജനശ്രദ്ധയാകർഷിച്ച ഭൗമ സൂചിക ഉത്പന്നങ്ങളായിരുന്നു. തീം സ്റ്റാൾ കൂടാതെ കേരളത്തിൽ നിന്നുള്ള സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള വാണിജ്യ സ്റ്റാളുകളും മേളയിൽ സംഘടിപ്പിച്ചിട്ടുണ്ടായിരുന്നു. കേരളത്തിന്റെ തനത് വിഭവങ്ങളായി വെളിച്ചെണ്ണ, സുഗന്ധ ദ്രവ്യങ്ങൾ, വിവിധയിനം ചിപ്സുകൾ, കശുമാങ്ങ, ഇളംനീർ കൊണ്ടുള്ള വിഭവങ്ങൾ, അത്യാധുനിക ഇലക്ട്രോണിക് ഉപകരണങ്ങളും മേളയിൽ ലഭ്യമായിരുന്നു. "ബെസ്റ്റ് തീം എക്സിബിറ്റർ" പുരസ്കാരം സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് നേടിയെടുത്തു. ഇന്ത്യൻ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ (ഐ. ഐ. റ്റി. എഫ്) കേരളത്തിന്റെ സ്റ്റാളുകൾ സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയുടെ നേർക്കാഴ്ചകളായിരുന്നു. ■

ഒപ്പ്
**ചീഫ് എഡിറ്റർ**



**ശ്രീ. പി. രാജീവ്**
വ്യവസായം, വാണിജ്യം,
നിയമം, കയർ വകുപ്പ് മന്ത്രി

# ചരിത്രം സൃഷ്ടിച്ച് സംരംഭക വർഷം പദ്ധതി

സംരംഭങ്ങളുടെ കാര്യത്തിൽ കേരള ചരിത്രത്തിൽ മറ്റൊരു നാഴികക്കല്ല് തീർത്തുകൊണ്ട് കേവലം എട്ടു മാസം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിച്ച് സംരംഭക വർഷം പദ്ധതി നേട്ടം കൈവരിച്ചു. 1,01,353 സംരംഭങ്ങൾ ഇതിനോടകം ആരംഭിച്ചു. പദ്ധതിയിലൂടെ കേരളത്തിലേക്ക് 6,282 കോടി രൂപയുടെ നിക്ഷേപം കടന്നുവന്നു. 2,20,500 പേർക്ക് ഈ ഒരു ലക്ഷം സംരംഭത്തിലൂടെ തൊഴിൽ ലഭിച്ചു.

2022 മാർച്ച് 30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത പദ്ധതി അതിവിപുലമായ ആസൂത്രണത്തിലൂടെ വിജയതീരമണിഞ്ഞിരിക്കുന്നത്. നിരവധി തവണ മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും തൊഴിലാളി സംഘടനകളുമായും ഫിക്കി, കോൺഫെഡറേഷൻ ഓഫ് ഇൻഡസ്ട്രീസ്, സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് അസോസിയേഷൻ തുടങ്ങിയ സംരംഭക സംഘടനകളുമായും യോഗങ്ങൾ വിളിച്ചു ചേർത്തു.

സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായ സംരംഭക സൗഹൃദ സമീപനം കൂടുതൽ നിക്ഷേപകർക്ക് സംരംഭങ്ങൾ ആരംഭിക്കാൻ പ്രചോദനമായി. ഇവർക്ക് സഹായം ലഭ്യമാക്കുന്നതിനും പദ്ധതിയുടെ മികച്ച നടത്തിപ്പിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ബി ടെക്ക്/ എം ബി എ യോഗ്യതയുള്ള ഇന്റേണുകളെ നിയമിച്ചു. ഇങ്ങനെ നിയമിക്കപ്പെട്ട 1153 ഇന്റേണുകൾ, സംരംഭകർക്ക് പൊതുബോധവൽക്കരണം നൽകാനും വൺ ടു വൺ മീറ്റിംഗുകളിലൂടെ സംരംഭകരെ സഹായിക്കാനും കെ- സ്വിഫ്റ്റ് പോർട്ടൽ വഴി വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട അനുമതികൾക്കുള്ള അപേക്ഷകൾ തയ്യാറാക്കുന്നതിനും ലൈസൻസ്/ സബ്സിഡി ഏകോപനം സാധ്യമാക്കാനും സഹായിച്ചു. 1153 ഇന്റേണുകൾക്ക് പുറമേ താലൂക്ക് ഫെസിലിറ്റേഷൻ സെന്ററുകളിലേക്ക് 59 പേരെ റിക്രൂട്ട് ചെയ്തു. ഇന്റേണുകൾക്ക് പ്രത്യേക പരിശീലനം നൽകുകയും ടാർഗറ്റ് നിശ്ചയിക്കുകയും ചെയ്തു. ഇതിനൊപ്പം തന്നെ എല്ലാ പഞ്ചായത്തുകളിലും ഹെൽപ്പ് ഡെസ്ക്കുകളും സ്ഥാപിച്ചു കൊണ്ട് സംരംഭകവർഷം പദ്ധതി മുന്നോട്ടേക്ക് കുതിച്ചു തുടങ്ങി. ആദ്യ നാല് മാസത്തിനുള്ളിൽ തന്നെ അൻപതിനായിരം സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചത് കേരളത്തിൽ സംരംഭങ്ങളാരംഭിക്കാമെന്ന് മറ്റുള്ളവർക്കും തോന്നാൻ സഹായകമായി.

ഒരു വർഷം പതിനായിരം സംരംഭങ്ങൾ ഉണ്ടാക്കുന്ന നാട്ടിൽ മനസു വെച്ചാൽ ഒരു ലക്ഷത്തിലധികം സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കുമെന്ന് തെളിയിച്ചിരിക്കുകയാണ് സംരംഭകവർഷം പദ്ധതി. ആദ്യഘട്ടത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കുമോ എന്ന് സംശയിച്ചവരും വളരെ പെട്ടെന്നു തന്നെ ഇത് സാധ്യമാണെന്ന് മനസ്സിലാക്കി പ്രവർത്തിച്ചു. ഇനിയുള്ള നാല് മാസങ്ങൾ കൊണ്ട് പരമാവധി സംരംഭങ്ങൾ ആരംഭിക്കാനും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിക്ക് താങ്ങാകുന്ന സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങൾ സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. സംരംഭകവർഷം പദ്ധതിയിലൂടെ സംരംഭകരായവരുടെ സംഗമം സംഘടിപ്പിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

2 ലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ നൽകി, ആറായിരത്തിലധികം കോടി രൂപയുടെ നികേഷപം ഉറപ്പ് വരുത്തിക്കൊണ്ട് സംരംഭകവർഷം ഇനിയും മുന്നോട്ടേക്ക് തന്നെ പോകും. ദൈവത്തിന്റെ സ്വന്തം നാട് ഇനി നിക്ഷേപകരുടെയും സ്വന്തം നാടാണ്. കേവലം 8 മാസം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചെങ്കിൽ അവശേഷിക്കുന്ന 120 ദിവസങ്ങൾക്കുള്ളിൽ കേരളത്തിന്റെ വ്യാവസായിക ചരിത്രത്തിൽ സമാനതകളില്ലാത്ത നേട്ടം കൈവരിച്ചു കൊണ്ടായിരിക്കും സംരംഭക വർഷം അവസാനിക്കുക. ■

കവർസ്റ്റോറി

# കേരളം പുതുചരിത്രം സൃഷ്ടിച്ചു






ജി. കൃഷ്ണപിള്ള

ഏറ്റെടുക്കുന്ന ഏത് പ്രവൃത്തിയെയും സംരംഭകത്വം എന്നു വിളിക്കാം. അത് ഉൽപാദനപരമോ, സേവനപരമോ ബിസിനസ്സോ ആകാം. ഒരു വസ്തു മറ്റൊരു വസ്തുവാക്കി മാറ്റുന്ന പ്രക്രിയയാണ് ഉൽപാദന സംരംഭം നിർവഹിക്കുന്നത്. സേവന സംരംഭം എന്നാൽ മറ്റുള്ളവർക്ക് സേവനം ചെയ്യുന്ന സംരംഭമാണ്. എന്നാൽ ഉൽപന്നങ്ങൾക്ക് യാതൊരു രൂപമാറ്റവും സംഭവിക്കാതെ ഉപഭോക്താവിന് നേരിട്ട് വിൽപന നടത്തുന്ന പ്രവൃത്തിയാണ് ബിസിനസ്സ് സംരംഭം ചെയ്യുന്നത്. എന്താണ് സംരംഭകത്വത്തിന്റെ പ്രാധാന്യം? ഒരു രാജ്യത്ത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിക്ഷേപ വളർച്ചയ്ക്കും അതുവഴി സാമ്പത്തിക വികസനം നേടുന്നതിനും സംരംഭകത്വം സഹായിക്കുന്നു. സംരംഭകത്വത്തിലൂടെ സ്വയംതൊഴിൽ കണ്ടെത്തുന്നതിനും മറ്റുള്ളവർക്ക് തൊഴിൽ നൽകുന്നതിനും കഴിയുന്നു. മുകളിൽ പ്രതിപാദിച്ച ഏതെങ്കിലും പ്രവൃത്തി (ഉൽപാദനം/ സേവനം/ ബിസിനസ്) ഏറ്റെടുക്കുന്ന വ്യക്തിയാണ് സംരംഭകൻ.

എല്ലാവർക്കും സംരംഭകനാകാൻ കഴിയുമോ? ആത്മവിശ്വാസം, വെല്ലുവിളികൾ ഏറ്റെടുക്കുവാനുള്ള മനസ്സ്, ശുഭാപ്തി വിശ്വാസം, നേതൃത്വ പാടവം, നല്ല ആശയ വിനിയമ ശേഷി, പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കഴിവ് മുതലായ അത്യാവശ്യ ഗുണങ്ങളെങ്കിലും ഒരു സംരംഭകന് ഉണ്ടാവണം. പണം കൊണ്ടു മാത്രം സംരംഭം സ്ഥാപിച്ച് വിജയത്തിലെത്തിക്കുവാൻ കഴിയുമോ? പണത്തോടൊപ്പം മുകളിൽ

പ്രതിപാദിച്ച ഘടകങ്ങളെല്ലാം ഒത്തൊരുമിച്ച് "ഒരു എണ്ണയിട്ട യന്ത്രം പോലെ" പ്രവൃത്തിക്കുമ്പോഴാണ് സംരംഭം സാധ്യമാകുന്നതും വിജയത്തിലെത്തിച്ചേരുന്നതും. വ്യവസായ സൗഹൃദ പട്ടികയിൽ കേരളത്തിന്റെ ഗ്രാഫ് അതിവേഗം കുതിച്ച് ഉയരുമ്പോഴും കേരളം നിക്ഷേപ സൗഹൃദമല്ലെന്ന അപഖ്യാതി പടർത്തുന്നതിനുള്ള ശ്രമം ഏതാനും വ്യക്തികളുടെ ഭാഗത്ത് നിന്നുമുണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ 2022-23 "സംരംഭകത്വ വർഷ"മായി പ്രഖ്യാപിച്ചത്.

2022 മാർച്ച് 30 ന് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ "സംരംഭകത്വ വർഷ" പദ്ധതി ഉദ്ഘാടനം ചെയ്തു. സംരംഭകത്വ വർഷം ആരംഭിക്കുന്നതിന് മുമ്പെ തന്നെ ബഹു. വ്യവസായ മന്ത്രി ശ്രീ. പി. രാജീവിന്റെ നേരിട്ടുള്ള നേതൃത്വത്തിൽ തന്നെ മുന്നൊരുക്കങ്ങൾ നടത്തിയിരുന്നു. 14 ജില്ലകളിലും മീറ്റ് ദി മിനിസ്റ്റർ പരിപാടികൾ സംഘടിപ്പിച്ച് സംരംഭകരുടെ പ്രശ്നങ്ങൾ ബഹു. വ്യവസായ മന്ത്രി തന്നെ നേരിട്ട് കേൾക്കുകയും അതിന് പരിഹാരം കണ്ടുകൊണ്ട് സംരംഭകരെ ഒപ്പം നിർത്താൻ കഴിഞ്ഞു. സംരംഭങ്ങൾ തുടങ്ങാൻ നിലനിന്നിരുന്ന സങ്കീർണമായ ചില നിയമങ്ങളെ ഭേദഗതി ചെയ്തു. വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസിങ്ങിന്റെ സങ്കീർണ്ണതകളിൽ നിന്നും ഒഴിവാക്കി വളരെ വേഗത്തിൽ ബിസിനസ് ചെയ്യുന്നതിന് (Easy of Doing Business) കെ- സ്വിഫ്റ്റ് എന്ന സുതാര്യമായ ഓൺലൈൻ സംവിധാനത്തിന് തുടക്കം കുറിച്ചു. ബാങ്കുകളിൽ നിന്ന് എളുപ്പത്തിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിച്ചു. എല്ലാ ജില്ലകളിലും എം. എസ്. എം. ഇ ക്ലിനിക്കുകൾ സ്ഥാപിച്ചുകൊണ്ട് സംരംഭങ്ങൾ തുടങ്ങാനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുകയും "സംരംഭക വർഷ" പദ്ധതിയുടെ ലക്ഷ്യം നേടുന്നതിന് വേണ്ടി 4% പലിശയ്ക്ക് വായ്പ പദ്ധതി നടപ്പിലാക്കുകയും ചെയ്തു. മുൻകാലങ്ങളിൽ വ്യത്യസ്തമായി ബിസിനസ്സ് സംരംഭങ്ങൾ ആരംഭിക്കുവാൻ കൂടി വായ്പകൾ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളും ഈ വായ്പ പദ്ധതിയിലുണ്ടായിരുന്നു.

"സംരംഭകം വർഷം"പദ്ധതി വളരെ അടുക്കും ചിട്ടയോടും കൂടിയ ആസൂത്രണത്തിലൂടെയാണ് നടപ്പിലാക്കി തുടങ്ങിയത്. വളരെ കൃത്യമായ ഒരു ഗെയിം പ്ലാൻ (Game Plan) തയ്യാറാക്കി ബഹു. വ്യവസായ മന്ത്രിയുടെ നേതൃത്വത്തിൽ മുതിർന്ന ഉദ്യോഗസ്ഥ തലത്തിൽ തന്നെ വ്യവസായ അസോസിയേഷനുകളുടെയും അഭ്യുദയ കാംക്ഷികളുടെയും യോഗങ്ങൾ വിളിച്ച് ചേർത്ത് ചർച്ച ചെയ്ത് പദ്ധതിയുടെ വിജയത്തിനായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. സംരംഭക വർഷം വിജയകരമായി നടപ്പിലാക്കിയാണതിന് ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ബി. ടെക്/ എം. ബി. എ ബിരുദധാരികളായ 1133 ഇന്റേണുകളെ നിയമിച്ചു. ഇവരുടെ നേതൃത്വത്തിൽ എല്ലാ പഞ്ചായത്തുകളിലും ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിച്ചു. താലൂക്ക് ഫെസിലിറ്റേഷനു വേണ്ടി എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളിലും താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു. ഗ്രാമപഞ്ചായത്ത് തലത്തിൽ തന്നെ ഇന്റേണുകൾക്ക് ടാർഗറ്റ് നിശ്ചയിച്ച് നൽകുകയും അത് നേടിയെടുക്കുന്നതിനുള്ള പരിശീലനം നൽകി അവരെ സജ്ജരാക്കുകയും ചെയ്തു. നേരത്തെതിൽ നിന്നും വ്യത്യസ്തമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സംരംഭക പദ്ധതിയുടെ ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള സമന്വയ പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ചു. ഓരോ തദ്ദേശ സ്വയംഭരണ പ്രതിനിധികളും തന്നെ പദ്ധതി, ലക്ഷ്യം നേടുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഒപ്പമുണ്ടായിരുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ തന്നെ ബാങ്കുകളെയും ലൈൻ ഡിപ്പാർട്ടുമെന്റുകളെയും ഉൾപ്പെടുത്തി വായ്പ മേളകൾ, പൊതു



ബോധവത്കരണ പരിപാടി, ലൈസൻസ് മേള എന്നിവ സംഘടിപ്പിച്ചു. ഇതിലൂടെ ആയിരക്കണക്കിന് നവസംരംഭകരെ കണ്ടെത്തുന്നതിനും സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള സേവനങ്ങൾ പ്രദാനം ചെയ്യുവാനും കഴിഞ്ഞു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് പുറമെ മറ്റ് ഇതര സർക്കാർ വകുപ്പുകളും ഏജൻസികളുമായിട്ടുള്ള കൂടുതൽ ഏകോപനപരമായ പ്രവർത്തനം നടത്താൻ കഴിഞ്ഞുവെന്നതാണ് "സംരംഭക വർഷ"പദ്ധതിയുടെ പ്രധാന നേട്ടം. "എന്റെ സംരംഭം നാടിന്റെ അഭിമാനം", "ഒരു കുടുംബത്തിൽ ഒരു സംരംഭം" മുതലായ പരിപാടികളിലൂടെ സംരംഭകത്വ വർഷം പദ്ധതി ജനമനസ്സുകളിൽ സ്ഥാനം നേടിയെടുത്തു. ഇക്കാരണത്താൽ തന്നെ വ്യവസായ വകുപ്പ് നടത്തുന്ന പരിപാടികളിൽ സജീവമായ ജനപങ്കാളിത്തമുണ്ടായിരുന്നു.

"സംരംഭകത്വ വർഷം" പദ്ധതിയുടെ ലക്ഷ്യം നേടുന്നതിന്റെ വേഗത കൂട്ടുന്നതിനുവേണ്ടി ബഹു. എം. എൽ. എ മാരുടെ അദ്ധ്യക്ഷതയിൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചു കൊണ്ട് നിയമസഭ മണ്ഡലങ്ങളിലും അവലോകന യോഗം നടത്തിയിരുന്നു. ഒരു വർഷം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെയാണ് "സംരംഭകത്വ വർഷം" പദ്ധതിയ്ക്ക് തുടക്കം കുറിച്ചതെങ്കിലും കേവലം 250 ദിവസം കൊണ്ട് ആ ലക്ഷ്യം നേടിക്കൊണ്ട് പദ്ധതി ചരിത്രം സൃഷ്ടിച്ചു.

250 ദിവസം കൊണ്ട് 1 ലക്ഷം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് കേരള പുതു ചരിത്രം സൃഷ്ടിച്ചു. വ്യവസായിക സാഹചര്യം മാനദണ്ഡമാക്കി ഓരോ ജില്ലയ്ക്കും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ടാർഗറ്റ് നിശ്ചയിച്ചു നൽകുകയും ചെയ്തു. ഇങ്ങനെ നിശ്ചയിച്ചു നൽകിയ ടാർഗറ്റിന്റെ 100% നേടിയ ആദ്യജില്ല വയനാടാണ്. നിശ്ചയിച്ചു നൽകിയ ടാർഗറ്റിൽ 100% നേടിയ സംസ്ഥാനത്തെ ആദ്യ ബ്ലോക്കും, നിയമ സഭ മണ്ഡലവും താലൂക്കും ആലപ്പുഴ ജില്ലയിലെ മാവേലിക്കരയാണ്. എല്ലാ പഞ്ചായത്തുകളും 100% കൈവരിച്ച സംസ്ഥാനത്തെ ആദ്യ ബ്ലോക്ക് പഞ്ചായത്ത് ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിലുൾപ്പെട്ട ഭരണിക്കാവാണ്. സംസ്ഥാനത്ത് 100% നേട്ടം കൈവരിച്ച ആദ്യ നഗരസഭ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയാണ്. ടാർഗറ്റ് ലക്ഷ്യം വച്ച് നോക്കുമ്പോൾ അതിന്റെ തൊട്ട് അടുത്ത സ്ഥാനത്ത് എത്തുന്നതിന് കൊല്ലം ജില്ലയ്ക്ക് കഴിഞ്ഞു. 250 ദിവസം പൂർത്തീകരിച്ചപ്പോൾ 1,02,532 സംരംഭങ്ങൾ ആരംഭിക്കുകയും 6,337 കോടി രൂപയുടെ നിക്ഷേപവും 2,22,818 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിച്ചു. മലപ്പുറം, എറണാകുളം ജില്ലകൾ 10,000 ൽ അധികവും കൊല്ലം, തൃശൂർ, തിരുവനന്തപുരം 9,000-ൽ അധികവും കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ 7,000-ൽ അധികവും സംരംഭങ്ങൾ

## സംരംഭക വർഷം പദ്ധതിയുടെ നേട്ടങ്ങൾ

| | ജില്ലകൾ | സംരംഭങ്ങൾ | നിക്ഷേപം | തൊഴിൽ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 9296 | 597.72 | 20107 |
| 2 | കൊല്ലം | 9725 | 503.43 | 19959 |
| 3 | പത്തനംതിട്ട | 4050 | 181.28 | 8654 |
| 4 | ആലപ്പുഴ | 7797 | 415.59 | 16040 |
| 5 | കോട്ടയം | 5777 | 334.63 | 12120 |
| 6 | ഇടുക്കി | 3146 | 170.43 | 6450 |
| 7 | എറണാകുളം | 10039 | 752.05 | 23505 |
| 8 | തൃശൂർ | 9916 | 510.31 | 20942 |
| 9 | പാലക്കാട് | 8192 | 396.50 | 18028 |
| 10 | മലപ്പുറം | 10039 | 752.05 | 23505 |
| 11 | കോഴിക്കോട് | 8706 | 649.98 | 19200 |
| 12 | വയനാട് | 3050 | 179.95 | 6352 |
| 13 | കണ്ണൂർ | 7719 | 501.58 | 16212 |
| 14 | കാസർകോട് | 3159 | 195.67 | 6428 |



## മേഖല തിരിച്ചുള്ള കണക്കുകൾ

| മേഖലകൾ | സംരംഭങ്ങളുടെ എണ്ണം | നിക്ഷേപം (കോടി) | തൊഴിൽ |
|---|---|---|---|
| ഭക്ഷ്യ സംസ്കരണം | 17,958 | 1878 | 58038 |
| ഗാർമെന്റ്സ് & ടെക്സ്റ്റയിൽസ് | 11672 | 500 | 23874 |
| ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് | 4352 | 260 | 8078 |
| സേവന മേഖല | 7810 | 465 | 17707 |
| ബിസിനസ്സ് മേഖല | 31676 | 1817 | 58038 |

ആരംഭിച്ചിട്ടുണ്ട്. നിശ്ചയിക്കപ്പെട്ട ടാർഗറ്റിൽ 100% കൈവരിച്ച 70-ൽ അധികം ഗ്രാമപഞ്ചായത്തുകളുണ്ട്.

മേഖലകൾ തിരിച്ചുള്ള ഡേറ്റകൾ പരിശോധിച്ചാലും സംരംഭക വർഷം പദ്ധതി വലിയ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

ഇത് കൂടാതെ ഇതര മേഖലകളിലായി 26679 സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. സംരംഭക വർഷ പദ്ധതി വനിതാ സംരംഭകർക്ക് പ്രത്യേക പ്രോത്സാഹന പദ്ധതികൾ നൽകുന്നുണ്ട്. ഇതിലൂടെ വനിതകൾ നേതൃത്വം നൽകേണ്ട 32,000 - ത്തിലേറെ സംരംഭങ്ങൾ ഇക്കാലയളവിൽ തുടങ്ങിയിട്ടുണ്ട്.

2018- നു ശേഷം 2022- ൽ കേരളം വ്യവസായ നയം 4-ാം പതിപ്പിന്റെ കരട് പ്രസിദ്ധീകരിച്ചു. ഏകദേശം 1,09,000/- കോടി രൂപയുടെ വാഹനങ്ങൾ, മരുന്നുകൾ, ടെക്സ്റ്റയിൽസ് എന്നിവ ഉൾപ്പെടെ മറ്റനവധി ഉൽപന്നങ്ങൾ കേരളത്തിന്റെ പുറമേ നിന്നും കേരള വിപണിയിൽ എത്തിച്ചേരുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇവ കേരളത്തിൽ തന്നെ ഉൽപാദിപ്പിക്കുവാനുള്ള വ്യാപകമായ നയമാണ് പുതിയ വ്യവസായ നയം. അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും സാധ്യമാകും. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായുള്ള മറ്റൊരു നവീന പദ്ധതിയാണ് "ഡ്രീം വെസ്റ്റർ" (Dream Vestor). നൂതനാശയങ്ങൾ അവതരിപ്പിക്കുന്നവർക്ക് സർക്കാർ പിന്തുണയോട് ബിസിനസ്സ് ഇൻകുബേഷൻ കേന്ദ്രങ്ങൾ വഴി യാഥാർത്ഥ്യമാക്കാം. നൂതനാശയങ്ങൾ അവതരിപ്പിക്കുന്നവർക്ക് ഇതിന്റെ ഭാഗമായി നടക്കുന്ന മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടാവുന്നതാണ്. അക്കാദമിതലം മുതൽ നൂതനാശയങ്ങൾ പങ്കു വയ്ക്കുന്നതിനുള്ള പരിപാടി നടപ്പിലാക്കുന്നതാണ്.

വൻകിട വ്യവസായങ്ങൾക്കൊപ്പം കേരളത്തിന്റെ ഭൗതിക- സാമ്പത്തിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ സൂക്ഷ്മ - ചെറുകിട- ഇടത്തരം സംരംഭങ്ങൾ (MSMEs) സ്ഥാപിക്കുന്നതിനുള്ള പരിശ്രമങ്ങളാണ് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പ് സെക്രട്ടറിമാർ, വ്യവസായ വാണിജ്യ ഡയറക്ടർ, മറ്റ് വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർ, ഇന്റേണുകൾ, താലൂക്ക് റിസോഴ്സ് പേഴ്സണുകൾ ഉൾപ്പെടെ ഏറ്റവും ഉയർന്ന തലം മുതൽ താഴെ തട്ടിലുള്ളവർ വരെയുള്ള ഒരു സംവിധാനം System) വളരെ ലക്ഷ്യബോധത്തോടെ പ്രവർത്തിച്ചതിന്റെ ഫലമാണ് സംരംഭക വർഷം പദ്ധതി നിശ്ചയിച്ച സമയത്തേക്കാൾ വേഗത്തിൽ ലക്ഷ്യം നേടി ചരിത്രം സൃഷ്ടിച്ചത്. കേരളം നിക്ഷേപ സൗഹൃദമാണെന്ന് തെളിയിയ്ക്കപ്പെടുന്ന തിളക്കമാർന്ന നേട്ടമാണ് സംരംഭക വർഷം പദ്ധതിയിലൂടെ സംസ്ഥാന സർക്കാരും സംസ്ഥാന വ്യവസായ വകുപ്പും കരസ്ഥമാക്കിയിരിക്കുന്നത്. ദൈവത്തിന്റെ സ്വന്തം നാട് ഇനി നിക്ഷേപകരുടെ നാടാണ്. കേവലം 250 ദിവസങ്ങൾ കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ തുടങ്ങാൻ കഴിഞ്ഞുവെങ്കിൽ ഇനിയുള്ള 115 ദിവസങ്ങൾക്കുള്ളിൽ കേരളത്തിന്റെ വ്യാവസായിക ചരിത്രത്തിൽ സമാനതകളില്ലാത്ത നേട്ടം കൈവരിക്കാൻ സംരംഭക വർഷം പദ്ധതിക്ക് കഴിയുന്നതാണ്. ■

(വ്യവസായ വാണിജ്യ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)



# 10

# വ്യവസായസൗഹൃദം കേരളം

മനോജ് മാതിരപ്പള്ളി

സമാനതകളില്ലാത്ത വ്യാവസായിക വികസനത്തിനാണ് കേരളം സാക്ഷ്യം വഹിക്കുന്നത്. സംസ്ഥാനങ്ങളിലെ വ്യവസായ സൗഹൃദാന്തരീക്ഷം പരിഗണിച്ചുള്ള ദേശീയ റാങ്കിംഗിൽ ഒരു വർഷംകൊണ്ട് കൈവരിച്ച മികവാർന്ന നേട്ടം, സ്റ്റാർട്ടപ്പ് റാങ്കിംഗിൽ തുടർച്ചയായി മൂന്നാംവർഷവും നേടുന്ന ടോപ് പെർഫോമർ പദവി, ആഗോള സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റാങ്കിംഗിന്റെ അഫോർഡബിൾ ടാലന്റ് വിഭാഗത്തിൽ ഏഷ്യയിൽതന്നെ ഒന്നാം സ്ഥാനം തുടങ്ങിയ അംഗീകാരങ്ങളെല്ലാം ഇതിന് ഏറ്റവും വലിയ തെളിവാണ്. പുതിയ സംരംഭങ്ങൾ തുടങ്ങാൻ കേരളം അനുയോജ്യമായ സ്ഥലമല്ലെന്ന കുപ്രചാരണത്തിന്റെ മുനയൊടിക്കുന്ന വ്യാവസായിക വികസനമാണ് 2022–ൽ കേരളത്തിൽ സാധ്യമായത്. ഇതോടൊപ്പം, നിക്ഷേപകരുടെ ലക്ഷ്യസ്ഥാനമായി സംസ്ഥാനത്തെ മാറ്റിയെടുക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ ഫലപ്രദമായി പുരോഗമിക്കുകയും ചെയ്യുന്നു.

എൽഡിഎഫ് സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷമുള്ള ആറുവർഷത്തിനുള്ളിൽ 8200 കോടിയോളം രൂപയുടെ നിക്ഷേപമാണ് ചെറുകിട–ഇടത്തരം വ്യവസായരംഗത്ത് മാത്രമെത്തിയത്. ഈ സാമ്പത്തികവർഷത്തിന്റെ ആദ്യപകുതിയിൽ മാത്രം 3383 കോടിരൂപയുടെ നിക്ഷേപമുണ്ടായി. അനേകം പുതിയ സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചു. ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ കിട്ടി. 2023–നെ ഇതിനേക്കാൾ മികച്ച വർഷമാക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിന്റെ വ്യാവസായികാന്തരീക്ഷം ഗുണപരമായി



ഉടച്ചുവാർക്കുന്നതിനുള്ള പുതിയ വ്യവസായനയത്തിനും രൂപം നൽകുകയാണ്. ഇത് യാഥാർത്ഥ്യമാകുന്നതോടെ ഇവിടുത്തെ സംരംഭകസംസ്കാരം വിമർശനങ്ങൾക്ക് ഇടവരുത്താത്ത രീതിയിലേക്ക് വളരും.

## ശതകോടികളുടെ നിക്ഷേപവും വികസനവും

കേരളത്തിന്റെ വ്യാവസായികരംഗത്ത് എണ്ണിപ്പറയാവുന്ന ഒട്ടേറെ പദ്ധതികൾ പൂർത്തീകരിക്കുകയും പുതിയവയ്ക്ക് തുടക്കമിടുകയും ചെയ്ത വർഷമാണ് കടന്നുപോകുന്നത്. ഇപ്പോഴത്തെ സർക്കാർ അധികാരമേറ്റ ശേഷമുള്ള ഒന്നര വർഷത്തിനുള്ളിൽ 1800 കോടിരൂപയുടെ നിക്ഷേപം സംസ്ഥാനത്ത് എത്തിക്കുകയെന്ന റെക്കോർഡ് നേട്ടം കൈവരിക്കാൻ കിൻഫ്രയ്ക്ക് സാധിച്ചു. കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങൾ ആയിരുന്ന കോട്ടയം വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡും (എച്ച്എൻഎൽ), കാസർകോഡ് ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡും (ഭെൽ–ഇഎംഎൽ) കേരളം ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചത് ഈ കാലയളവിനുള്ളിലാണ്. എച്ച്എൻഎൽ കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് എന്ന പേരിലും, ഭെൽ–ഇഎംഎൽ കെൽ–ഇഎംഎൽ എന്ന പേരിലുമാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

ഐടി സംരംഭങ്ങൾക്കായി കൊച്ചി ഇൻഫോപാർക്കിൽ മാത്രം 1.61 ലക്ഷം ചതുരശ്രയടി സ്ഥലം കൂടുതലായി ലഭ്യമാക്കി. തിരുവനന്തപുരത്ത് ടാറ്റ എലക്സിക്കായി 2.17 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണം വരുന്ന പുതിയ കെട്ടിടമാണ് നിർമ്മിച്ച് നൽകിയത്. പത്തുമാസം കൊണ്ട് ഇത് കൈമാറാൻ സാധിച്ചുവെന്നതും അഭിമാനനേട്ടമാണ്. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ ഐടി മേഖലയിൽ മാത്രം 62 ലക്ഷം ചതുരശ്രയടി സ്ഥലം പുതിയ സംരംഭങ്ങൾക്കായി ലഭ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ട്രെസ്റ്റാറും മുരുളിയയും പോലെയുള്ള ബഹുരാഷ്ട്രകമ്പനികൾ പുതിയ നിക്ഷേപപദ്ധതികൾ പ്രഖ്യാപിച്ചതും ഈ മേഖലയ്ക്ക് ഗുണകരമാവും. കഴക്കൂട്ടം കിൻഫ്ര പാർക്കിൽ ടാറ്റ എലക്സിയും വെൻഷ്വറും, കൊച്ചിയിൽ കോഗ്നിസന്റും ഐബിഎമ്മും എത്തിയപ്പോൾ ശതകോടികളുടെ നിക്ഷേപം കൂടുതലായെത്തി.

പുതിയ പൊതുമേഖലാ സ്ഥാപനമായ റൈസ്പാർക്കിന് ഇതിനകം തന്നെ ആലപ്പുഴയിൽ തറക്കല്ലിട്ടുകഴിഞ്ഞു. കേരള റബ്ബർ പാർക്കിന് തറക്കല്ലിട്ടതും ഈ സർക്കാരിന്റെ കാലത്താണ്. കേരളത്തെ റബ്ബർ വ്യവസായത്തിന്റെ ഹബ്ബാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സ്ഥാപിക്കുന്ന പാർക്കിന് 1000 കോടിരൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അടുത്തയിടെ കൊച്ചി അമ്പലമുകളിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള പെട്രോ കെമിക്കൽ പാർക്കിന് 1200 കോടി രൂപ ചെലവ് വരും. എഫ്എസിടിയുടെ ഭൂമിവാങ്ങി 482 ഏക്കർ സ്ഥലത്താണ് പാർക്ക് സ്ഥാപിക്കുക. 2024 ഒക്ടോബറിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന പെട്രോ കെമിക്കൽ പാർക്കിലേക്ക് 10000 കോടിരൂപയുടെ നിക്ഷേപം വരും. 11000 പേർക്ക് തൊഴിലും ലഭിക്കും. ഇതോടൊപ്പം കൊച്ചിയിൽ അന്താരാഷ്ട്രതലത്തിലുള്ള എക്സിബിഷൻ കം കൺവെൻഷൻ സെന്ററിന്റെ നിർമ്മാണവും പുരോഗമിക്കുകയാണ്.

ഇവിടേക്ക് പതിനായിരം കോടിരൂപയുടെ നിക്ഷേപം എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന കൊച്ചി–ബംഗലൂരു വ്യവസായ ഇടനാഴിയും വൈകാതെ യാഥാർത്ഥ്യമാവും. ഇതിന് ആവശ്യമായ 82 ശതമാനം സ്ഥലവും ഏറ്റെടുത്തുകഴിഞ്ഞു. ഇതിന്റെ ഭാഗമായ ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫൈനാൻസ് ആൻഡ് ട്രേഡ് സിറ്റിയും (ഗിഫ്റ്റ് സിറ്റി) നിർമ്മാണം ആരംഭിക്കുകയാണ്. എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലുള്ള അയ്യമ്പുഴ

വില്ലേജിലാണ് ഗിഫ്റ്റ് സിറ്റി പദ്ധതി വരുന്നത്. ഇതിനുപുറമെ, രാജ്യത്ത് ആദ്യത്തെ ഗ്രഫീൻ ഇന്നവേഷൻ സെന്റർ കേരളത്തിൽ ആരംഭിക്കുന്നതിനുള്ള ധാരണാപത്രവും ഒപ്പുവെച്ചുകഴിഞ്ഞു. കേരള ഡിജിറ്റൽ സർവ്വകലാശാലയും മാഞ്ചസ്റ്റർ, ഓക്സ്ഫോർഡ്, എഡിൻബറോ, സൈഗൺ സർവ്വകലാശാലകളുമാണ് ഇത് സംബന്ധിച്ച ധാരണാപത്രം ഒപ്പുവെച്ചിട്ടുള്ളത്. ഭാവിയുടെ പദാർത്ഥമായി കണക്കാക്കുന്ന ഗ്രഫീന്റെ ഉത്പാദനത്തിനും വികസനത്തിനുമായി കേരളം സ്വീകരിച്ചിട്ടുള്ള നടപടികൾ ദേശീയതലത്തിൽതന്നെ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്.

## വ്യവസായ റാങ്കിംഗിലും കുതിപ്പ്

രാജ്യത്തെ വ്യവസായ സൗഹൃദസംസ്ഥാനങ്ങളുടെ പട്ടികയിലും കേരളത്തിന് വലിയ കുതിപ്പുണ്ടായിട്ടുണ്ട്. കേന്ദ്ര വ്യവസായമന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡിപിഐഐടി) ഇക്കഴിഞ്ഞ ജൂലൈ മാസത്തിൽ പുറത്തിറക്കിയ റിപ്പോർട്ട് അനുസരിച്ച് ഈ രംഗത്ത് പതിനഞ്ചാം സ്ഥാനമാണ് കേരളത്തിനുള്ളത്. മുൻവർഷത്തെ ഇരുപത്തെട്ടാം സ്ഥാനത്തിൽനിന്നാണ് പതിനഞ്ചാം സ്ഥാനത്തേക്കുള്ള കുതിച്ചുചാട്ടം. അന്തിമസ്കോറുകളുടെയും ഉപഭോക്തൃ അഭിപ്രായ സർവ്വേകളുടെയും അടിസ്ഥാനത്തിൽ ടോപ്പ് അച്ചീവേഴ്സ്, അച്ചീവേഴ്സ്, അസ്പയറർ, എമേർജിംഗ് ബിസിനസ് ഇക്കോ സിസ്റ്റംസ് എന്നിങ്ങനെ എല്ലാ സംസ്ഥാനങ്ങളെയും നാലായി വിഭജിച്ചിരുന്നു. ഇതിൽ അസ്പയറർ വിഭാഗത്തിലാണ് കേരളം ഇടംപിടിച്ചിട്ടുള്ളത്.

വിവിധ നയങ്ങൾ പരിഗണിച്ച് ഓരോ സംസ്ഥാനങ്ങളിലെയും വ്യവസായ സൗഹൃദാന്തരീക്ഷത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളെയും കേന്ദ്രഭരണപ്രദേശങ്ങളെയും ഉൾപ്പെടുത്തി റാങ്കിംഗ് നിശ്ചയിക്കുന്ന സമ്പ്രദായം ആരംഭിക്കുന്നത് 2014 മുതലാണ്. പിന്നെയും രണ്ടു വർഷം കൂടി കഴിഞ്ഞ് 2016 മുതൽ കേരളവും ഇതിന്റെ ഭാഗമായി. സംസ്ഥാന വ്യവസായ വികസന കോർപറേഷനാണ് (കെഎസ്ഐഡിസി) കേരളത്തിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്. പുതിയൊരു സംരംഭം തുടങ്ങാനും സുഗമമായി നടത്തിക്കൊണ്ടു പോകുന്നതിനും വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് നിശ്ചയിച്ച് ഓരോ വർഷവും ഡിപിഐഐടി എല്ലാ സംസ്ഥാനങ്ങൾക്കുമായി പ്രത്യേക മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കും. ഇതിൽ 94 ശതമാനവും നടപ്പാക്കിയതോടെയാണ് റാങ്കിംഗിൽ കേരളം പതിനഞ്ചാം സ്ഥാനം കൈവരിച്ചത്.



സംരംഭകർക്ക് പരാതി നൽകുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി സംസ്ഥാനത്ത് ടോൾഫ്രീ കോൾ സെന്റർ സ്ഥാപിച്ചത് ദേശീയതലത്തിൽ തന്നെ ശ്രദ്ധേയമായിരുന്നു. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളുമെല്ലാം കാലാനുസൃതമായി പരിഷ്കരിച്ചതും വ്യവസായമേഖലയുടെ ക്ഷേമത്തിനായി സ്വീകരിച്ച നയപരമായ കാര്യങ്ങളുമെല്ലാമാണ് കേരളത്തിലെ വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തിയത്. സുസ്ഥിര വികസനത്തോടെയുള്ള നിക്ഷേപത്തിനാണ് കേരളത്തിന്റെ ഊന്നൽ. അടുത്തവർഷം, നിലവിലെ സംരംഭക വർഷം പദ്ധതികൂടി പരിഗണിക്കപ്പെടുമ്പോൾ ഡിപിഐഐടിയുടെ റാങ്കിംഗിൽ സംസ്ഥാനത്തിന് കൂടുതൽ ഉയർന്ന സ്ഥാനം നേടാൻ കഴിയുമെന്നാണ് നിഗമനം. ഇവിടേക്ക് കൂടുതൽ സംരംഭങ്ങളും നിക്ഷേപവും വരാൻ ഈ നേട്ടം സഹായകമാവുകയും ചെയ്യും.

## വൻനേട്ടവുമായി സംരംഭകവർഷം

നടപ്പു സാമ്പത്തികവർഷം സർക്കാർ നടപ്പാക്കിവരുന്ന സംരംഭകവർഷം പദ്ധതിയും കേരളത്തിൽ നിലനിൽക്കുന്ന വ്യവസായ സൗഹൃദാന്തരീക്ഷത്തിന്റെ വലിയ ഉദാഹരണങ്ങളി



ലൊന്നാണ്. ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട വ്യവസായസംരംഭങ്ങളെങ്കിലും സംസ്ഥാനത്ത് പുതിയതായി ആരംഭിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഏപ്രിൽ മാസത്തിൽ ആരംഭിച്ച പദ്ധതി ഇതിനകം തന്നെ ലക്ഷ്യം കൈവരിച്ചുവെന്ന് പറയാം. സാമ്പത്തികവർഷം അവസാനിക്കാൻ നാലുമാസം കൂടി ബാക്കിയുള്ളപ്പോഴുള്ള കണക്കുകൾപ്രകാരം 92,000 പുതിയ സംരംഭങ്ങൾക്കാണ് പദ്ധതിയുടെ ഭാഗമായി തുടക്കമിട്ടത്. ആനുപാതികമായ രീതിയിൽ നിക്ഷേപത്തിന്റെയും തൊഴിൽ അവസരങ്ങളുടെയുമെല്ലാം കാര്യത്തിലും മികച്ച നേട്ടമുണ്ടാക്കാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി രണ്ടുലക്ഷത്തിലധികം ആളുകൾക്ക് തൊഴിലും 5655.69 കോടി രൂപയുടെ നിക്ഷേപവും ലഭിച്ചുവെന്നാണ് കണക്ക്.

ഓരോ മാസവും ശരാശരി പതിനായിരത്തിലധികം സൂക്ഷ്മ-ചെറുകിട വ്യവസായസംരംഭങ്ങൾ പുതിയതായി സംസ്ഥാനത്ത് പ്രവർത്തനം ആരംഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ സാമ്പത്തിക വർഷം അവസാനിക്കുമ്പോഴേയ്ക്കും ഏറ്റവും കുറഞ്ഞത് ഒന്നേകാൽ ലക്ഷത്തിലധികം പുതിയ സംരംഭങ്ങളെങ്കിലും തുടങ്ങുമെന്നാണ് നിഗമനം. സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നിക്ഷേപസൗഹൃദ നടപടികൾ തന്നെയാണ് ഇതിനുള്ള മുഖ്യകാരണം. ഇതുവരെ ഏറ്റവുമധികം പുതിയ സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ജില്ലകൾ മലപ്പുറവും എറണാകുളവും തൃശ്ശൂരുമാണ്. ഈ മൂന്നു ജില്ലകളിലും സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി ഒൻപതിനായിരത്തിലധികം പുതുസംരംഭങ്ങൾക്ക് തുടക്കമായിട്ടുണ്ട്. ഓരോ ജില്ലയിലും ഇരുപതിനായിരം പേർക്കുവീതമെങ്കിലും തൊഴിലും ലഭിച്ചു.

**ഓരോ മാസവും ശരാശരി പതിനായിരത്തിലധികം സൂക്ഷ്മ – ചെറുകിട വ്യവസായസംരംഭങ്ങൾ പുതിയതായി സംസ്ഥാനത്ത് പ്രവർത്തനം ആരംഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ സാമ്പത്തികവർഷം അവസാനിക്കുമ്പോഴേയ്ക്കും ഏറ്റവും കുറഞ്ഞത് ഒന്നേകാൽ ലക്ഷത്തിലധികം പുതിയ സംരംഭങ്ങളെങ്കിലും തുടങ്ങുമെന്നാണ് നിഗമനം.**

വ്യവസായവകുപ്പ് നടപ്പാക്കുന്ന സംരംഭകവർഷം പദ്ധതിയുമായി തദ്ദേശസ്വയംഭരണം, ടൂറിസം, ആരോഗ്യം തുടങ്ങിയ വകുപ്പുകളെല്ലാം സഹകരിക്കുന്നുണ്ട്. സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും സഹായവും ഉറപ്പാക്കുന്നതിനായി പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും കോർപറേഷനുകളിലും ഇന്റേൺസുകൾ എന്ന പേരിൽ ഓരോരുത്തരെ നിയോഗിച്ചിരുന്നു. ഇവരുടെ നേതൃത്വത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ലോൺ-ലൈസൻസ്-സബ്സിഡി മേളകൾ നടത്തി. പുതിയ സംരംഭം തുടങ്ങാൻ ആവശ്യമായ ലൈസൻസുകൾ, ധനകാര്യസ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന വായ്പകൾ, സർക്കാർ നൽകിവരുന്ന സബ്സിഡികൾ എന്നിവയെപ്പറ്റി അറിയാനും അപേക്ഷ സമർപ്പിക്കുന്നതിനുമുള്ള എല്ലാ സൗകര്യങ്ങളും ഇത്തരം മേളകളിൽ ഒരുക്കിയിരുന്നു. ഇതിലൂടെ തന്നെ ധാരാളം സംരംഭകർ പദ്ധതിയിൽ ആകൃഷ്ടരാവുകയും അത് സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയ്ക്ക് ഗുണകരമാവുകയും ചെയ്തു.■




# പ്രതിസന്ധികളിൽ തളരാതെ വിജയം കൊയ്തവൾ



ഇന്ദു കെ പി

ഇളവരശി പരാജയങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് വിജയിച്ച സംരംഭക. തൃശൂരിലെ അശ്വതി ഹോട്ട് ചിപ്സ് ഉടമയായ ഇവർക്ക് സംരംഭക ജീവിതത്തിൽ നേരിടേണ്ടി വന്ന വെല്ലുവിളികൾ ധാരാളമായിരുന്നു. സാമ്പത്തികമായും ശാരീരികമായും തളർന്നപ്പോഴും തലമുറകളായി കൈമാറിക്കിട്ടിയ രുചിക്കൂട്ടുകളും ആത്മവിശ്വാസവും ആയിരുന്നു മുതൽക്കൂട്ട്. പ്രതിസന്ധികളിൽ തളരാതെ അതിനെ അഭിമുഖീകരിച്ച് പോരാടി വിജയം വരിക്കുക എന്നതായിരുന്നു ഈ സംരംഭകയുടെ വിജയമന്ത്രം.

ഏകദേശം അരനൂറ്റാണ്ട് മുൻപ് മധുര ഉസലംപെട്ടിയിൽ നിന്ന് തൃശൂരിലേക്ക് കുടിയേറിയവരായിരുന്നു ഇളവരശിയുടെ കുടുംബം.പലഹാര നിർമ്മാണവും വീടുകൾ തോറും കയറിയിറങ്ങി

വില്പനയുമായിരുന്നു തൊഴിൽ. പതിനെട്ടാം വയസ്സിൽ വിവാഹിതയായ ഇളവരശിയും അച്ഛന്റെ പാത തന്നെ ഉപജീവനമാർഗ്ഗമാക്കി. ചെറിയ രീതിയിൽ പലഹാരങ്ങൾ ഉണ്ടാക്കി വീടുകളിലും കടകളിലും വിതരണം നടത്തി. ആവശ്യക്കാർ കൂടിയതും സംരംഭകത്വം എന്ന ആശയം മനസ്സിലുള്ളതിനാലും 2009-ൽ പലഹാരങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഒരു സൂപ്പർമാർക്കറ്റ് ആരംഭിച്ചു. തുടക്കം മുതൽക്കേ ജനങ്ങളിൽ നിന്നും വലിയ സ്വീകാര്യതയാണ് ലഭിച്ചത്. എന്നാൽ തുടർച്ചയായി ഉണ്ടായ മോഷണത്തിലൂടെ നേരിടേണ്ടിവന്ന സാമ്പത്തികനഷ്ടം ബിസിനസ്സിനെ സാരമായി ബാധിക്കാൻ തുടങ്ങി. ഓർഡറുകൾക്കനുസരിച്ച് സാധനങ്ങൾ എത്തിക്കാൻ പറ്റാതെയായി. 2012 ഓടെ സൂപ്പർമാർക്കറ്റ് അടച്ച് പൂട്ടേണ്ടി വന്നു. പിന്നീടുള്ള കുറച്ചുകാലം നേരിടേണ്ടിവന്ന പ്രശ്നങ്ങൾ നിരവധിയായിരുന്നു. കടം നൽകിയവർക്ക് കൃത്യ സമയത്ത് പണംതിരിച്ചു കൊടുക്കാൻ പറ്റാത്തതിനാൽ കടക്കാർ വീടുകളിൽ വന്ന് ശല്യം ചെയ്യൽ ആരംഭിച്ചു, ബാങ്കുകളിൽനിന്ന് ജപ്തി നടപടികൾ, സാമ്പത്തികമായും മാനസികമായും ശാരീരികമായും തകർന്ന അവസ്ഥ. എങ്കിലും തോറ്റു കൊടുക്കാൻ ഇളവരശി തയ്യാറല്ലായിരുന്നു.

ചെറിയ ഒരു തൊഴിൽ എന്ന നിലയിൽ ഉന്തുവണ്ടി തട്ടുകട പോലും നടത്താൻ തയ്യാറായി.

**ചെറിയ ഒരു തൊഴിൽ എന്ന നിലയിൽ ഉന്തുവണ്ടി തട്ടുകട പോലും നടത്താൻ തയ്യാറായി. പക്ഷെ അവിടെയും പിടിച്ചുനിൽക്കാൻപറ്റാതെ വന്നു. ഉള്ളിലെ സംരംഭക എന്ന ഫിനിക്സ് പക്ഷി ഉയരാൻ തുടങ്ങി. വീണ്ടും ഒരു കട വാടകയ്ക്കെടുത്ത് അശ്വതി ഹോട്ട് ചിപ്സ് വീണ്ടും രംഗത്തെത്തി.**

പക്ഷെ അവിടെയും പിടിച്ചുനിൽക്കാൻപറ്റാതെ വന്നു. ഉള്ളിലെ സംരംഭക എന്ന ഫിനിക്സ് പക്ഷി ഉയരാൻ തുടങ്ങി. വീണ്ടും ഒരു കട വാടകയ്ക്കെടുത്ത് അശ്വതി ഹോട്ട് ചിപ്സ് വീണ്ടും രംഗത്തെത്തി. രാപകലില്ലാതെയുള്ള കഠിനാധ്വാനം, വ്യത്യസ്തമായ രുചികളുടെ പരീക്ഷണങ്ങൾ, വിജയിച്ചു കാണിക്കണം എന്ന ദൃഢനിശ്ചയം



**വിറകടുപ്പും, ആട്ടിയ വെളിച്ചെണ്ണയും ഉപയോഗിച്ച് പരമ്പരാഗത രീതിയിൽ ഉണ്ടാക്കുന്ന കുഴലപ്പം, അച്ചപ്പം, അവലോസ് പൊടി അവലോസുണ്ട, കായ, ബീറ്റ്റൂട്ട്, ചേമ്പ്, കപ്പ, ഇടിയൻ ചക്ക, കടചക്ക ചിപ്സുകൾ, ഉരുളൻ കിഴങ്ങ്, കുവപ്പൊടി ചേർത്ത് വറുത്തത്, ചക്ക വിഭവങ്ങൾ, ഗോതമ്പുപൊടി നാളികേരപ്പാൽ, പനംകൽക്കണ്ടം എന്നിവ ചേർത്ത് ഷുഗർ രോഗികൾക്കു കഴിക്കാവുന്നതരത്തിലുള്ള ഹൽവ.**




ഇവയെല്ലാം ഇന്ന് ഇളവരശിയെ അഞ്ച് സ്ഥാപനങ്ങളുടെ ഉടമയാക്കി മാറ്റി. ഇളവരശി പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചു. സ്ഥാപനങ്ങളിൽ ഇന്ന് പരിചയസമ്പന്നരായ നൂറോളം തൊഴിലാളികൾ ഉണ്ട്. അതിൽ കൂടുതലും സ്ത്രീകളാണ്. തൊഴിലാളികളുടെ ആത്മാർത്ഥതയും സഹകരണവും സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് വലിയ പങ്കുവഹിക്കമെന്ന് ഇളവരശി പറയുന്നു.

വിറകടുപ്പും, ആട്ടിയ വെളിച്ചെണ്ണയും ഉപയോഗിച്ച് പരമ്പരാഗത രീതിയിൽ ഉണ്ടാക്കുന്ന കുഴലപ്പം, അച്ചപ്പം, അവലോസ് പൊടി അവലോസുണ്ട, കായ, ബീറ്റ്റൂട്ട്, ചേമ്പ്, കപ്പ, ഇടിയൻ ചക്ക, കടചക്ക ചിപ്സുകൾ, ഉരുളൻ കിഴങ്ങ്, കുവപ്പൊടി ചേർത്ത് വറുത്തത്, ചക്ക വിഭവങ്ങൾ, ഗോതമ്പുപൊടി നാളികേരപ്പാൽ, പനംകൽക്കണ്ടം എന്നിവ ചേർത്ത് ഷുഗർ രോഗികൾക്കു കഴിക്കാവുന്നതരത്തിലുള്ള ഹൽവ. വിവിധ തരം കേക്കുകൾ എന്നിങ്ങനെ അമ്പതിൽപരം വ്യത്യസ്ത രുചിയുള്ള പലഹാരങ്ങളും കൂർക്ക, കടുമാങ്ങ, വാഴപ്പിണ്ടി, നാരങ്ങ തുടങ്ങി ഇരുപതിൽപരം അച്ചാറുകളും അശ്വതി ഹോട്ട് ചിപ്സിൽ ലഭ്യമാണ്. പ്രിസർവേറ്റീവ് ഒന്നും തന്നെചേർക്കാതെയുണ്ടാക്കുന്ന വിഭവങ്ങൾക്ക് ആവശ്യക്കാർ ഏറെയുണ്ട്. നൽകുന്ന ഉത്പന്നത്തിന്റെ മേന്മ തന്നെയാണ് ഉപഭോക്താക്കളെ ആകർഷിക്കുന്ന ഘടകം. അതിലൂടെ ലഭിക്കുന്ന വിശ്വാസമാണ് മുന്നോട്ടു നയിക്കുന്നതിനുള്ള പ്രധാന ഊർജ്ജം എന്നാണ് ഇളവരശി പറയുന്നത്. നേരിട്ടുള്ള വിൽപനയ്ക്കു പുറമേ ഓൺലൈൻ വില്പനയും നടക്കുന്നുണ്ട്. കാനഡ ,അമേരിക്ക ,ഖത്തർ, ന്യൂസിലാൻഡ്, സിംഗപ്പൂർ എന്നിങ്ങനെ വിദേശരാജ്യങ്ങളിലേക്കും അശ്വതി ഹോട്ട് ചിപ്സുകളും, അച്ചാറുകളും കയറ്റുമതി ചെയ്യുന്നുണ്ട്.

ഇതിനോടകം നിരവധി പുരസ്കാരങ്ങളും ഇളവരശിയെ തേടിയെത്തിയിട്ടുണ്ട് . 2018ൽ യുഎസിലെ ഇന്റർനാഷണൽ കൗൺസിലിൽ നിന്നും ഇന്ത്യയിലെ ഏറ്റവും നല്ല വനിത സംരംഭകയ്ക്കുള്ള അവാർഡ് ലഭിച്ചു. 2018ൽ തന്നെ കേരളത്തിലെ ഏറ്റവും നല്ല വനിതാസംരംഭകയ്ക്കുള്ള അവാർഡും ലഭിച്ചു. 2019 ൽ ബ്രിട്ടണിലെ കിംസ് യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ്, അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ പാചകറാണി പുരസ്കാരം ഉൾപ്പെടെ ചെറുതും വലുതുമായ 200ൽപരം പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ഭർത്താവ് ജയകാന്തൻ അശ്വതി ഹോട്ട് ചിപ്സിന്റെ പ്രവർത്തനങ്ങളിൽ മുൻപന്തിയിലുണ്ട്. മക്കളായ ഹൃതുൽ ജയകാന്തും, അശ്വിൻ ജയകാന്തും പഠനത്തോടൊപ്പം തന്നെ സംരംഭത്തിൽ സഹായികളാണ്. സംരംഭക സ്വപ്നങ്ങൾ മനസ്സിലുള്ളവർക്ക് മാതൃകയും പ്രചോദനവുമാണ് ഇളവരശി. തിരിച്ചറിവുകൾ ഉണ്ടാകുന്നത് വീഴ്ചകളിലൂടെയാണ്. ആത്മവിശ്വാസവും കഠിനാധ്വാനവും വിജയത്തിലേക്ക് നയിക്കുമെന്നും ഇവർ പറയുന്നു. ■

17





ഡോ. ബൈജു നെടുങ്കേരി

# ഫ്രൂട്ട് പോപ്സിക്കിൾസ്

കേരളത്തിൽ സംരംഭക വർഷാചരണം സാമൂഹിക മുന്നേറ്റമായി മാറിക്കഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സാമൂഹിക പ്രസ്ഥാനങ്ങളും സഹകരണ ബാങ്കുകളുമെല്ലാം വ്യവസായ വകുപ്പിനോട് ചേർന്ന് നിന്നുകൊണ്ട് പുതിയ സംരംഭകത്വ ആവാസ വ്യവസ്ഥ രൂപപ്പെടുത്തുന്നതിന് ക്രിയാത്മകമായി പ്രവർത്തിച്ച് വരുകയാണ്. ഈ വ്യവസായിക മുന്നേറ്റം തുടർന്നാൽ നമ്മുടെ നാട്ടിൽ നിന്ന് യുവജനങ്ങൾ തൊഴിൽ നേടി അന്യനാടുകളിലേക്ക് ചേക്കേറുന്നതിന് പകരം കേരളത്തിൽ തന്നെ അവസരങ്ങൾ ലഭ്യമാകും.തൊഴിൽ അന്വേഷകരെ തൊഴിൽ ദാതാക്കളായി രൂപപ്പെടുത്താൻ കഴിയുന്നു എന്നുള്ളത് കേരളം കണ്ട വലിയ മാറ്റമാണ്.

ചെറുകിട ഉൽപ്പാദന യൂണിറ്റുകൾക്ക് കേരളത്തിൽ വലിയ അവസരവും വിപണിയുമുണ്ട് എന്നുള്ളത് നാം തിരിച്ചറിയേണ്ട കാര്യമാണ്. ദൈനം ദിന ജീവിതത്തിന്റെ ഭാഗമായതും അന്യനാടുകളിൽ ഉൽപാദിപ്പിച്ച് നമ്മുടെ നാട്ടിലേക്കെത്തുന്നതും നമ്മുടെ നാട്ടിൽ തന്നെ ഉൽപാദിപ്പിക്കാൻ കഴിയുന്നതുമായ നിരവധി ഉൽപ്പന്നങ്ങളുണ്ട്. കുറഞ്ഞ മുതൽമുടക്കിൽ ഇവയിൽ പല വ്യവസായങ്ങളും കേരളത്തിൽ തന്നെ ആരംഭിക്കാൻ കഴിയും.



ഇത് പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും കേരളത്തിന്റെ വ്യാപാര കമ്മി കുറച്ചുകൊണ്ട് വരുകയും ചെയ്യും

## പോപ്സിക്കിൾസ്

ഐസ്ക്രീമുകളും ഐസ് ക്യാൻഡികളും മധുരം കിനിയുന്ന അനുഭവമാണ്. ഇന്നത്തെ മുതിർന്നവരുടെ ചെറുപ്പകാലത്ത് ഗ്രാമ പ്രദേശങ്ങളിലും സ്കൂൾ പരിസരങ്ങളിലും ലഭിച്ചിരുന്ന സ്റ്റിക്ക് ഐസ് ഇന്ന് പോപ്സിക്കിൾസ് എന്ന പേരിൽ പഴച്ചാറുകൾ ചേർത്ത് ലഭ്യമായി തുടങ്ങി. വിവിധയിനം പഴച്ചാറുകൾ ചേർത്ത് വ്യത്യസ്ഥരുചികളാൽ രൂപപ്പെടുത്തിയ പോപ്സിക്കിൾസ് മാത്രം വിൽക്കാൻ നഗരങ്ങളിൽ പ്രത്യേകം ഷോപ്പുകൾ വരെ രൂപപ്പെട്ടുകഴിഞ്ഞു. ഗ്രാമപ്രദേശങ്ങളിലെ ബേക്കറികളിലും സൂപ്പർ മാർക്കറ്റുകളിലും സിനിമാ തീയേറ്ററുകളിലും പാർക്കുകളിലും വിനോദ ഇടങ്ങളിലും എല്ലാം ഇന്ന് പോപ്സിക്കിൾ മാർക്കറ്റുണ്ട്. നമ്മുടെ നാട്ടിൽ ധാരാളമായി ലഭിക്കുന്ന പൈനാപ്പിൾ, പപ്പായ, ബനാന, ചക്കപ്പഴം, മാമ്പഴം, ഷമാം, പേരയ്ക്ക തുടങ്ങിയവയിൽ നിന്നെല്ലാം പോപ്സിക്കൾസ് നിർമ്മിക്കാം. പോപ്സിക്കൾസ് നിർമ്മാണം കുറഞ്ഞ മുതൽ മുടക്കിൽ ആരംഭിക്കാവുന്ന ലാഭസംരംഭങ്ങളിൽ പെട്ട ഒന്നാണ്.

## മാർക്കറ്റിങ്

നഗരനാട്ടിൻ പുറ വിത്യാസമില്ലാതെ ബേക്കറികൾ; ഐസ്ക്രീം പാർലറുകൾ; സിനിമാ തീയേറ്ററുകൾ പലചരക്ക് കടകൾ; പാർക്കുകൾ തുടങ്ങിയ വിൽപ്പന കേന്ദ്രങ്ങളിലേക്ക് നേരിട്ടും വിതരണക്കാരെ നിയമിച്ചും എത്തിക്കാവുന്നതാണ്.

പാൽ പോലുള്ള ഫ്രോസൺ ഉൽപ്പന്നങ്ങൾ വിതരണം നടത്തുന്ന ഏജൻസികളുമായി ധാരണയിൽ ഏർപ്പെട്ടും വിപണനം നടത്താം.

## നിർമ്മാണരീതി

പഴങ്ങളിൽ നിന്നുള്ള പൾപ്പ്; കണ്ടൻസ് മിൽക്ക്; പഞ്ചസാര; വെള്ളം എന്നിവ ഉപയോഗിച്ചാണ് പോപ്സിക്കിൾസ് നിർമ്മിക്കുന്നത്. ഡൈകളിൽ ആണ് മിക്സ് നിറക്കുക. നിശ്ചിത അളവിൽ മിക്സ് തയ്യാറാക്കും. ആവശ്യമുള്ള ആകൃതി ലഭിക്കുന്നതിനായി ഡൈകളിൽ നിറച്ച് ബാംബൂ സ്റ്റിക്കും പാക്ക് ചെയ്യും . തുടർന്ന് ലോലി ടാങ്ക് മെഷീനിൽ വെച്ച് 20 മുതൽ 30 മിനിറ്റ് സമയം തണുപ്പിച്ചെടുക്കും. തുടർന്ന് റിലീസ് മെഷീനിൽ വെച്ച് പോപ്സിക്കിൾസ് വേർപ്പെടുത്തി എടുക്കും ഉടൻ തന്നെ ഹാർഡ്നർ മെഷീനിൽ വെച്ച് കട്ടയാക്കും. മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുമ്പോഴും ഉരുകി ഒലിക്കാതിരിക്കുന്നതിന് വേണ്ടിയാണ് ഹാർഡൻ ചെയ്യുന്നത്. പിന്നീട് ഫ്രീസറുകളിൽ

സൂക്ഷിക്കുകയും ഫ്രീസിംഗ് പാഡുള്ള ഐസ് ബോക്സുകളിൽ വിതരണത്തിന് കൊണ്ട് പോവുകയുമാകാം. ആകർഷകമായ പ്ലാസ്റ്റിക് കവറുകൾ ഉപയോഗിച്ച് ചെയ്യുന്നതും നല്ലതാണ്.

## പോപ്സിക്കിൾസ് കൗണ്ടറുകൾ

പോപ്സിക്കുകളും വിവിധ ഐസ്ക്രീമുകളും മാത്രമായ സ്പെഷ്യൽ ഷോപ്പുകളും നിലവിലുള്ള ഷോപ്പുകളിൽ സ്പെഷ്യൽ കൗണ്ടറുകളും തുറക്കുന്നത് ഇന്ന് സാധ്യത ഉള്ള ബിസിനസ്സ് ആണ്. ഇത്തരം ഷോപ്പുകളിൽ പോപ്സിക്കിൾ നിർമ്മാണ യന്ത്രം മാത്രമാണ് ആവശ്യം.



## സാങ്കേതികവിദ്യാ – പരിശീലനം

പോപ്സിക്കൾ നിർമ്മാണത്തിന്റെ സാങ്കേതിക പരിശീലനം അഗ്രോപാർക്കിൽ ലഭിക്കും.

0485–2999990

## മൂലധന നിക്ഷേപം

(പ്രതിദിനം 1500 പോപ്സിക്കിൾ നിർമ്മിക്കുന്നതിനുള്ള യന്ത്രങ്ങൾ)

1) പോപ്സിക്കിൾ നിർമ്മാണയന്ത്രം–145000

2) ഹാർഡ്നർ –260000

3)റിലീസിംഗ് ടാങ്ക്–30000

4)ഇതര ചിലവുകൾ –20000

ആകെ 455000

പ്രവർത്തന മൂലധനം

പ്രവർത്തന മൂലധനം –100000

പ്രവർത്തന വരവ് ചിലവ് കണക്ക്

(പ്രതിദിനം 1500 പോപ്സിക്കിൾ നിർമ്മിക്കുന്നതിന്റെ ചിലവ്)

## ചിലവ്

പഴച്ചാറുകൾ; കണ്ടൻസ് മിൽക്ക് പഞ്ചസാര; തൊഴിലാളികളുടെ വേതനം; ഇലക്ട്രിസിറ്റി ചാർജ് എന്നിവ അടക്കം ഒരു പോപ്സിക്കളിന്റെ നിർമ്മാണ ചിലവ്

1500 എണ്ണം *7.00 = 10500

## വരവ്

(പ്രതിദിനം 1500 പോപ്സിക്കിൾ വിൽക്കുമ്പോൾ ലഭിക്കുന്നത് )

MRP: 20.00

വിതരണക്കാരുടെ കമ്മീഷൻ കിഴിച്ച് ഉൽപ്പാദകന് ലഭിക്കുന്നത് –15.00

1500 എണ്ണം*15.00=22500

## ലാഭം

22500 – 10500= 12000

ലൈസൻസുകൾ–സബ്സിഡി

ഉദ്യം രജിസ്ട്രേഷൻ; ഭക്ഷ്യസുരക്ഷ വിഭാഗത്തിന്റെ ലൈസൻസ്; പാക്കിങ് ലൈസൻസ്; ഗുഡ്സ് ആൻഡ് സർവീസ് ടാക്സ് എന്നിവ നേടി വ്യവസായം ആരംഭിക്കാം.വ്യവസായിക പദ്ധതിക്ക് ആനുപാതികമായി സബ്സിഡിയും വ്യവസായ വകുപ്പ് വഴി ലഭിക്കും. ■

# ആധുനിക സംരംഭകത്വ മന്ത്രങ്ങൾ



ആഷിക്ക്. കെ. പി

ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. ഗ്രാമങ്ങളെന്നും നഗരങ്ങളെന്നും വ്യത്യാസമില്ലാതെ എന്തും എവിടെയും എപ്പോഴും സാധ്യമാകുന്ന തരത്തിലേക്ക് ഉള്ള മാറ്റമാണ് ആധുനിക ലോകത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. സംരംഭകരെ സംബന്ധിച്ചിടത്തോളം ഇത്രയും അനുകൂലമായ ഘടകങ്ങൾ വേറെയില്ല. കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ട് സംരംഭം തുടങ്ങുകയും അത് നടത്തിക്കൊണ്ടു പോവുകയും ചെയ്യുമ്പോൾ പണ്ട് നാം സംരംഭകത്വത്തിൽ നേരിട്ടിരുന്ന ഒട്ടേറെ പ്രശ്നങ്ങൾ ഇല്ലാതായിത്തീരുന്നു. ഇന്ന് സംരംഭകർ വെല്ലുവിളികളെ നേരിടുന്നില്ലെന്ന് തന്നെ പറയാം. എന്നിട്ടും എന്തുകൊണ്ട് നമ്മുടെ നാട്ടിൽ സംരംഭകത്വം ഇപ്പോഴും മുഖ്യധാരയിൽ എത്തിയിട്ടില്ല എന്ന ചോദ്യം വളരെ പ്രസക്തമാണ്. നമ്മുടെ മനോഭാവവും നമ്മുടെ വിദ്യാഭ്യാസ രീതിയും നാം പിന്തുടർന്ന് പോരുന്ന ശീലങ്ങളും നമ്മെ രൂപപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥാപിത രീതികളും തന്നെയാണ് സംരംഭകത്വത്തിന് ഇന്ന് ഏറെ വെല്ലുവിളികൾ ഉയർത്തുന്നത്. ആദ്യകാലങ്ങളിൽ സാമ്പത്തികമോ സാങ്കേതികമായ ആയ പ്രശ്നങ്ങളായിരുന്നു സംരംഭകനെ അലട്ടിയിരുന്നത് എങ്കിൽ അത്തരം പ്രശ്നങ്ങൾ ഒക്കെ പരിഹരിക്കാൻ സർക്കാർ സംവിധാനങ്ങളിലൂടെയും മറ്റ് രീതികളിലൂടെയും ഇന്ന് നമുക്ക് സാധിക്കുന്നു. എന്നാൽ സാമൂഹ്യവും സാംസ്കാരികവുമായ വെല്ലുവിളികൾ നേരിടാനുള്ള പക്വത നമുക്ക് പൂർണ്ണമായി ആർജിക്കുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ജോലിയുടെ പ്രാമുഖ്യം ഇപ്പോഴും സ്വയംതൊഴിലിനോ അല്ലെങ്കിൽ സംരംഭകത്വത്തിനോ നൽകാൻ നമുക്ക് ആവുന്നില്ല.

പരാജയഭീതി തന്നെയാണ് സംരംഭകത്വം നേരിടുന്ന ഇന്നത്തെ പ്രധാന പ്രശ്നം. പരാജയങ്ങളെ സ്വീകരിക്കാനും നേരിടാനും പരാജയങ്ങളിൽ നിന്ന് പാഠം പഠിക്കാനും കഴിയുക എന്നതാണ് സംരംഭകത്വ വിജയത്തിൻെറ അടിസ്ഥാന മന്ത്രം. പലപ്പോഴും ഒരു ചെറിയ പരാജയം നമ്മെ അസ്വസ്ഥരാക്കും. സംരംഭകൻ എന്ന മോഹം ഉപേക്ഷിച്ച 100 സംരംഭകരെ കുറിച്ച് പഠനം നടത്തിയപ്പോൾ അവരിൽ ഭൂരിഭാഗവും ആദ്യ പരാജയം നേരിട്ടപ്പോൾ തന്നെ പിന്മാറിയവരായിരുന്നു എന്ന് മനസ്സിലാക്കാൻ



കഴിഞ്ഞു. ബാക്കിയുള്ള ആളുകൾ അവർക്ക് നേരിട്ട പരാജയത്തെക്കുറിച്ച് വിശദമായും ശാസ്ത്രീയമായും പഠിക്കാതെ സംരംഭം മുന്നോട്ട് കൊണ്ടുപോവുകയും പിന്നീട് തുടർച്ചയായ ഒന്നോ രണ്ടോ പരാജയങ്ങൾ വന്നപ്പോഴേക്കും സംരംഭം ഉപേക്ഷിച്ചവരും ആയിരുന്നു. അല്പം ശ്രദ്ധയും കരുതലും ക്ഷമയും ഉണ്ടെങ്കിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമായിരുന്നു എന്ന രീതിയിലാണ് ദീർഘനേരം അവരുമായി ഇടപഴകിയപ്പോൾ മനസ്സിലായത്.

സംരംഭങ്ങൾ തുടങ്ങുമ്പോൾ തന്നെ എത്ര ചെറിയ സംരംഭം ആയാലും ശാസ്ത്രീയമായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടു കൊണ്ടുപോകാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രൊഫഷണൽ ആയി സംരംഭകത്വ പ്രവർത്തനങ്ങൾ നടത്തുന്നത് എങ്ങനെ എന്ന് നോക്കാം.

ആശയം കണ്ടെത്തൽ —ദീർഘമായ വിലയിരുത്തൽ — ആശയം നിർവചിക്കൽ — അവസരം ആക്കി മാറ്റൽ— സാധ്യത പഠനം —പ്രോജക്ട് റിപ്പോർട്ട് —ചെറിയ തുടക്കം —നിരീക്ഷണ ഘട്ടം —വ്യാപാരം തുടങ്ങൽ

മുകളിൽ പറഞ്ഞ ഓരോ ഘട്ടങ്ങളും വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. പലപ്പോഴും ഇത്തരം ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കാതെ മറ്റാരുടെയെങ്കിലും നിർബന്ധത്തിലോ പ്രേരണയാലോ സ്വാധീനത്താലോ ആണ് മിക്ക ആളുകളും സംരംഭകരായി മാറുന്നത്. വലിയ ആത്മവിശ്വാസവും സംരംഭ വിജയത്തിന് അനുകൂല ഘടകമല്ല എന്നതാണ് യാഥാർത്ഥ്യം. സംരംഭകൻ പരാജയ ഭീതിയുള്ളവൻ ആയിരിക്കണം. അപ്പോഴേ സൂക്ഷ്മതയും ശാസ്ത്രീയതയും സംരംഭകത്വ പ്രവർത്തനങ്ങളിൽ ഉണ്ടാവുകയുള്ളൂ. മൂലധന നിക്ഷേപത്തിലും അങ്ങനെ തന്നെയാവണം. എത്രയൊക്കെ മൂലധനം ലഭിക്കാൻ സാഹചര്യമുണ്ടോ അത് മുഴുവൻ വാങ്ങിക്കൂട്ടി തൻറെ സംരംഭത്തിന് മുതൽക്കൂട്ടാക്കാം എന്ന ധാരണ അബദ്ധമാണ്. ആദ്യം പണം സ്വീകരിക്കാം പിന്നീട് കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാം എന്ന് ചിന്തിക്കുന്ന ധാരാളം സംരംഭകരുണ്ട്. വലിയ തകർച്ചയാണ് ഇവർക്ക് പിന്നീട് നേരിടേണ്ടി വരിക . കൂടുതൽ മൂലധനം ലഭിച്ച ബിസിനസ് മെച്ചപ്പെടണം എന്നില്ല. എപ്പോഴും സ്വന്തം മൂലധനം ഉണ്ടെങ്കിൽ അത്

തന്നെയാണ് ഉത്തമം. അല്ലെങ്കിൽ കൃത്യമായ സാമ്പത്തിക ആസൂത്രണത്തിലൂടെ ഏറ്റവും ഉചിതമായ രീതിയിലുള്ള വായ്പ മാർഗങ്ങൾ തേടാവുന്നതാണ്. പണ ലഭ്യതയോ സംരംഭകരാകാനുള്ള തീഷ്ണമായ ആഗ്രഹമോ മാത്രമല്ല സംരംഭകത്വത്തിലേക്ക് നയിക്കേണ്ടത്. മറിച്ച്, സംരംഭക പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടത്തുമ്പോഴാണ് ഒരു സംരംഭകന് സംരംഭകത്വ വിജയം കരസ്ഥമാക്കാൻ കഴിയുക.

സംരംഭകർ - സംരംഭകത്വം -സംരംഭം എന്നതാണ് യഥാർത്ഥ വഴി . ഇവിടെ സംരംഭകൻ, സംരംഭം എന്നതിനേക്കാൾ പ്രാധാന്യം സംരംഭകത്വം എന്നതിനാണ്. സംരംഭകത്വം എന്നാൽ ശാസ്ത്രീയ സംരംഭകത്വ പ്രവർത്തനങ്ങൾ ആണ് . സംരംഭകൻ ആവാൻ നമുക്ക് കഴിയും. മോഹങ്ങളും അവസരങ്ങളും ഉണ്ടാക്കിയാൽ സംരംഭകരെ സൃഷ്ടിച്ചെടുക്കാൻ കഴിയും. അതിനോടൊപ്പം സംരംഭകത്വ മനസ്സ് ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കാലഘട്ടത്തിൻറെ അനിവാര്യതയാണത്. എന്നാൽ സംരംഭകത്വ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കാതെ സംരംഭകരെ നേരിട്ട് സംരംഭം തുടങ്ങാൻ പ്രേരിപ്പിച്ചാൽ തുടക്കത്തിലേ പരാജയം ആയിരിക്കും ഫലം. സ്റ്റാർട്ടപ്പുകൾ പലതും പരാജയത്തിൽ ആവുന്നതിന്റെ കാരണം അതാണ്. ഒരു നല്ല സംരംഭക സ്വപ്നവുമായി വരുന്നയാൾ സംരംഭകത്വ പ്രവർത്തനങ്ങൾ തീർച്ചയായും അറിയേണ്ടതും ഘട്ടം ഘട്ടമായി അതിലൂടെ കടന്നു പോവുകയും വേണം.

ആശയത്തെ അവസരമാക്കി മാറ്റാനുള്ള ശാസ്ത്രീയമായ പഠനം നടത്തേണ്ടതുണ്ട്. എന്താണ് തൻറെ സ്വപ്നം എന്നും അത് എങ്ങനെയാണ് ഒരു മൂർത്തമായ അവസരമായി മാറ്റുക എന്നും അയാൾ ശാസ്ത്രീയമായി അവലോകനം നടത്തേണ്ടതുണ്ട് . അങ്ങനെ ദീർഘമായ ആശയ പഠനം, (നേട്ടങ്ങളെയും കോട്ടങ്ങളെയും അവസരങ്ങളെയും ഭാവിയിൽ നേരിടാവുന്ന വെല്ലുവിളികളെയും കുറിച്ച്) നടത്തിയാൽ പിന്നീട് അത്തരം ആശയത്തിന് ഒരു വ്യക്തത വരുന്നതാണ്. അതായിരിക്കണം അയാളുടെ ബിസിനസ് മോഡൽ. അതുകഴിഞ്ഞാൽ പിന്നീട് സാധ്യത പഠനം അഥവാ ഫീസിബിലിറ്റി സ്റ്റഡി നടത്തേണ്ടതാണ്. തന്റെ ആശയം ഒരു യാഥാർത്ഥ്യമാക്കി മാറ്റുമ്പോൾ അതിന്റെ പ്രായോഗികത എത്രമാത്രമാണ് എന്ന് സാധ്യത പഠനത്തിലൂടെ സംരംഭകന് മനസ്സിലാക്കാൻ കഴിയും. സാധ്യത പഠനം എല്ലാ തലങ്ങളിലും നടത്തേണ്ടതുണ്ട്.

സാങ്കേതിക പഠനം ,പാരിസ്ഥിതിക പഠനം, സാമ്പത്തിക പഠനം ,വിപണന പഠനം, സംഘടനാപരമായ പഠനം എന്നിവയൊക്കെ സാധ്യത പഠനത്തിൻറെ വിവിധ ഭാഗങ്ങളാണ് ഓരോ തരത്തിലും സൂക്ഷ്മവും സ്ഥൂലവുമായ ഘടകങ്ങൾ ഇഴകീറി പരിശോധിച്ചു ഓരോന്നിന്റെയും സാധ്യതകൾ, പ്രശ്നങ്ങൾ, ആധികാരികത എന്നിവ പഠനവിധേയമാക്കുമ്പോഴാണ് നമ്മുടെ ആശയം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമോ ഇല്ലയോ എന്ന് മനസ്സിലാവുക. ഏറെക്കുറെ സാധ്യത പഠനത്തിലൂടെ നമ്മുടെ സംരംഭക പ്രവർത്തനങ്ങളുടെ പ്രധാന ഭാഗം പൂർത്തിയാക്കാൻ കഴിയും. ശുഭകരമാണ് പഠനത്തിലൂടെ കഴിയുന്നത് എങ്കിൽ സംരംഭക പ്രവർത്തനവുമായി മുന്നോട്ടു പോകാം. അല്ലെങ്കിൽ വിശദമായ പഠനം വീണ്ടും നടത്തണം. ധൃതിപ്പെട്ട് തീരുമാനമെടുക്കരുത്. ഓരോ ഘടകങ്ങളും വളരെ പ്രാധാന്യം അറിയിക്കുന്നു എന്ന് നേരത്തെ പറഞ്ഞതിൽ നിന്ന് മനസ്സിലാകുമല്ലോ .

സാങ്കേതിക പഠനത്തിൽ ഉൽപാദനപ്രക്രിയകൾ, യന്ത്രസാമഗ്രികൾ, അവയുടെ ലഭ്യത , റിപ്പയറിങ്, നമ്മുടെ ശേഷി, അടിസ്ഥാന സൗകര്യങ്ങൾ, സംവിധാനങ്ങൾ, സാങ്കേതിക മേഖലയിലുള്ള പുതിയ കണ്ടുപിടിത്തങ്ങൾ എന്നിവയൊക്കെ കൃത്യമായി അറിയേണ്ടതുണ്ട്. വിപണി പഠനത്തിലും



ഉൽപ്പന്നത്തെക്കുറിച്ചും അതിന്റെ വിപണന സാധ്യതകളെക്കുറിച്ചും അറിയുന്നതിനപ്പുറം വിപണിയിലെ നിലവിലെ അവസ്ഥ, കിടമത്സരക്കാരെ കുറിച്ച് , ട്രെൻഡ്, ഡിമാൻഡ്, ഉപഭോക്താക്കളുടെ ആവശ്യം, വിൽപ്പന വർധിപ്പിക്കാനുള്ള തന്ത്രങ്ങൾ എന്നിവയൊക്കെ പഠനവിധേയമാക്കണം.

മൂന്നാമതായി സംഘടനപരമായ സാധ്യത പഠനത്തിൽ സ്ഥാപനത്തിന് കൃത്യമായ ഫ്രെയിം വർക്കിന് വേണ്ട ജോലികൾ, നൈപുണികൾ ഉദ്യോഗസ്ഥ സ്ഥാനങ്ങൾ, ഉദ്യോഗാർത്ഥികളുടെ എണ്ണം, അവരുടെ നിയമനങ്ങൾ ഒക്കെ ഉൾപ്പെടുത്തേണ്ടതാണ് . പല സ്ഥാപനങ്ങളിലും പിന്നീട് തൊഴിൽ പ്രശ്നങ്ങളും ചിലവ് കൂടുന്നതും ഒക്കെ സംഘടനാപരമായ പഠനത്തിലെ അശാസ്ത്രീയതയാണ്.

അടുത്തതായി സാമ്പത്തിക പഠനം നടത്തേണ്ടതുണ്ട്. എത്ര മൂലധനം ആവശ്യമായിവരും, സ്വന്തം കയ്യിൽ എത്രയുണ്ട്, ബാക്കി എവിടെ നിന്നൊക്കെ സമാഹരിക്കാൻ കഴിയും, ഓരോന്നിന്റെയും പലിശ, തിരിച്ചടവ്, ബാധ്യത, സ്ഥിര മൂലധനം എത്ര വേണം, പ്രവർത്തന മൂലധനം എത്ര, പേബാക്ക് പിരീഡ് എത്ര, ലാഭകരമാവാൻ എത്ര സമയം വേണം തുടങ്ങി സാമ്പത്തികമായ എല്ലാ കാര്യങ്ങളെക്കുറിച്ചുംപഠനം നടത്തേണ്ടതുണ്ട്. അതോടൊപ്പം തന്നെ നമ്മുടെ ബിസിനസിനെ സ്വാധീനിക്കുന്ന രാഷ്ട്രീയ പാരിസ്ഥിതിക നയാമിക ഘടകങ്ങളെ കുറിച്ചും പഠിക്കേണ്ടതുണ്ട് . ഇങ്ങനെ വിശദമായ സാധ്യത പഠനത്തിന് ശേഷം മാത്രമേ ഒരു നല്ല പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ പാടുള്ളൂ.

**ആധുനിക സംരംഭകൻ മാറ്റങ്ങളുടെ വക്താവാണ്. പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാനുള്ള മാർഗങ്ങൾ കണ്ടെത്തുന്നയാൾ. അതിലൂടെ സാമൂഹ്യ ഉത്തരവാദിത്വവും നവീന വൽക്കരണവും നടത്തുന്നയാൾ.**



ആധുനിക സംരംഭകൻ മാറ്റങ്ങളുടെ വക്താവാണ്. പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാനുള്ള മാർഗങ്ങൾ കണ്ടെത്തുന്ന യാൾ. അതിലൂടെ സാമൂഹ്യ ഉത്തരവാദിത്വവും നവീനവൽക്കരണവും നടത്തുന്നയാൾ. പുതിയ ഉൽപ്പന്നങ്ങളും സേവന വിതരണ മാർഗങ്ങളും കണ്ടുപിടിച്ച് സമൂഹത്തിൽ ചലനങ്ങൾ ഉണ്ടാക്കുന്നയാൾ. എങ്ങനെ ജീവിച്ചു കാണിച്ചു കൊടുക്കാം എന്ന് മാതൃക കാണിക്കുന്നയാൾ. സമൂഹത്തിലെ തൻറെ ദൈനംദിന ജീവിതത്തിന് തടസ്സമായി നിൽക്കുന്ന ഓരോ ഘടകങ്ങളെയും പണം, തൊഴിലില്ലായ്മ, ദാരിദ്ര്യം എന്നീ വെല്ലുവിളികളെ ഒക്കെ തന്റെ ഇച്ഛാശക്തി കൊണ്ട് തരണം ചെയ്തു മുന്നേറുന്നയാൾ. ആധുനികലോകം സംരംഭകനെ കാണുന്നതും പ്രതീക്ഷിക്കുന്നതും ഇതൊക്കെയാണ് . അവസരങ്ങളെ നിരീക്ഷിച്ച്, തന്റെ സ്വപ്നസാധ്യതകളെ മനസ്സിലാക്കി, അത് പ്രാവർത്തികമാക്കാനുള്ള പ്രക്രിയയാണ് സംരംഭകത്വത്തിന്റെ പ്രഥമ തത്വം.■

(ലേഖകൻ എഴുത്തുകാരനും സംരംഭകത്വ പരിശീലകനുമാണ് )






റ്റി. എസ്. ചന്ദ്രൻ

# ആരോഗ്യ ഭക്ഷണം; കടൽ കടക്കുന്ന നമ്മുടെ മുരിങ്ങ ഇല

ആരോഗ്യ ഭക്ഷണമാണ് ഭക്ഷ്യ സംസ്കരണ രംഗത്ത് ഏറ്റവും നന്നായി ശോഭിക്കാവുന്ന ഒരു ബിസിനസ് മേഖല. മുരിങ്ങ ഇലയുടെ ഔഷധ ഗുണങ്ങൾ എല്ലാവർക്കും നന്നായി അറിയാം. മുരിങ്ങ ഇല വലിയ ബിസിനസ് അവസരം കൂടിയാണ് തുറന്ന് തരുന്നത്. വിദേശ വിപണിയിൽ ഉൾപ്പെടെ നന്നായി ശോഭിക്കുന്ന മുരിങ്ങ ഇല ഉപയോഗിച്ചുകൊണ്ടുള്ള നിരവധി ഉൽപന്നങ്ങളാണ് അംബിക സോമ സുന്ദരൻ ഉണ്ടാക്കുന്നത്. തൃശൂർ ജില്ലയിലെ മരോട്ടിച്ചാൽ എന്ന സ്ഥലത്ത് കാര്യാട്ട് ഡ്രൈ ഫ്രൂട്ട്സ് എന്ന പേരിലാണ് സംരംഭം പ്രവർത്തിക്കുന്നത്.




## എന്താണ് ബിസിനസ്

മുരിങ്ങ ഇല മുഖ്യ അസംസ്കൃത വസ്തുവായി ഉപയോഗിച്ചു കൊണ്ടുള്ള നിരവധി ഉൽപന്നങ്ങളാണ് അംബിക സോമസുന്ദരൻ നിർമ്മിക്കുന്നത്. മുരിങ്ങയില ഉണക്കിയത്, മുരിങ്ങ ഇല പൗഡർ, ക്യാപ്സൂൾ, മുരിങ്ങ ഇല രസം പൗഡർ, സൂപ്പ് പൗഡർ, പായസം മിക്സ്, രസം മിക്സ്, മുരിങ്ങ ഇല പുട്ടുപൊടി, അപ്പം പൊടി തുടങ്ങി 14-ൽ പരം ഉൽപന്നങ്ങളാണ് മുരിങ്ങ ഇല ആധാരമാക്കി തയ്യാർ ചെയ്ത് വിൽക്കുന്നത്. മുളപ്പിച്ച ധാന്യങ്ങളുടെ പൗഡർ മുരിങ്ങയില പൗഡറുമായി മിക്സ് ചെയ്ത് മില്ലറ്റ് മിക്സുകളും തയ്യാറാക്കി വിൽക്കുന്നു.

## പ്രവർത്തനം ഇങ്ങനെ

* മുരിങ്ങയില കർഷകരിൽ നിന്നും സ്ഥിരം സംവിധാനത്തിലൂടെ ശേഖരിക്കുന്നു. കിലോഗ്രാമിന് 30 രൂപ നിരക്കിലാണ് ഇല സംഭരിക്കുന്നത്.
* ഇല മാത്രം കൊമ്പിൽ നിന്നും വേർതിരിച്ച് എടുക്കുന്നു. ഇത് കൈകൊണ്ട് ചെയ്യുന്നു.
* പിന്നീട് നന്നായി കഴുകുന്നു.
* ശേഷം ഡ്രയറിൽ നിരത്തി ഉണക്കുന്നു. ഒന്നര ദിവസം വേണം ഒരു ബാച്ച് ഉണക്കിയെടുക്കുവാൻ.
* പോളി ഹൗസ് സംവിധാനം ഉപയോഗിച്ചും ഇല ഉണക്കിയെടുക്കുന്നു.
* ഇലയുടെ നിറം കൃത്യമായി ലഭിക്കുന്നതിന് ഡ്രയറിൽ ഉണക്കുന്നതാണ് നല്ലത്. എന്നാൽ Antioxident കൂടുതൽ ലഭിക്കുന്നത് പോളിഹൗസിൽ ഉണക്കുമ്പോഴാണ്.
* ഉണങ്ങിയ ഇല, ഇലയുടെ പൊടി എന്നിവ തനിച്ചും, മറ്റ് ധാന്യങ്ങളുമായി മിക്സ് ചെയ്തും പായ്ക്ക് ചെയ്ത് വിപണിയിൽ ഇറക്കുന്നു.

## മുരിങ്ങ ഇല സുലഭം

മുഖ്യ അസംസ്കൃത വസ്തുവായ മുരിങ്ങയില സുലഭമായി ലഭിക്കുക എന്നത് വലിയ വെല്ലുവിളി യായിരുന്നു. അത് തരണം ചെയ്യാൻ സമീപപ്ര

ദേശങ്ങളിലെ കുടുംബങ്ങളിൽ വീടിനോട് ചേർന്നും, തോട്ടങ്ങൾ പ്രത്യേകമായും കൃഷിചെയ്യാൻ തുടങ്ങി.

തൃശൂർ ജില്ലയിലെ സമീപ പ്രദേശത്തെ 4 പഞ്ചായത്തുകളിലെ കർഷകർക്ക് മുരിങ്ങയില തൈകൾ വിതരണം നടത്തി. അതും സൗജന്യമായി. നടത്തറ, മടക്കത്തറ, പാണാശേരി, പുത്തൂർ എന്നീ പഞ്ചായത്തുകളിലാണ് ഇങ്ങനെ വിതരണം നടത്തിയത്. മുരിങ്ങ ശാസ്ത്രീയമായി വളർത്തേണ്ട രീതിയും വെട്ടേണ്ട രീതിയും നന്നായി പഠിപ്പിച്ചു. മുരിങ്ങ ഇലയിൽ റിസേർച്ച് നടത്തിയ കാർഷിക സർവകലാശാലയിലെ ഡോ. അനിതയുടെ നേതൃത്വത്തിലാണ് ഇത്തരം പ്രവൃത്തികൾ നടത്തിയത്. ഓരോ പഞ്ചായത്തിലേയും 250 പേർക്ക് വീതമാണ് പരിശീലനം നൽകിയതും, തൈകൾ വിതരണം നടത്തിയതും. മികച്ച വിള ലഭിക്കുകയും ചെയ്തു.

**യു.എ.ഇ ഉൾപെടെയുള്ള അറബ് രാജ്യങ്ങളിലേക്കാണ് ഇപ്പോൾ കയറ്റുമതി ചെയ്യുന്നത്. നേരിട്ട് കയറ്റുമതി ചെയ്തു വരുന്നു. പ്രദേശത്തെ ഒരു എഫ്. പി. ഒ വഴിയും ഉൽപന്നം കയറ്റുമതി ചെയ്യുന്നു. മുരിങ്ങയില പൗഡർ ചേർത്ത് നല്ല പച്ചക്കളറിലുള്ള അരിപ്പൊടി (പുട്ടുപൊടി) യാണ് പ്രധാനമായും കയറ്റുമതി ചെയ്യുന്നത്.**



ഇപ്പോൾ സുലഭമായിത്തന്നെ മുരിങ്ങ ഇല ലഭിക്കുന്നു. കിലോഗ്രാമിന് 30 രൂപ ലഭിക്കുന്നു എന്നത് കർഷകർക്കും ആശ്വാസവും പ്രതീക്ഷയും നൽകുന്നു.

തൃശൂർ സെൻട്രൽ ജയിലിൽ മാത്രം 1,000 മുരിങ്ങ തൈകൾ നട്ടു. എന്തായാലും മുരിങ്ങ ഇല വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യാനും, അവ ആവശ്യത്തിന് ലഭ്യമാക്കുന്ന സ്ഥിതി ഉണ്ടാക്കാനും കഴിഞ്ഞു.

## പ്രാദേശിക വില്പനകളും കയറ്റുമതിയും

മുരിങ്ങയില പൗഡറും മുരിങ്ങയില അസംസ്കൃത വസ്തുവായി ചേർത്തുകൊണ്ടുള്ള ഭക്ഷ്യ മിക്സുകളും നന്നായി വിൽക്കാൻ കഴിയുന്ന ഒരു സാഹചര്യം നിലനിൽക്കുന്നു. കൃഷി വകുപ്പിന്റെ ആഗ്രോ ബസാർ, ഹൈപ്പർ മാർക്കറ്റ്, ഹോർട്ടി കോർപ്പ് ഷോപ്പുകൾ, കുടുംബശ്രീ ബസാറുകൾ, കുടുംബശ്രീ ഹോം ഷോപ്പുകൾ, ഓൺലൈൻ മാർക്കറ്റ് (നേരിട്ടും അല്ലാതെയും) മുരിങ്ങയില ഉൽപന്നങ്ങൾ വിൽക്കുന്ന വിവിധ പ്രദർശൻ വിൽപന മേളകളിലും പങ്കെടുത്ത് വിൽപന ഉറപ്പാക്കുന്നു.

യു.എ.ഇ ഉൾപെടെയുള്ള അറബ് രാജ്യങ്ങളിലേക്കാണ് ഇപ്പോൾ കയറ്റുമതി ചെയ്യുന്നത്. നേരിട്ട് കയറ്റുമതി ചെയ്തു വരുന്നു. പ്രദേശത്തെ ഒരു എഫ്. പി. ഒ വഴിയും ഉൽപന്നം കയറ്റുമതി ചെയ്യുന്നു. മുരിങ്ങയില പൗഡർ ചേർത്ത് നല്ല പച്ചക്കളറിലുള്ള അരിപ്പൊടി (പുട്ടുപൊടി) യാണ് പ്രധാനമായും കയറ്റുമതി ചെയ്യുന്നത്. മുരിങ്ങയില സൂപ്പ് പൗഡറിനും നല്ല ഡിമാന്റുണ്ട്.

സൂപ്പർ മാർക്കറ്റുകളിൽ ഉൽപന്നങ്ങൾ വിൽക്കുന്നില്ല. ക്രെഡിറ്റ് വിൽപനയും നടത്തുന്നില്ല. ആരോഗ്യ ഭക്ഷണം എന്ന നിലയിൽ മികച്ച ഒരു വിപണിയാണ് ലഭിച്ചിരിക്കുന്നത്.

## 15 ലക്ഷം രൂപയുടെ നിക്ഷേപം

15 ലക്ഷം രൂപയുടെ മെഷനറി നിക്ഷേപമാണ് സ്ഥാപനത്തിലുള്ളത്. 1500 ച. അടി കെട്ടിടവും ഉണ്ട്. ഡ്രയർ, പൾവറൈസർ, പാക്കിംഗ് മെഷീനുകൾ, റോസ്റ്റർ, സ്റ്റീമർ, (ധാന്യങ്ങൾ സ്റ്റീം ചെയ്യുന്നു) ഫ്രീസറുകൾ, ഡിസ്പെൻസർ തുടങ്ങിയവയാണ് പ്രധാന മെഷിനറികൾ. കൃഷി വകുപ്പിന്റെ അഗ്രികൾച്ചർ ഇൻഫ്രാ സ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് പദ്ധതിപ്രകാരം 50% സബ്സിഡിയും പ്രധാന മെഷിനറികൾക്ക് ലഭിക്കുകയുണ്ടായി.

സ്ഥാപനത്തിൽ ആറ് സ്ഥിരം തൊഴിലാളികളും, 12 സീസണൽ തൊഴിലാളികളും ഇപ്പോൾ ജോലി ചെയ്തു വരുന്നു. സംരംഭകയായ അംബികയും



**ആരോഗ്യ ഭക്ഷണത്തിന് വലിയ സ്വീകാര്യതയാണ് സമീപഭാവിയിൽ ഉണ്ടാകാൻ പോകുന്നത്. ഫൈബർ റിച്ച് ആയിട്ടുള്ള ഭക്ഷണ സാധനങ്ങൾ നിർമ്മിച്ച് വിൽക്കാൻ ശ്രമിച്ചാൽ നല്ല നേട്ടം ഉണ്ടാക്കാം. ഒരു ഡ്രയറും, പൾവറൈസറും മാത്രം വാങ്ങിക്കൊണ്ട് ഇത്തരം ബിസിനസ് തുടക്കമിടാം.**

തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും വിരമിച്ച ഭർത്താവ് സോമസുന്ദരനും സ്ഥാപനത്തിൽ മുഴുവൻ സമയവും പ്രവർത്തിക്കുന്നു. വിതരണം, വിപണനം എന്നിവ നിയന്ത്രിക്കുന്നത് സോമസുന്ദരനാണ്.

പ്രാദേശിക വിൽപനയിൽ 30% വരെ അറ്റാദായ മാണ് ഇപ്പോൾ ലഭിക്കുന്നത്. കയറ്റുമതിയുടെ വിവരങ്ങൾ പരിശോധിച്ചിട്ടില്ല.

ഉൽപാദനം പൂർണതോതിൽ കൊണ്ടുവരിക, സ്വദേശ, വിദേശ വിപണി കൂടുതൽ വ്യാപകമാക്കുക എന്നതാണ് ഇപ്പോൾ പ്ലാൻ ചെയ്ത് വരുന്നത്.

## പുതുസംരംഭകർക്ക്

ആരോഗ്യ ഭക്ഷണത്തിന് വലിയ സ്വീകാര്യതയാണ് സമീപഭാവിയിൽ ഉണ്ടാകാൻ പോകുന്നത്. ഫൈബർ റിച്ച് ആയിട്ടുള്ള ഭക്ഷണ സാധനങ്ങൾ നിർമ്മിച്ച് വിൽക്കാൻ ശ്രമിച്ചാൽ നല്ല നേട്ടം ഉണ്ടാക്കാം. ഒരു ഡ്രയറും, പൾവറൈസറും മാത്രം വാങ്ങിക്കൊണ്ട് ഇത്തരം ബിസിനസ് തുടക്കമിടാം. 3 ലക്ഷം രൂപ മതിയാകും തുടക്കത്തിൽ. പ്രതിമാസം 3 ലക്ഷം രൂപയുടെ കുറഞ്ഞ കച്ചവടം ഉണ്ടാക്കിയെടുക്കാനായാൽ 90,000/- രൂപയെങ്കിലും ലാഭമുണ്ടാക്കാം. 3 പേർക്കെങ്കിലും തൊഴിലും നേടാം.

## വിലാസം

അംബികാ സോമസുന്ദരൻ
കാര്യാട്ട് ഡ്രൈ ഫ്രൂട്ട്സ്
മരോട്ടിച്ചാൽ. പി. ഒ
തൃശൂർ
മൊബൈൽ: 9539731501 ■

(വ്യവസായ വാണിജ്യ വകുപ്പിലെ മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)

പാർവ്വതി. ആർ. നായർ




# തുടങ്ങാം റെയർ ഹെർബ്സ് ഹബ്ബ്

നാട്ടിൻപുറം നന്മകളാൽ സമൃദ്ധം എന്നാണല്ലോ കവിമൊഴി. ഈ നന്മയിൽ ഒരുപാട് അർത്ഥതലങ്ങളുണ്ട്. സ്നേഹവും, കാരുണ്യവും, വിനയവും, അദ്ധ്വാനശീലവുമൊക്കെ ആദ്യനോട്ടത്തിൽ കാണാനാവുമെങ്കിലും അതുക്കും താഴെ ഒരു ഹരിതഭൂമികയുണ്ട്. വർണ്ണശബളവും സുഗന്ധപൂരിതവുമായ സസ്യലതാദികൾ ഒരു വശത്ത്, ആരോഗ്യസൗഖ്യം പ്രധാനം ചെയ്യുന്ന ഔഷധസസ്യങ്ങൾ മറുവശത്ത്.

സാങ്കേതിക വിജ്ഞാനം നാൾതോറും വളരുകയാണ്. എന്നാൽ അതോടൊപ്പം പഴമയെ പുൽകാനുള്ള യുവതയുടെ ആവേശവും വർദ്ധിയ്ക്കുന്നു. ഇന്നു കേരളത്തിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ചാൽ "നാടൻ ശാപ്പാട്" "വീട്ടിലെ ഊണ്" തുടങ്ങിയ ബോർഡുകൾ കാണാനാവും. ഒരു കാലത്ത് ട്രെൻഡായിരുന്ന തട്ടുദോശക്കടകൾക്കു പിന്നാലെ പൊരിച്ച കോഴിയും ചപ്പാത്തിയുമെത്തി. വീണ്ടും പുതിയ പുതിയ പരീക്ഷണങ്ങളിലൂടെ രുചിക്കൂട്ടുകൾ മാറിമറിയുന്നു. ഇപ്പോഴിതാ കഞ്ഞിയും പയറിലേക്കുമെത്തിയിരിയ്ക്കുകയാണ് ആസ്വാദകർ.

അതുപോലെയാണ് സസ്യലതാദികളുടെ കാര്യവും. വിദേശ പുഷ്പങ്ങൾക്കും

ചെടികൾക്കും പിന്നാലെയായിരുന്നു കുറെക്കാലമായി നാം. "ചെത്തിമന്ദാരം തുളസീ പിച്ചകം" എന്നിങ്ങനെയൊഴുകുന്ന പ്രശസ്തമായ ഒരു ഗാനമുണ്ട്. ഇവയൊക്കെ തമസ്കരിക്കപ്പെട്ടിടത്തു നിന്നു വീണ്ടും ഉയിർത്തെഴുന്നേൽക്കുന്നു. കുടമുല്ലയും കൊക്കരപ്പൂവും കോഴിവാലനുമൊക്കെ വീണ്ടും ഗാർഡനുകളിലേക്കെത്തുന്നു. പക്ഷെ പഴയ പല ചെടികളെയും കാണാനില്ലാത്ത അവസ്ഥയാണിന്ന്. ഉദാഹരണത്തിന് ദശപുഷ്പങ്ങൾ തന്നെയെടുക്കാം. മുക്കുറ്റി, തിരുതാളി, കറുക, വിഷ്ണുക്രാന്തി, വള്ളിയുഴിഞ്ഞ, മുയൽ ചെവിയൻ, പൂവാങ്കുറുന്നൽ, നിലപ്പന, ചെറൂള, കയ്യുന്ന്യം എന്നിവയാണ് ഈ ഗണത്തിലുള്ള പത്തു സസ്യങ്ങൾ. ഇവയിൽ കറുക മാത്രം പൂവല്ലെങ്കിലും ആ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിയ്ക്കുന്നത്. ഇവ നട്ടു വളർത്തിയാൽ ഐശ്വര്യമുണ്ടാകുമെന്നാണു വിശ്വാസം. ഇതിനു സമാനമാണ് നവരത്നങ്ങൾ. നവരത്നങ്ങളണിഞ്ഞാൽ സൗഭാഗ്യങ്ങൾ കൂടെപ്പോരുമത്രേ. സ്വർണവ്യാപാരികളും ജ്യോതിഷികളും ഈയൊരു വിശ്വാസത്തെ നന്നായി മാർക്കറ്റ് ചെയ്തതോടെ

**നവരത്നങ്ങളണിഞ്ഞാൽ സൗഭാഗ്യങ്ങൾ കൂടെപ്പോരുമത്രേ. സ്വർണവ്യാപാരികളും ജ്യോതിഷികളും ഈയൊരു വിശ്വാസത്തെ നന്നായി മാർക്കറ്റ് ചെയ്തതോടെ രത്നവ്യാപാരവും ആഭരണ വ്യാപാരവും പൊടിപൊടിച്ചു. ഇതുപോലെ തന്നെ പരിസ്ഥിതി സൗഹൃദമായ ഈ പത്തു ചെടികളെ ഒരു സെറ്റ് ആക്കി മാർക്കറ്റ് ചെയ്തുകൂടേ?**











രത്നവ്യാപാരവും ആഭരണ വ്യാപാരവും പൊടിപൊടിച്ചു. ഇതുപോലെ തന്നെ പരിസ്ഥിതി സൗഹൃദമായ ഈ പത്തു ചെടികളെ ഒരു സെറ്റ് ആക്കി മാർക്കറ്റ് ചെയ്തുകൂടേ? ആവശ്യക്കാർ ഏറെയുണ്ടെങ്കിലും ഇവയിൽ പലതും സുലഭമല്ല. ഓൺലൈൻ മാർക്കറ്റിങ്ങിൽ നിന്നും ഇവയൊക്കെ തീ വിലയ്ക്കു ലഭ്യമാണ്. ഇവയിൽ വിഷ്ണുക്രാന്തി, നിലപ്പന, തിരുതാളി ഇവയാണു ദുർല്ലഭം. മറ്റുള്ളവ തൊടികളിൽ സമൃദ്ധമാണ്. എന്നാൽ പട്ടണങ്ങളിലേയും നഗരങ്ങളിലേയും പുഷ്പപ്രേമികൾക്ക് ഇവ കിട്ടുന്നുമില്ല. ഇതുപോലെ തന്നെ നമ്മുടെ തനതു പൂക്കളായ തുമ്പ, ശംഖുപുഷ്പം തുടങ്ങിയവയ്ക്കും വേണ്ടി ആൾക്കാർ തിരക്കിനടക്കുകയാണ്. സ്ഥല പരിമിതയുള്ളവർക്ക് വള്ളിച്ചെടികളായ ശംഖുപുഷ്പവും തിരുതാളിയും ഉഴിഞ്ഞയുമൊക്കെ ചുരുങ്ങിയ ഇടങ്ങളിൽ പടർത്താവുന്ന വിധമുള്ള ക്ലൈംബിങ്ങ് ചേംബറുകളും മാർക്കറ്റു ചെയ്യാം. അവയിൽ പടർന്നു പന്തലിച്ചും പുഷ്പിച്ചും നിൽക്കുന്ന ചെടിയഴക് ഒന്നു വേറെതന്നെയാണ്. ഇന്നിപ്പോൾ പനിനീർപ്പൂക്കളുടെയും ചെത്തിയുടെയും സുവർണകാലമാണ്. ഒപ്പം വിവിധയിനം ചെമ്പരത്തികളും ഗാർഡനുകളുടെ ഹരമായി മാറുന്നു. നാടൻ പൂക്കളുടെ മാത്രം നഴ്സറികൾ ഒന്നവതരിപ്പിച്ചു നോക്കൂ. തൊടികളിലെ

**ഇഞ്ചിയുടെയും മാങ്ങയുടെ സുഗന്ധവും രുചിയും ഒരുപോലെതന്നെ ഇഞ്ചിമാങ്ങ (കുർക്കുമാ അമാഡ) ഔഷധമായും അച്ചാറായും നാം ഉപയോഗിച്ചു വന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. മഞ്ഞൾ കുടുംബത്തിൽപ്പെട്ട ഈ കിഴങ്ങുചെടിയ്ക്കും ഒരു പുനരുജ്ജീവനം ആവശ്യമാണ്.**







മുക്കുറ്റിയും തുമ്പയുമൊക്കെ തോട്ടങ്ങളിലെ ചിട്ടയുള്ള കുട്ടികളായി മാറട്ടെ.

അടുത്തത് അന്യം നിന്നുപോകുന്ന ഔഷധ സസ്യങ്ങളാണ് മേൽപറഞ്ഞവ. ദശപുഷ്പങ്ങളെല്ലാം ഔഷധക്കലവറകളാണെന്ന കാര്യം വിസ്മരിച്ചു കൊണ്ടല്ല ഈ പ്രസ്താവം. നമ്മുടെ ഗ്രാമങ്ങളിൽ ഒരു കാലത്ത് സമൃദ്ധമായിരുന്നു കച്ചോലം. സുഗന്ധവാഹിനിയായ കച്ചോലം (കൈംഫേറിയ ഗ്യാലങ്ങ) ഇഞ്ചിവർഗ്ഗത്തിൽപ്പെട്ടതാണ് ചുമയ്ക്കും പനിയ്ക്കും മുതൽ വയറിലെ രോഗങ്ങൾക്കു വരെ ഉപയോഗിച്ചു വന്നിരുന്ന ഈ ഔഷധസസ്യം ഇന്ന് ഗ്രാമങ്ങളിൽ നിന്ന് ഏതാണ്ട് അപ്രത്യക്ഷമായിക്കഴിഞ്ഞു.

ഇഞ്ചിയുടെയും മാങ്ങയുടെ സുഗന്ധവും രുചിയും ഒരുപോലെതന്നെ ഇഞ്ചിമാങ്ങ (കുർക്കുമാ അമാഡ) ഔഷധമായും അച്ചാറായും നാം ഉപയോഗിച്ചു വന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. മഞ്ഞൾ കുടുംബത്തിൽപ്പെട്ട ഈ കിഴങ്ങുചെടിയ്ക്കും ഒരു പുനരുജ്ജീവനം ആവശ്യമാണ്.

അസ്ഥിസംബന്ധമായ രോഗങ്ങൾക്കു കൺകണ്ട ഔഷധമാണ് ചങ്ങലമ്പരണ്ട. ഇതു ലേപനമായി വെച്ചു കെട്ടിയും നീരെടുത്ത് കുടിച്ചും ഒടിവു ചതവുകളുടെ അസ്വസ്ഥതകളകറ്റിയ പഴയ തലമുറ മൺമറഞ്ഞു ഒപ്പം ഈ ഔഷധസസ്യവും മറവിയിലേക്കാഴ്ന്നു.

ആന്റിഫംഗൽ പ്രോപ്പർട്ടിയുള്ള മലയിഞ്ചി എന്ന കോലിഞ്ചിയും ഇന്നു കാണാമറയത്താണ്. ഇങ്ങനെ വിസ്തൃതയിലാണ്ടുപോയ ഡസൻ കണക്കിന് ഔഷധ സസ്യങ്ങൾക്കായി പട്ടണ പ്രാന്തങ്ങളിലൊക്കെ ഓരോ ഹബ്ബ് തുടങ്ങിയാലോ? അല്പം സസ്യശാസ്ത്ര വിജ്ഞാനം കൂടി സംരംഭകനുണ്ടാവണം. ഓരോ ചെടിയുടെയും ഗുണഗണങ്ങൾ, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ കൂടി ഡിസ്പ്ലേ ചെയ്ത് ആധുനിക രീതിയിൽ തയ്യാറാക്കുന്ന നഴ്സറികൾ ഉപഭോക്താക്കൾ അംഗീകരിയ്ക്കുക തന്നെ ചെയ്യും. വംശനാശം നേരിടുന്നവയും, ഔഷധ ഗുണങ്ങൾ ഏറെയുള്ളതുമായ ഇത്തരം സസ്യജാലങ്ങൾ പുതുതലമുറ അറിയട്ടെ. അവർ അവ സ്വന്തമാക്കട്ടെ. ഇതിനുവേണ്ട പരസ്യപ്രചരണങ്ങൾ കൂടി ഉണ്ടാവണം. പരിസ്ഥിതി സൗഹൃദം ആരോഗ്യ സംരക്ഷണം എന്നിവ ഒത്തുചേർന്ന ഗ്രീൻ എൻട്രപ്രണേഴ്സിന്റെ ഇത്തരം സംരംഭങ്ങൾക്കായി കാത്തിരിയ്ക്കാം. ■




# കേരള ബ്രാന്റ് യാഥാർത്ഥ്യമാകുമ്പോൾ

ഇ. കെ. രവീന്ദ്രനാഥൻ നായർ

ബി.സി. നാലാം ശതകത്തിൽ രചിയ്ക്കപ്പെട്ട കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ ഭാരതത്തിൽ മുത്തുകൾ വിളയുന്ന പ്രദേശങ്ങളിലൊന്നായി ചൂർണ്ണിയെക്കുറിച്ച് പറയുന്നുണ്ട്. ഇതാണ് സാക്ഷാൽ പെരിയാർ. അക്കാലം മുതൽക്കെ മുത്തുകൾക്കും രത്നങ്ങൾക്കും പേരുകേട്ട നാടായിരുന്നു കേരളക്കര. പുരാതന റോമാക്കാർ സ്വർണം കൊടുത്ത് പകരം മുത്തുകളും രത്നങ്ങളും വാങ്ങിയിരുന്നതായി പ്രാചീന രേഖകളിൽ കാണുന്നു. പെരിയാറിന്റെ തീരത്തായിരുന്നുവല്ലോ നമ്മുടെ ആദിമകാലത്തെ ഏറ്റവും വലിയ തുറമുഖമായിരുന്ന കൊടുങ്ങല്ലൂർ (മുസ്സിരിസ്) സ്ഥിതി ചെയ്തിരുന്നത്. യവനരേഖകളിലും, ചൈനീസ് വിവരണങ്ങളിലും, അറബികളുടെ കുറിപ്പുകളിലും കേരളക്കരയുമായുള്ള പ്രാചീനകാല വ്യാപാരങ്ങളെപ്പറ്റി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

എ. ഡി. 45-ൽ ഈജിപ്ഷ്യൻ നാവികനായ ഹിപ്പാലസ് ചരിത്രത്തിൽ ഒരു യുഗം സൃഷ്ടിക്കുകയായിരുന്നു. തെക്കു പടിഞ്ഞാറൻ കാലവർഷക്കാറ്റിന്റെ ഗതി കണ്ടെത്തിയത് അദ്ദേഹമാണ്. അതോടെ പേർഷ്യൻ ഉൾക്കടലിൽ നിന്നും മുസ്സിരിസ്സിലേക്കുള്ള നേരിട്ടുള്ള സമുദ്രസഞ്ചാരം സാധ്യമായി. അതിനു മുമ്പു വരെ നാവികർ മുസ്സിരിസ്സിലേക്കെന്ന ലക്ഷ്യത്തോടെ തിരിച്ചിരുന്നുവെങ്കിലും പലപ്പോഴും മറ്റു തീരങ്ങളിൽ അണഞ്ഞിരുന്നു. ഇവിടുത്തെ സുഗന്ധ വ്യഞ്ജനങ്ങളാണ് വിദേശികളെ ഇവിടേയ്ക്ക് ആകർഷിച്ച പ്രധാന ഘടകം. കുരുമുളക്,

ഏലം, കറുവപ്പട്ട, ചുക്ക് തുടങ്ങിയവയായിരുന്നു ഇവയിൽ പ്രമുഖം.

ഇവ കൂടാതെ അസുലഭമായി ചിലതരം തടികളും കേരളത്തിലെ നിബിഢ വനങ്ങളിൽ ഉണ്ടായിരുന്നു. ക്രിസ്തുവർഷത്തിനു വളരെ നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ കേരളത്തിലെ തേക്കിൻ തടികൾ വിദേശങ്ങളിലേയ്ക്ക് വലിയ ഉരുക്കളിൽ കൊണ്ടുപോയിരുന്നു. ഇത്തരം ഒരു ഉരുവായിരുന്നു ന്യൂഡൽഹിയിൽ നടന്ന അന്തർദേശീയ വ്യാപാരമേളയിൽ സംസ്ഥാന വ്യവസായ വകുപ്പ് പ്രദർശിപ്പിച്ചിരുന്നത്. ട്രഫാൾ യുദ്ധത്തിൽ പങ്കെടുക്കുകയും നെൽസൺ എന്ന ഭരണാധികാരിയ്ക്കു വിജയം സമ്മാനിക്കുകയും ചെയ്ത കപ്പലുകൾ നിർമ്മിച്ചത് കേരളത്തിൽ നിന്നുള്ള തേക്കിൻ കാതൽ കൊണ്ടായിരുന്നുവത്രേ. ഊർ നഗരങ്ങളിൽ നിന്നു കണ്ടെടുത്ത അവശിഷ്ടങ്ങളിലെ തേക്കിൻ പലകകൾ ഇതിനു തെളിവായി ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നു.

പോർച്ചുഗീസുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ തുടങ്ങിയ യൂറോപ്യൻ ശക്തികളെ ആധുനിക കാലത്ത് കേരളത്തിലേക്കാകർഷിച്ചത് സുഗന്ധവ്യഞ്ജനപ്പെരുമ തന്നെയായിരുന്നു. മറ്റേതെങ്കിലുമൊരു ഭൂവിഭാഗത്തിന് ഇത്തരമൊരു വാണിജ്യപ്പെരുമ ചരിത്രാതീതകാലം മുതൽക്ക് നിലനിർത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. ഈയൊരു അടിത്തറയാണ് കേരള വ്യവസായ വകുപ്പ് സൃഷ്ടിക്കുന്ന കേരള ബ്രാന്റിനുള്ളത്.

**എല്ലാ ഉപഭോക്താക്കളും ഉൽപന്നങ്ങൾ തെരഞ്ഞെടുക്കുന്നത് മൂന്നു മാനദണ്ഡങ്ങൾ അനുസരിച്ചാണ്. ഒന്ന് അത് നിർമ്മിച്ച കമ്പനിയുടെ സൽപ്പേര്, രണ്ട് ആ ഉൽപന്നത്തെക്കുറിച്ച് പൊതുവായി ലഭിച്ച അഭിപ്രായങ്ങൾ, മൂന്ന് സ്വന്തം അനുഭവത്തിൽ നിന്നെടുത്ത തീരുമാനം.**

ഓരോ രാജ്യവും തങ്ങളുടെ ഉൽപന്നങ്ങൾക്കൊപ്പം അതെവിടെ നിർമ്മിച്ചു എന്നു രേഖപ്പെടുത്തിയ ആവരണവും പുറത്തിറക്കാറുണ്ട്. "ഉണ്ണിയെ കണ്ടാൽ അറിയാം ഊരിലെ പഞ്ഞം"







എന്നൊരു ചൊല്ലുണ്ടല്ലോ. എല്ലാ ഉപഭോക്താക്കളും ഉൽപന്നങ്ങൾ തെരഞ്ഞെടുക്കുന്നത് മൂന്നു മാനദണ്ഡങ്ങൾ അനുസരിച്ചാണ്. ഒന്ന് അത് നിർമ്മിച്ച കമ്പനിയുടെ സൽപ്പേര്, രണ്ട് ആ ഉൽപന്നത്തെക്കുറിച്ച് പൊതുവായി ലഭിച്ച അഭിപ്രായങ്ങൾ, മൂന്ന് സ്വന്തം അനുഭവത്തിൽ നിന്നെടുത്ത തീരുമാനം. ദേശീയ വിപണികളിലേക്ക് ഒരു സംസ്ഥാനത്തിന്റെ ഉൽപന്നമായും അന്തർദേശീയ വിപണികളിൽ ഒരു രാജ്യത്തിന്റെ ഉൽപന്നമായും പരിചയപ്പെടുത്തുന്നവയുടെ കാര്യത്തിൽ രണ്ട് പ്രധാന കാര്യങ്ങളാണ് ശ്രദ്ധിക്കാനുള്ളത്. ഒന്ന് ഗുണമേന്മ, രണ്ട് അതിന്റെ പ്രസന്റേഷൻ. ആകർഷണീയമായ പാക്കിങ്ങിനെയാണിവിടെ പ്രസന്റേഷൻ എന്നതുകൊണ്ട് ഉദ്ദേശിയ്ക്കുന്നത്. ഇതു കൂടാതെ ഷോറൂമുകളിൽ ഇവ ഉപഭോക്താക്കൾക്കായി ഡിസ്പ്ലേ ചെയ്യുന്നതിനെയും പ്രസന്റേഷൻ എന്നു പറയാറുണ്ട്. പണ്ടു പറയും വിലയാണ് ഒരു പ്രധാന ഘടകമെന്ന്. പത്തു രൂപയ്ക്കു മൂന്നു കിട്ടുന്നതും പത്തു കിട്ടുന്നതും എടുക്കുമ്പോൾ രണ്ടാമത്തേതിനാവും ഏറെ ഡിമാന്റ് എന്നായിരുന്നു പഴയ പ്രമാണം. ഇന്ന് ആ രീതി

പൂർണമായും മാറി. വില തുച്ഛം എന്നതിൽ നിന്ന് മാറി ഗുണം മെച്ചം എന്നതിലേയ്ക്കായി കൺസ്യൂമേഴ്സ് ഫോക്കസ്. അത്തരത്തിൽ നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്കു മാത്രമേ നിലനിൽപ്പുള്ളൂ. സ്ഥാപനങ്ങൾക്കും.

സംരംഭകരും കേരള ബ്രാന്റിനെ ഒരു വെല്ലുവിളിയായി വേണം ഏറ്റെടുക്കാൻ. നമ്മുടെ സംസ്ഥാനത്തിന്റെ യശസ്സ് ഉയർത്തുംവിധം വേണം ഉൽപന്നങ്ങൾ പുറത്തിറക്കാൻ. സത്പേരിന്റെ ട്രാക്കിൽ ഒരു തവണ കയറിയാൽപ്പിന്നെ ഉൽപന്നങ്ങൾ സ്വയം ചലിച്ചുകൊള്ളും. ഉപഭോക്താക്കൾ അവയെ തേടിയെത്തുക തന്നെ ചെയ്യും. ഗുണമേന്മയിൽ വിട്ടുവീഴ്ചയുണ്ടായാൽ ഉൽപന്നം ഔട്ടും ആകുമെന്നോർക്കുക. ആയതിനാൽ ബ്രാന്റ് ഇമേജ് കാത്തു സൂക്ഷിയ്ക്കാൻ ഓരോ ഉൽപാദകനും ശ്രദ്ധാലുക്കളാവണം.



ഇപ്പോൾ വോക്കൽ ഫോർ ലോക്കൽ ടു ഗ്ലോബൽ എന്നതാണല്ലോ ആപ്തവാക്യം. പ്രാദേശികമായി വിപണനം നടത്തപ്പെടുകയും പിന്നീട് ഗുണമേന്മയാലും ഉൽപന്നത്തിന്റെ പ്രത്യേകതകളാലും സംസ്ഥാനതലത്തിലും ദേശീയതലത്തിലും ആഗോളതലത്തിലും വരെ ശ്രദ്ധിക്കപ്പെട്ട നിരവധി ഉൽപന്നങ്ങളുണ്ട്. ആറന്മുള കണ്ണാടിയും, ബാലരാമപുരം, കൂത്താമ്പള്ളി കൈത്തറിയുമൊക്കെ ചില ഉദാഹരണങ്ങൾ മാത്രം. ഇവയുടെ യശസ്സ് തകർക്കാനായി ചില വിരുതന്മാർ വ്യാജ ഉൽപന്നങ്ങൾ വിപണിയിലിറക്കി ആശയക്കുഴപ്പങ്ങൾ സൃഷ്ടിച്ചത് ഇത്തരുണത്തിൽ ഓർത്തു പോകുന്നു. എന്തു തന്നെയായാലും ഗുണമേന്മയുള്ള ഉൽപന്നങ്ങൾ നിലനിൽക്കും. കേരള ബ്രാന്റ് വരുമ്പോൾ ഇത്തരം വ്യാജന്മാർ തന്നെ ഔട്ടാകും. മറ്റൊരു സംസ്ഥാനത്തിനും തോന്നാത്ത ഒരു മഹിതാശയമാണ് നമ്മുടെ സ്വന്തം ബ്രാന്റ്. ദൈവത്തിന്റെ സ്വന്തം ദേശത്തിന് ഇതാ ഇനി സ്വന്തമായൊരു ബ്രാന്റും. ആ ബ്രാന്റ് ഇമേജ് പ്രോജ്ജ്വലിപ്പിക്കാൻ ഓരോ ഉൽപാദകനും അരയും തലയും മുറുക്കി രംഗത്തിറങ്ങണം. നിർമ്മിതിയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ തെരഞ്ഞെടുക്കുന്നതിലും, അവയുടെ ശുദ്ധീകരണ പ്രക്രിയയിലും വേണം ആദ്യം ശ്രദ്ധചെലുത്താൻ. ഉൽപാദന കേന്ദ്രത്തിലെ ശുദ്ധിയും വൃത്തിയും, ഉപകരണങ്ങളുടെ കാര്യക്ഷമത, തൊഴിലാളികളുടെ വൃത്തിയും ആരോഗ്യവും ഒക്കെ ഗുണമേന്മയെ ബാധിയ്ക്കുന്നു. അസംസ്കൃത പദാർത്ഥങ്ങളിൽ നിന്നും പൂർണ്ണ ഉൽപന്നം പുറത്തിറങ്ങും വരെ (റോമെറ്റീരിയൽ റ്റു ഫിനിഷ്ഡ് പ്രൊഡക്റ്റ്) പാലിയ്ക്കേണ്ട എസ്. ഒ. പി. (സ്റ്റാൻഡേർഡ് ഓഫ് പ്രൊഡക്റ്റ്) കടുകിടെ തെറ്റാതെ പാലിയ്ക്കപ്പെടണം. ഇവ ഉപഭോക്താക്കൾക്കും ബോധ്യമാകുംവിധം സാമൂഹ്യമാധ്യമങ്ങളിലൂടെയും മറ്റും പ്രചരിപ്പിയ്ക്കുകയും വേണം. സാധ്യമായ സ്ഥലങ്ങളിലെല്ലാം സൗകര്യങ്ങളനുസരിച്ച് സന്ദർശകർക്കു പ്രവേശനം നൽകുന്നതും നന്ന്.

കേരള ബ്രാന്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിലേയ്ക്ക് ഉൽപന്നങ്ങളെ തരം തിരിക്കണം. ടെക്സ്റ്റയിൽസ്, ഫുഡ്, സൗന്ദര്യ വർദ്ധകങ്ങൾ, ഗൃഹോപകരണങ്ങൾ, ഇലക്ട്രോണിക് ഉൽപന്നങ്ങൾ എന്നിങ്ങനെ ഇവയെ കാറ്റഗറൈസ് ചെയ്യാം. പിന്നീടിവയ്ക്കു സബ്ഡിവിഷനുമാകാം. ഓരോന്നിന്റേയും ഗുണമേന്മ ഉറപ്പു വരുത്താൻ ബ്രാന്റ് റെക്കഗ്നീഷൻ കമ്മറ്റികളാവാം. ഇവയിൽ അതതു മേഖലകളിലെ വിദഗ്ദ്ധരേയും ഉൾപ്പെടുത്താം. ഏതായാലും സംസ്ഥാനത്തിന്റെ വ്യവസായ ചരിത്രത്തിൽ വർണാഭമായ ഒരേടായി കേരള ബ്രാന്റ് മാറും. സംശയമില്ല. ■




## ഐ. ഐ. ടി. എഫ് -

# പുരസ്കാര നിറവിൽ കേരളവും വ്യവസായ വകുപ്പും

**എഴുമാവിൽ രവീന്ദ്രനാഥ്**

നാൽപത്തിയൊന്നാമത് ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയർ (ഐ. ഐ. റ്റി. എഫ്) പ്രൗഢഗംഭീരമായിത്തന്നെ കൊടിയിറങ്ങി. ഇന്ത്യാ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷന്റെ (ഐ. റ്റി. പി. ഒ) ആഭിമുഖ്യത്തിൽ 1980-ൽ സമാരംഭിച്ച ഈ അന്തർദേശീയ വാണിജ്യ വ്യാപാരമേള സ്വദേശികളും വിദേശികളും ഒരുപോലെ ഉറ്റുനോക്കുന്ന വ്യാപാരോത്സവമാണ്. നവവത്സരത്തെ സാഘോഷം വരവേൽക്കുവാനുള്ള ദീപാലങ്കാരങ്ങളും തിരുപ്പിറവിയെ നെഞ്ചോടു ചേർക്കാനുള്ള വർണ്ണ നക്ഷത്ര വൈവിധ്യവും കണ്ണു തുറക്കുന്ന നവംബർ മധ്യത്തോടു കൂടി മഞ്ഞിന്റെ നേരിയ പാളികൾ കൊണ്ട് ഡിസംബറിനെ വരവേൽക്കാൻ പ്രകൃതിയൊരുങ്ങുന്ന നവംബറിന്റെ പടിയിറക്കം വരെ രണ്ടാഴ്ചക്കാലമാണ് പ്രഗതി മൈതാനിയെ പുളകം കൊള്ളിയ്ക്കുന്ന ഈ മാമാങ്കം രാജധാനിയിൽ തകർത്തു പൊളിയ്ക്കുന്നത്. നാനാത്വത്തിൽ ഏകത്വമെന്ന സവിശേഷതയാൽ ലോകമെങ്ങും അറിയപ്പെടുന്ന ഭാരതം അതിലെ 28 സംസ്ഥാനങ്ങളെയും 8 കേന്ദ്രഭരണ പ്രദേശങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈയൊരു






ഹിമാലയൻ മേള എല്ലാ വർഷവുമൊരുക്കുന്നത്. വർണ്ണ, വേഷ, ഭാഷാ, രുചി, ആചാര, സംസ്കാര വൈവിധ്യങ്ങളെ ഒരേ സമയം അടുത്തറിയാനായി ജനലക്ഷങ്ങളാണ് ഈ മേളയിലെത്തുക. കുഞ്ഞൻ കുടിലുകളിലെയും വമ്പൻ വ്യവസായ ശാലകളിലേയും വൈവിധ്യമാർന്ന ഉൽപന്നങ്ങൾ അത്യാകർഷകമായി പ്രദർശിപ്പിയ്ക്കുന്ന ഈ മേള ഒരു അനുഭവം തന്നെയാണ്.

മഹത്തായ സാംസ്കാരിക പൈതൃകവും വാണിജ്യചരിത്രവും സ്വന്തമായുള്ള കൊച്ചുകേരളം എന്നും സ്വതസിദ്ധമായ ശൈലിയിലൊരുക്കുന്ന പവലിയനുകൾ വാർത്താപ്രാധാന്യം നേടാറുണ്ട്. ഓരോ വർഷവും ഓരോ വിഷയത്തെ അടിസ്ഥാനമാക്കിയാണ് ഐ. റ്റി. പി. ഒ മേളയൊരുക്കുന്നത്. വോക്കൽ ഫോർ ലോക്കൽ റ്റു ഗ്ലോബൽ എന്ന വിഷയമായിരുന്നു ഇത്തവണ തെരഞ്ഞെടുക്കപ്പെട്ടത്. പ്രാദേശിക മേഖലയും ദേശീയ മേഖലയും കടന്ന് അന്തർദേശീയ വിപണിയിലേയ്ക്ക് നമ്മുടെ ഉൽപന്നങ്ങളെ എത്തിയ്ക്കുകയും അതിലൂടെ സംരംഭകർക്ക് കൂടുതൽ പ്രചോദനം ലഭ്യമാക്കാനും സമഗ്രമായ വ്യവസായ വികസനമെന്ന സ്വപ്നം സാധിതമാക്കുവാനുമാണ് ഈ വിഷയം ലക്ഷ്യമിടുന്നത്. ഇത്തവണ (ലഡാക്ക്) എന്ന കേന്ദ്ര ഭരണ പ്രദേശവും മേളയിൽ പങ്കെടുക്കുന്നു എന്ന



പ്രത്യേകതയുണ്ട്. അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, ബഹറിൻ, ബെലാറസ്, ഇറാൻ, നേപ്പാൾ, തായ്‌ലണ്ട്, ടർക്കി, യു. എ. ഇ, ബ്രിട്ടൺ എന്നീ രാജ്യങ്ങളെ പ്രദർശനത്തിൽ സജീവ പങ്കാളികളായി.

നമ്മുടെ എം. എസ്. എം. ഇ പവലിയനുകളിൽ 74 ശതമാനം വനിതാ സംരംഭകരെ പങ്കെടുപ്പിച്ചു എന്നത് ഇത്തവണത്തെ മേളയുടെ പ്രത്യേകതയായിരുന്നു. സ്ത്രീ ശാക്തീകരണം വാക്കുകളിൽ മാത്രമല്ല പ്രവൃത്തിയിലും എന്നത് ഈ വ്യവസായ




പ്രദർശൻ മാമാങ്കത്തെ വേറിട്ടതാക്കി.




വിദേശ വിഭാഗത്തിലെ സുവർണമെഡൽ അഫ്ഗാനിസ്ഥാൻ കരസ്ഥമാക്കിയപ്പോൾ ഇന്ത്യൻ സംസ്ഥാനങ്ങളിലെ മികച്ച പവലിയനുള്ള സ്വർണ്ണം സ്വന്തമാക്കി കേരളം ഒന്നാമതെത്തി. ബീഹാർ വെള്ളിമെഡലും മധ്യപ്രദേശ് വെങ്കല മെഡലും നേടി രണ്ടും മൂന്നും സ്ഥാനങ്ങളിലായി.

കേരളത്തിന്റെ വ്യാവസായിക രംഗത്തെ സമഗ്ര മായി അവതരിപ്പിച്ചുകൊണ്ടായിരുന്നു സംസ്ഥാന വ്യവസായ വകുപ്പിന്റെ തീംസ്റ്റാർ ഈ മേളയിലൊരു ക്കിയത്. വിശാലമായ തീരപ്രദേശത്തിനുടമയായ കേരളം സഹസ്രാബ്ദങ്ങൾക്കു മുമ്പു തന്നെ വിദേശ രാജ്യങ്ങളുമായി പുലർത്തിയിരുന്ന വ്യാപാര ബ ന്ധത്തെ സൂചിപ്പിച്ചുകൊണ്ടാണ് സംസ്ഥാന വ്യവ സായ വകുപ്പിന്റെ പവലിയൻ ചിട്ടപ്പെടുത്തിയിരുന്നത്. പ്രാചീന കേരളത്തിന്റെ വാണിജ്യ പാരമ്പര്യത്തിന്റെ പ്രതീകമായ ഉരുവിന്റെ മാതൃക മുതൽ നമ്മുടെ സ്വന്തം കേരളത്തിൽ നിർമ്മിച്ച്, ടർക്കിഷ് അമേരിക്കൻ വായുസേനകൾ വരെ ഉപ യോഗിയ്ക്കുന്ന അത്യാധുനിക വിമാന ആന്റിന കൾ വരെ വ്യവസായ വകുപ്പിന്റെ സ്റ്റാളിനെ ആകർഷണീയമാക്കിയിരുന്നു. നിരവധി സന്ദർശ കരാണ് നമ്മുടെ നേട്ടങ്ങൾക്ക് ഐക്യദാർഢ്യം പ്ര ഖ്യാപിച്ച് സംതൃപ്തിയോടെ മടങ്ങിയത്.




ഈ വർഷത്തെ തീം അനുസരിച്ച് നാം പ്രാദേശികമായി പ്രചുര പ്രചാരം നേടിയ വസ്തു ക്കളെ സ്റ്റാളിൽ വൻപ്രാധാന്യം നൽകിത്തന്നെ പ്ര

ദർശിപ്പിച്ചിരുന്നു. ഭൗമസൂചിക ലഭിച്ച ഉൽപന്നങ്ങൾ, കയറ്റുമതി ചെയ്യപ്പെടുന്ന ഉൽപന്നങ്ങൾ എന്നിവ ഇതിൽ എടുത്തു പറയേണ്ടവയാണ്. എം. എസ്. എം. ഇ ദേശീയ പുരസ്കാരം സൗപർണിക തെർമിസ്റ്റേഴ്സ്, ശ്രീഭദ്രാ പാരമ്പര്യ ചികിത്സാലയം എന്നിവയുടെ ഉൽപന്നങ്ങളും ഇവിടെ ഉണ്ടായിരുന്നു. ഭൗമസൂചിക ലഭിച്ച ആറന്മുള കണ്ണാടി, പയ്യന്നൂർ പവിത്രമോതിരം എന്നിവയ്ക്ക് ആവശ്യക്കാർ ഏറെയുണ്ടായിരുന്നു.

തീംസ്റ്റാർ കൂടാതെ നമ്മുടെ 8 വ്യത്യസ്ത സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകരുടെ ഉൽപന്നങ്ങൾക്കായി നാല് വാണിജ്യ സ്റ്റാളുകളും നാമൊരുക്കിയിരുന്നു. നമ്മുടെ തനതു ഉൽപന്നങ്ങളായ വെളിച്ചെണ്ണ, സുഗന്ധ വ്യഞ്ജനങ്ങൾ, വിവിധതരം ചിപ്സ്, കശുമാങ്ങ, ഇളനീർ എന്നിവ ഉപയോഗിച്ചുള്ള ഉൽപന്നങ്ങളും ഉപ ഭോക്താക്കളുടെ മനം കവർന്നു. മറ്റൊരു സന്തോഷകരമായ കാര്യം വ്യവസായ വകുപ്പിന് ട്രേഡ് ഫെയറിൽ ലഭിച്ച അംഗീകാരമാണ്. ബെസ്റ്റ് തീം എക്സിബിറ്റർ എന്ന പുരസ്കാരമാണ് കേരള വ്യവസായ വകുപ്പിനെ തേടിയെത്തിയത്. നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയുടെ നേർക്കാഴ്ച അതിശയോക്തിക ളൊന്നുമില്ലാതെ ഒരുക്കിയതിനാണ് ജൂറികൾ കേരളത്തിന്റെ അഭിമാനമായ വ്യവസായ വകുപ്പിനെ പുരസ്കാര നെ റുകയിൽ എത്തിച്ചത്.

6,000 ചതുരശ്ര അടി വിസ്തീർണത്തിലൊരുക്കിയ കേരള പവലിയൻ വർണ വൈവിധ്യങ്ങളും വിഭവ സമൃദ്ധി കൊണ്ടുമാണ് കാണികളെ ആകർഷിച്ചതും സ്വർണമെഡൽ നേടിയതും. പവലിയന്റെ ഉദ്ഘാടനം ധനമന്ത്രി കെ. എൻ. ബാലഗോപാൽ നിർവഹിച്ചു. ചലച്ചിത്ര അക്കാദമി വൈസ് ചെയർമാൻ പ്രേംകുമാർ മുഖ്യാതിഥിയായി. കേരള ഹൗസ് റസിഡന്റ് കമ്മീഷൻ സൗരഭ് ജയിൻ, പി. ആർ. ഡി അഡീഷണൽ ഡയറക്ടർ കെ. അബ്ദുൾ റഷീദ്, ഫീൽഡ് പബ്ലിസിറ്റി വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ കെ. എസ്. ശൈലേന്ദ്രൻ, ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസർ സിനി. കെ. തോമസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. നവംബർ 14 നു കൊടിയേറി 27 ന് പൂർണ്ണമായ വ്യാപാരമേള കേരളത്തിലെ സംരംഭകർക്കും സാരഥികൾക്കും ഒട്ടേറെ അഭിമാന മുഹൂർത്തങ്ങളാണ് സമ്മാനിച്ചത്. ആശയ വൈവിധ്യവും ഉൽപന്ന ശ്രേണിയും കൊണ്ട് ഏറെ ശ്രദ്ധ നേടിയ കേരളം സന്ദർശകരായെത്തിയ മറുനാട്ടിലെയും വിദേശത്തെയും വാണിക്കുകൾക്കും വ്യവസായികൾക്കും വിപണന സംരംഭങ്ങൾക്കും ഒരു നവംബർ സമ്മാന മായാണ് പവലിയനെ മാറ്റിയത്.

ഇത്തരം മേളകൾ ഒരിടത്തു മാത്രമൊതുക്കാതെ ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിലും സംഘടിപ്പിയ്ക്ക ണമെന്ന ധനമന്ത്രിയുടെ അഭിപ്രായത്തിനും വൻസ്വീകര ണമാണ് ലഭിച്ചത്. ഭാവിയിൽ ഇത്തരം മാറ്റങ്ങൾക്കായി നമുക്കു കാത്തിരിയ്ക്കാം. കാതോർത്തിരിയ്ക്കാം. ■












ലോറൻസ് മാത്യു

# പഠനവും പരിശീലനവും സ്മാർട്ടാകുമ്പോൾ

ഈ സാങ്കേതിക വിദ്യയുടെ കാലഘട്ടത്തിൽ എല്ലാം സ്മാർട്ടാവുകയാണ്. പ്രത്യേകിച്ച് വിദ്യാഭ്യാസവും. വിദ്യാഭ്യാസത്തെ ഒരു സേവനമെന്നതിലുപരി ഒരു സംരംഭം എന്ന നിലയിൽ നോക്കിക്കാണുമ്പോൾ സാധ്യതകളേറെയാണ്. വിദ്യാഭ്യാസ കച്ചവടം എന്ന ക്ലീഷേ വാക്കുകൾ കൊണ്ട് സാധാരണക്കാരിൽ അവമതിപ്പ് സൃഷ്ടിച്ച് മാറ്റി നിർത്തി സാധ്യതകളുടെ നേർക്ക് കണ്ണടക്കേണ്ടതില്ല. മറിച്ച് ഇതിനുള്ളിലെ കച്ചവട സാധ്യതകൾ തിരിച്ചറിയുവാൻ കഴിഞ്ഞാൽ നിരവധി സംരംഭക സാധ്യതകൾ തെളിഞ്ഞു വരുന്നതായിക്കാണാം. ഔപചാരിക വിദ്യാഭ്യാസം മാത്രമല്ല മറിച്ച് നിരവധിപരിശീലനങ്ങളുമെല്ലാം വിദ്യാഭ്യാസത്തിൻറെ പരിധിയിൽ വരുന്നുണ്ട്. അങ്ങനെ വരുമ്പോൾ നിരവധിയായ പരിശീലകരും സംരംഭകരാണെന്ന് കാണാം. ഒപ്പം പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതും മറ്റൊരു സംരംഭക സാധ്യതയാണ്. ഒപ്പം മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങളുമെല്ലാം ചേർന്നതാണ് നമ്മുടെ

വിദ്യാഭ്യാസ രംഗം. ഈ രംഗത്തേക്കാണ് സാങ്കേതിക വിദ്യയുടെ കടന്ന് കയറ്റം. അതേ നമ്മുടെ ക്ലാസ് റൂമുകൾ സ്മാർട്ട് ആവുകയാണ്.

പാഠ പുസ്തകങ്ങളിൽ നിന്നും ലഭിക്കുന്ന നാമമാത്രമായ അറിവ് നമ്മുടെ കുട്ടികളുടെ സമഗ്രമായ വളർച്ചയ്ക്ക് പര്യാപതമല്ല എന്ന് ഇന്ന് സർവ്വരും മനസ്സിലാക്കി കഴിഞ്ഞിരിക്കുന്നു. കുട്ടിയുടെയും അധ്യാപകന്റേയും സമൂഹത്തിന്റെയും സജീവ പങ്കാളിത്തത്തോടെ ടെക്നോളജി ഒത്തുചേരുമ്പോഴാണ് കാര്യക്ഷമമായ പഠന പ്രക്രിയ സാധ്യമാകുന്നത്. കാഴച കേൾവി സ്പർശം തുടങ്ങിയ ഇന്ദ്രിയാനുഭവങ്ങളെല്ലാം ഒരുമിച്ച് അനുഭവ വേദ്യമാകാൻ ഇന്ററാക്ടീവ് ക്ലാസ്സ് റൂമിന് കഴിയുന്നു. ആക്ടിവ് ലേണിങ് ആണ് സ്മാർട്ട് ക്ലാസ്സ് റൂമുകളിൽ നടക്കുന്നത്. ഇത് വിദ്യാർത്ഥികളിലെ കഴിവുകളെ പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കുന്നു. കാണാതെ പഠിച്ച് അപ്പാടെ ഛർദ്ദിക്കുന്ന കാപ്സ്യൂൾ പഠന രീതി അപ്പാടെ തൂത്തെറിഞ്ഞ് ചിന്തയുടേയും ഭാവനയുടേയും മിഴിവാർന്ന പ്രവർത്തനങ്ങളുടേയും പുതിയ ലോകത്തേക്ക് വഴിതെളിക്കുന്നതാവണം വിദ്യാഭ്യാസം. ഇതിന് ആധുനിക പഠന രീതികൾ സഹായിക്കുമെന്ന കാര്യത്തിൽ സംശയമില്ല. കാര്യങ്ങൾ ഗ്രഹിച്ച് കാരണങ്ങൾ അന്വേഷിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ച് പഠനം മുന്നോട്ടു പോകുമ്പോൾ വിദ്യാഭ്യാസം അർത്ഥപൂർണ്ണമാകുന്നു.

## എന്താണ് സ്മാർട്ട് ക്ലാസ് റൂം

കമ്പ്യൂട്ടർ, മൾട്ടീ മീഡിയ, നെറ്റ് വർക്ക് ടെക്നോളജി എന്നിവയുടെ സമന്വയത്തിലൂടെ അദ്ധ്യയനത്തിനും അദ്ധ്യാപനത്തിനും നൂതനമായ മാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനുതകുന്ന സാങ്കേതിക വിദ്യകളാൽ സജ്ജമായ പഠനാന്തരീക്ഷമാണ് സ്മാർട്ട് ക്ലാസ് റൂം. കമ്പ്യൂട്ടർ, വീഡിയോ പ്രൊജക്ടർ, പ്രൊജക്ഷൻ സ്ക്രീൻ, ഡോക്യുമെൻറ് ക്യാമറ, ഓഡിയോ സിസ്റ്റം, നെറ്റ് വർക്ക് കണക്ഷൻ, എഡ്യൂക്കേഷണൽ സോഫ്റ്റ് വെയർ തുടങ്ങിയ നിരവധി ഘടകങ്ങൾ ഇവിടെയുണ്ട്.

ഇനിയുള്ള ക്ലാസ് റൂമുകൾ സ്മാർട്ടായില്ലായെങ്കിൽ ആ വിദ്യാഭ്യാസ സ്ഥാപനം പിന്തള്ളപ്പെട്ട് പോകുമെന്നതിന് പക്ഷാന്തരമില്ല. മുൻകാലങ്ങളിലെപ്പോലെ ഒരൊറ്റ അദ്ധ്യാപകനെ മാത്രം ആശ്രയിച്ച് നിൽക്കുന്നതിൽ നിന്നും നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം ഏറെ മുന്നോട്ട് പോയിരിക്കുന്നു. മാറുന്ന ലോകത്തിലേക്ക് നമ്മെ പ്രാപ്തരാക്കുന്നതിനാവശ്യമായ എല്ലാം ഉൾക്കൊള്ളുന്നതാവണം ആധുനിക വിദ്യാഭ്യാസ സമ്പ്രദായം. കാര്യങ്ങൾ ഗ്രഹിച്ച്, കാരണങ്ങൾ അന്വേഷിച്ച്, പ്രശ്നങ്ങൾ വിശകലനം ചെയ്ത്, പരിഹാരങ്ങൾ കണ്ടെത്തി, മറ്റുള്ളവരുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് പ്രാപ്തരമായ വിദ്യാർത്ഥികളെ വാർത്തെടുക്കുന്ന ഒരു സംവിധാനമാണിവിടെ ആവശ്യം.

## എങ്ങനെയാണ് ഒരു സ്മാർട്ട് ക്ലാസ് റൂം

ഒരു സ്മാർട്ട് ക്ലാസ് റൂമിൽ ബ്ലാക്ക് ബോർഡിൻറെ സ്ഥാനത്ത് ഒരു വെളുത്ത സ്ക്രീൻ ആണുണ്ടാവുക. അദ്ധ്യാപകൻറേയും കുട്ടികളുടേയും മേശപ്പുറത്ത് ഒരു ലാപ്ടോപ്പുണ്ടാകും. ഒപ്പം സ്ലേറ്റും പേനയും, റിമോട്ട് കൺട്രോളുമൊക്കെയാണ് ഉണ്ടാവുക. പ്രൊജക്ടർ, സി ഡി പ്ലെയർ, സ്പീക്കറുകൾ, മൈക്രോ ഫോൺ തുടങ്ങിയവയും ക്ലാസ്സിലുണ്ടാകും. സ്മാർട്ട് ക്ലാസ് റൂമുകളിലെ പഠനം അദ്ധ്യാപകനെ മാത്രം ആശ്രയിച്ചായിരിക്കുകയില്ല. മറിച്ച് എന്താണോ പഠിക്കേണ്ടത് അതിൻറെ ത്രിമാന ചിത്രങ്ങൾ വരെ സ്ക്രീനിൽ കണ്ട് കൊണ്ടുള്ള പഠനം. കണ്ണും കാതും മനസ്സും കൈയ്യുമെല്ലാം എപ്പോഴും തുറന്നിരിക്കുന്ന ഒരു പഠന രീതി. ഒരിക്കലും ബോറിങ്ങില്ലാതെ എന്നാൽ എല്ലാം വിഷയങ്ങളും മുഴുവനായിത്തന്നെ പഠിക്കുവാൻ സാധിക്കുന്ന വളരെ എഫക്ടീവ് ആയ രീതിയാണ് ഇത്.

**കമ്പ്യൂട്ടർ, മൾട്ടീ മീഡിയ, നെറ്റ് വർക്ക് ടെക്നോളജി എന്നിവയുടെ സമന്വയത്തിലൂടെ അദ്ധ്യയനത്തിനും അദ്ധ്യാപനത്തിനും നൂതനമായ മാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനുതകുന്ന സാങ്കേതിക വിദ്യകളാൽ സജ്ജമായ പഠനാന്തരീക്ഷമാണ് സ്മാർട്ട് ക്ലാസ് റൂം.**

## എന്തൊക്കെ ഉപകരണങ്ങൾ

ഒരു സാധാരണ ക്ലാസ് റൂമിനെ സ്മാർട്ടാക്കി മാറ്റുന്ന നിരവധി ഉപകരണങ്ങൾ വിപണിയിലുണ്ട്.

### ഇന്ററാക്ടീവ് വൈറ്റ് ബോർഡ്

1991 ൽ സ്മാർട്ട് ടെക്നോളജീസ് ഇൻ കോർപ്പറേഷൻ ആണ് ആദ്യത്തെ ഇൻററാക്ടീവ് വൈറ്റ് ബോർഡ് നിർമ്മിച്ചത്. യഥാർത്ഥത്തിൽ വലിയ ഒരു ടച്ച് സെൻസിറ്റീവ് ഇൻററാക്ടീവ് ഡിസ്പ്ലേ സ്ക്രീനാണ് ഇന്ററാക്ടീവ് വൈറ്റ് ബോർഡ്. യു എസ് ബിയോ ബ്ലൂ ടൂത്ത് വഴിയോ ഇതിനെ കമ്പ്യൂട്ടറുമായി കണക്ട് ചെയ്യുവാൻ കഴിയും. കമ്പ്യൂട്ടറിനെ ഒരു പ്രൊജക്ടറുമായും കണക്ട് ചെയ്തിട്ടുണ്ടാവും. കമ്പ്യൂട്ടറിലുള്ള ഉള്ളടക്കത്തെ പ്രൊജക്ടറിൻറെ സഹായത്തോടെ ബോർഡിലേക്ക് പതിപ്പിക്കുവാൻ കഴിയുന്നു.

ഡിജിറ്റൽ പെൻ, സ്റ്റൈലസ്, കൈവിരൽ തുടങ്ങിയ ഏതെങ്കിലും മാർഗ്ഗമുപയോഗിച്ച് ബോർഡിലെ ഉള്ളടക്കം കൈകാര്യം ചെയ്യാം. ടൈപ്പ് ചെയ്യുന്നതിന് ഓൺ സ്ക്രീൻ കീ ബോർഡ്, ഹാൻഡ് റൈറ്റിങ്ങ് റെക്കഗ്നീഷൻ തുടങ്ങിയവയൊക്കെ ഉപയോഗിക്കുവാൻ കഴിയും. ആദ്യ കാല സിംഗിൾ ടച്ച് ബോർഡ് സിസ്റ്റങ്ങളിൽ നിന്ന് മൾട്ടി ടച്ച്, മൾട്ടി യൂസർ ഇൻററാക്ടീവ് വൈറ്റ് ബോർഡുകളിലേക്ക് ഈ സംവിധാനം വളർന്ന് കഴിഞ്ഞു. ബോർഡ് എഴുതാനും വരയ്ക്കാനും മാത്രമല്ല, ശാസ്ത്രം, കണക്ക് തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക പരിശീലനത്തിനും ഉപയോഗപ്പെടുത്താം. എഴുതിയത് സേവ് ചെയ്ത് വെക്കാനും കഴിയും. മാഗ്നറ്റിക് പെൻ പയോഗിച്ച് സ്ക്രീനിൽ എഴുതുകയും ചെയ്യാം.

### സ്മാർട്ട് ടേബിൾ

പ്രധാനമായും പ്രൈമറി കുട്ടികളെ ലക്ഷ്യം വെച്ചു കൊണ്ടാണ് സ്മാർട്ട് ടേബിൾ പുറത്തിറക്കിയിട്ടുള്ളത്. ടേബിളിന്റെ ഫ്രെയിമിനുള്ളിലാണ് ക്യാമറ സ്ഥിതി ചെയ്യുന്നത്. ഇതും ഒരു തരത്തിലുള്ള ഇന്ററാക്ടീവ് ബോർഡ് തന്നെയാണ്. ടേബിളിലെ ടച്ച് തിരിച്ചറിഞ്ഞു കൊണ്ടാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. ക്യാമറകൾ സ്ക്രീനിലെ സ്പർശനങ്ങൾ തിരിച്ചറിഞ്ഞ് സിഗ്നലുകളെ പ്രോസസറിലേക്ക് അയയ്ക്കുന്നു ഈ പ്രോസസറുകളാണ് തീരുമാനങ്ങളെടുക്കുന്നത്. സ്ക്രീനിലെ ഇൻററാക്ഷനായി വിരലോ സ്റ്റൈലസ്സോ പോലുള്ള മൃദുവായ എന്തും ഉപയോഗിക്കാം. അധ്യാപകന് തന്റെ ലാപ്ടോപ്പിൽ തയ്യാറാക്കുന്ന പ്രൊജക്ടുകൾ സ്മാർട്ട് ടേബിളിലേക്ക് അയക്കുകയും ചെയ്യാം. സ്മാർട്ട് ടേബിളിന്റെ മെനുവിൽ സ്റ്റുഡന്റ് മോഡും ടീച്ചർ മോഡും കാണാം. കുട്ടികൾക്കായുള്ള ഒട്ടേറെ അപ്ലിക്കേഷനുകൾ ഈ മോഡിൽ ഉണ്ടായിരിക്കും.

Students Response System കുട്ടികൾക്ക് ക്ലാസ്സ് റൂം ഇൻററാക്ഷൻ സാധ്യമാക്കുന്ന വയർലെസ്സ് സംവിധാനമാണ് Students Response System. അധ്യാപകൻ തന്റെ ലാപ്ടോപ്പിലൂടെ സ്ക്രീനിൽ പ്രദർശിപ്പിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ കുട്ടികൾ തങ്ങളുടെ കയ്യിലിരിക്കുന്ന റിമോർട്ട് രൂപത്തിലുള്ള ഡിവൈസിലൂടെ സെലക്ട് ചെയ്ത് ക്ലിക്ക് ചെയ്യുന്നു. ഓരോ Students Response System ഓരോ യുണീക്ക് ID ഉള്ളതിനാൽ ഓരോ കുട്ടിയുടേയും ഉത്തരങ്ങൾ സോഫ്റ്റ്‌വെയർ തിരിച്ചറിഞ്ഞുകൊള്ളും.




**ക്യാമറകൾ സ്ക്രീനിലെ സ്പർശനങ്ങൾ തിരിച്ചറിഞ്ഞ് സിഗ്നലുകളെ പ്രോസസറിലേക്ക് അയയ്ക്കുന്നു ഈ പ്രോസസറുകളാണ് തീരുമാനങ്ങളെടുക്കുന്നത്. സ്ക്രീനിലെ ഇൻററാക്ഷനായി വിരലോ സ്റ്റൈലസ്സോ പോലുള്ള മൃദുവായ എന്തും ഉപയോഗിക്കാം.**

Document Camera യഥാർത്ഥത്തിൽ ഹൈ റസല്യൂഷൻ ക്യാമറയാണ് Document Camera എന്നറിയപ്പെടുന്നത്. മേശപ്പുറത്ത് വെച്ചിരിക്കുന്ന ഏതൊരു വസ്തുവിനേയും മൂന്നിരട്ടി വലിപ്പത്തിൽ സ്ക്രീനിൽ പ്രദർശിപ്പിക്കാൻ Document Camera കൾക്ക് കഴിയും. റൊട്ടേഷൻ ടൈപ്പ് Document Camera കളും ഇന്ന് നിലവിലുണ്ട്. സ്കാനർ, മൈക്രോസ്കോപ്പ് എന്നിവയൊക്കെ അറ്റാച്ച് ചെയ്തിട്ടുള്ള തരം Document Camera കൾ ഇന്ന് വിപണിയിലുണ്ട്. 850,000 pixels (1024x768) വരെയാണ് ഇവയുടെ റെസല്യൂഷൻ. ഇമേജുകൾ സൂം ചെയ്യാനുമുള്ള സൗകര്യം ഇവയിൽ കാണാം.

LCD Projector: LCD Projector ഇല്ലാത്ത ഹൈസ്കൂളുകൾ ഇന്ന് കേരളത്തിൽ ഇല്ലെന്നു തന്നെ പറയാം. ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ LCD Projector വഹിക്കുന്ന പങ്ക് എത്രയോ വലുതാണെന്ന് വിശദികരിക്കേണ്ട ആവശ്യമില്ല. ഏതൊരു വിദ്യാർത്ഥിയും ഏറ്റവും ഇഷ്ടപ്പെടുന്ന ക്ലാസ്സ് റൂമാണല്ലോ സ്മാർട്ട് ക്ലാസ്സ് റും. എത്ര പ്രയാസമേറിയ പാഠഭാഗവും Projector ന്റെ സഹായത്തോടെ എത്ര ലളിതമായാണ് നാം ക്ലാസ് റൂമിൽ വിശദീകരിക്കാറുള്ളത്. Projector ന്റെ Brightness അതിന്റെ ലൂമിനസ്സിനെ അടിസ്ഥാനമാക്കിയാണ് അളക്കാറുള്ളത്. ഏകദേശം 35000 രുപ മുതൽ ഇപ്പോൾ Projector ലഭ്യമാണ്.

Smart Slate: ക്ലാസ്സ് റൂം ഇന്ററാക്ഷനു വേണ്ടി ഉപ യോഗിക്കുന്ന മറ്റൊരു ഉപകരണമാണ് Smart Slate എവിടെയിരുന്നും Smart Slate ഉപയോഗിക്കാമെന്നത് ഇതിന്റെ സൗകര്യമാണ്. വയർലെസ്സ് സൗകര്യമുപ യോഗിച്ച് കമ്പ്യൂട്ടറുമായി കണക്ട് ചെയ്താൽ നാം ചെയ്യുന്ന പ്രവർത്തനങ്ങൾ കമ്പ്യൂട്ടറിൽ സേവ് ചെയ്യുകയുമാവാം. അതല്ലെങ്കിൽ LCD പ്രൊജക്ടർ വഴി പ്രദർശിപ്പിക്കുകയുമാവാം.

Audio Systems ഒരു കവിതാ ശകലമോ അല്ലെങ്കിൽ ഒരു പ്രമുഖന്റെ പ്രസംഗമോ കുട്ടികളെ കേൾപ്പിക്കണമെന്നിരിക്കട്ടെ. Hcp Audio Systems എത്ര പ്രയോജനകരമാണ്. അല്ലെങ്കിൽ കുട്ടികൾ ക്ലാസ്സ് റുമിൽ അവതരിപ്പിക്കുന്നൊരു നാടകം Audio Systems വഴിയാകുമ്പോൾ തികച്ചും വ്യത്യസ്തമായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. മൊബൈൽ ഫോണിൽ റെക്കോർഡ് ചെയ്തു വെച്ചിരിക്കുന്ന ഒരു പാട്ടായാലും Audio Systems വഴി ക്ലാസ്സ് റുമിൽ കേൾപ്പിക്കാൻ കഴിയും.

Educational Software: ക്ലാസ്സ് റൂമുകളിൽ ഉപ യോഗപ്പെടുത്താൻ സാധിക്കുന്ന ഒട്ടേറെ സോഫ്റ്റ് വെയറുകൾ ഇന്ന് പ്രചാരത്തിലുണ്ട്. പ്രത്യേകിച്ച് ഐ ടി അറ്റ് സ്കൂൾ പുറത്തിറക്കിയ എജ്യൂബുണ്ടു നോക്കുക. പ്രൈമറി തലം മുതൽ ഹയർസെക്കന്ററി

**ഏതൊരു വിദ്യാർത്ഥിയും ഏറ്റവും ഇഷ്ടപ്പെടുന്ന ക്ലാസ്സ് റൂമാണല്ലോ സ്മാർട്ട് ക്ലാസ്സ് റും. എത്ര പ്രയാസമേറിയ പാഠഭാഗവും Projector ന്റെ സഹായത്തോടെ എത്ര ലളിതമായാണ് നാം ക്ലാസ് റൂമിൽ വിശദീകരിക്കാറുള്ളത്.**



തലം വരെ ക്ലാസ്സ് മുറിയിൽ പ്രയോഗിക്കാവുന്ന ഒട്ടേറെ സോഫ്റ്റ്വെയറുകൾ ഐ ടി അറ്റ് സ്കൂൾ ഉബുണ്ടുവിൽ ലഭ്യമാണ്. കുട്ടികൾക്ക് സ്വയം ചെയ്തു നോക്കാവുന്ന വിധത്തിലാണ് ഈ സോഫ്റ്റ് വെയറുകളെല്ലാം തന്നെ. വീഡിയോ ഇമേജുകൾ തുടങ്ങിയവയൊക്കെ കുട്ടികൾക്കായുള്ള സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരിക്കും. ആൾജിബ്ര പ ഠിപ്പിക്കുന്ന ജിയോ ജിബ്ര മികച്ചയൊരു സോഫ്റ്റ് വെയറാണ്. സ്മാർട്ട് ക്ലാസ് റൂമിൻറെ സിങ്ക് എന്നത് ഈ സോഫ്റ്റ് വെയറുകളാണ്. സ്മാർട്ട് നോട്ട് ബുക്ക് ഗ്യാലറിയിൽ നിന്നോ നമ്മുടെ സിസ്റ്റത്തിൽ നിന്നോ ഉള്ള ഫയലുകളിലെ ഇമേജ്, തീം, വീഡിയോ, ഫ്ളാഷ് ഒബ്ജക്ടുകൾ എന്നിവയെല്ലാം ഉൾപ്പെടുത്തി ഇന്ററാക്ടീവ് ലേണിങ്ങ് റിസോഴ്സുകൾ എളുപ്പത്തിൽ തയ്യാറാക്കാം.

Internet: ക്ലാസ്സ് മുറി വിട്ടാൽ അധ്യാപകന്റെ സേവനം ലഭ്യമാകാതിരുന്ന പഴയ കാലമല്ല ഇന്ന്. എവിടെയിരുന്നും എപ്പോൾ വേണമെങ്കിലും കുട്ടികൾക്ക് അറിവ് നേടാനുള്ള സൗകര്യം ഇന്ന് ലഭ്യമാണ്. ഇന്റർനെറ്റ് അതിന് ഏറെ സഹായിക്കുന്നു. ക്ലാസ്സ് മുറികളിൽ Internet ഉപയോഗിക്കേണ്ടിയിരിക്കുന്നു. പാഠഭാഗത്തിൽ വിശദീകരണം ആവശ്യമുള്ള എന്തും Internet ൽ ലഭ്യമാണ്. അവ കുട്ടികളുടെ പഠനഭാരം ലഘൂകരിക്കുമെന്നതിൽ സംശയമില്ല.

**ക്ലാസ് മുറി വിട്ടാൽ അദ്ധ്യാപ കൻറെ സഹായം ലഭ്യമല്ലാതിരുന്ന പഴയ കാലഘട്ടത്തിൽ നിന്നും എവിടെയിരുന്നും എപ്പോഴും പഠനം സാധ്യമാകുന്നു എന്നത് തന്നെ ഏറെ സഹായകരമാണ്. മാതാ പിതാക്കൾക്ക് കുട്ടികളുടെ പഠനത്തിൽ ഏറെ ശ്രദ്ധിക്കുവാനും ഇത് വഴി കഴിയുന്നുണ്ട്.**

## ഗുണങ്ങൾ

ആധുനിക അദ്ധ്യയന അദ്ധ്യാപന രംഗത്ത് ഗുണപരമായ മാറ്റങ്ങൾക്കായി കമ്പ്യൂട്ടർ ടെക്നോളജിയും വിവര സാങ്കേതിക വിദ്യയും പ രിപൂർണ്ണമായി പ്രയോജനപ്പെടുത്തുക എന്നതാണ് സ്മാർട്ട് ക്ലാസ് റൂമിൻറെ ലക്ഷ്യം. മികച്ച രീതിയിലുള്ള പഠന സംവിധാനം പ്രദാനം ചെയ്യുവാൻ കഴിയുന്നു എന്നതാണ് പ്രധാന നേട്ടം. കേട്ടറിയുന്ന ഓഡിറ്ററി ലേണേഴ്സിനും കണ്ടറിയുന്ന വിഷ്വൽ ലേണ്ഴ്സിനും ഏറെ പ്രയോജനകരമായ രീതിയാണ് ഇവിടെയുള്ളത്. ആക്ടീവ് ലേണിങ്ങ് പ്രാവർത്തികമാക്കുന്നു എന്നതാണ് മറ്റൊരു മേൻമ. വിവരം സമ്പാദനത്തിനുള്ള വിശാല ലോകമായ



ഇൻറർനെറ്റിൻറെ സാധ്യതകൾ പരമാവദി പ്രയോജന പ്പെടുത്തി വിദ്യാഭ്യാസത്തിന് കാര്യക്ഷമമായ മാർഗ്ഗങ്ങൾ അവലംബിക്കുവാൻ ഇത് വഴി സാധ്യമാകുന്നു. ക്ലാസ് മുറി വിട്ടാൽ അദ്ധ്യാപ കൻറെ സഹായം ലഭ്യമല്ലാതിരുന്ന പഴയ കാലഘട്ടത്തിൽ നിന്നും എവിടെയിരുന്നും എപ്പോഴും പഠനം സാധ്യമാകുന്നു എന്നത് തന്നെ ഏറെ സഹായകരമാണ്. മാതാ പിതാക്കൾക്ക് കുട്ടികളുടെ പഠനത്തിൽ ഏറെ ശ്രദ്ധിക്കുവാനും ഇത് വഴി കഴിയുന്നുണ്ട്.

## പോരായ്മ

ഇതൊക്കെയാണെങ്കിലും Smart Class room ഹാർഡ് വെയറിന്റെയും സോഫ്റ്റ്വെയറിന്റേും പിഴവുകൾ ക്ലാസ്സ് മുറിയിലെ പ്രവർത്തനങ്ങളെ ബാധിച്ചേക്കാം. മാത്രമല്ല സാങ്കേതികമായി ഏറെ അനുഭവജ്ഞാന മുള്ളവനായിരിക്കണം അധ്യാപകൻ. ദിനം പ്ര തിയെന്നോണം മാറിക്കൊണ്ടിരിക്കുന്ന അപ്ഡേഷനുകൾക്ക് വിധേയമായിക്കൊണ്ടിരിക്കണം ഇന്നത്തെ അധ്യാപകൻ.

## സംരംഭക സാധ്യതകൾ

വിദ്യാഭ്യാസവും സ്മാർട്ടാകുമ്പോൾ അത് ചെറുകിട സംരംഭകർക്ക് മുന്നിൽ തുറന്നിടുന്ന സാധ്യതകൾ അനവധിയാണ്. നിരവധി ഉപ കരണങ്ങളിലൂടെ മാത്രമേ ഇത് സാധ്യമാകുകയുള്ളു എന്ന് വരുമ്പോൾ അതിൻറെയൊക്കെ നിർമ്മാണം, ഇൻസ്റ്റലേഷൻ, പരിപാലനം എന്നിവയൊക്കെ സാധ്യതകൾ തന്നെയാണ്. ക്ലാസ് മുറികൾ സ്മാർട്ടായില്ലായെങ്കിൽ കുട്ടികൾ ഉണ്ടാവില്ലായെന്ന രീതിയിലേക്ക് കാര്യങ്ങൾ വരുമ്പോൾ ഒരു മത്സരം സ്ഥാപനങ്ങൾ തമ്മിലുടലെടുക്കും. ഇവിടെ ഇത്തരം ഉപകരണങ്ങളുടെ വിൽപ്പനയും സർവീസും കാര്യക്ഷമമായി ഉണ്ടാകും. ഇത് ഇലക്ട്രോണിക്സ് വിപണിയിൽ വലിയ ചലനങ്ങൾ തന്നെ സൃഷ്ടിക്കുന്നതായിരിക്കും. സ്ഥാപനങ്ങളിൽ ഇത്തരം സംവിധാനങ്ങൾ മൊത്തത്തിൽ ഒരുക്കിക്കൊടുക്കുന്ന ബിസിനസ് കമ്പ്യൂട്ടർ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് ചെയ്യുവാൻ സാധിക്കും. പുതിയതായ സോഫ്റ്റ് വെയറുകളുടെ നിർമ്മാണവും സാധ്യമായ മേഖലയാണ്.

അതേ നമ്മുടെ വിദ്യാഭ്യാസവും സ്മാർട്ടാവുകയാണ്. ഇവിടെ വിദ്യാഭ്യാസ കച്ചവടം എന്ന മുറവിളിക്കപ്പുറം സാധ്യതകൾ തിരിച്ചറിയു വാനും ആധുനിക കാലഘട്ടത്തിനനുശ്രുതമായ ബിസിനസുകൾ രൂപപ്പെടുത്തുവാനും നവീകരിക്കു വാനും കഴിയണം. പുത്തൻ കാലഘട്ടത്തിലെ സംരംഭ സാധ്യതകൾ തിരിച്ചറിഞ്ഞ് മുൻപോട്ട് വരുവാൻ നമ്മുടെ യുവ തലമുറകൾക്ക് കഴിയട്ടെ. ■




# മാർക്കറ്റിംഗ്

## പ്രോസസിംഗ് മേഖലയിലെ സഹകരണ മുന്നേറ്റം

**ബിനോയ് ജോർജ് പി**

സംസ്ഥാനത്തെ സഹകരണ മേഖല എല്ലാ രംഗത്തും കൈവെയ്ക്കാറുണ്ട്. അവർക്ക് ഒരു രംഗവും അന്യമല്ല. ഉത്പാദനത്തിലും വിപണനത്തിലുമെല്ലാം അവരുടെതായ കൈമുദ്രകൾ പതിപ്പിച്ച് ചരിത്രം രചിച്ചവരും ഇവരിലുണ്ട്. സഹകരണ പ്രസ്ഥാനങ്ങൾ സംസ്ഥാന സമ്പദ്ഘടനയെ തന്നെ വലിയതോതിൽ സ്വാധീനിക്കുന്ന ഒരു ഘടകമാണ്. കർഷകനും ചെറുകിട സംരംഭകനും ഉൾപ്പടെ ഏതു വിഭാഗത്തിലുള്ളവർക്കും എളുപ്പത്തിൽ സമീപിക്കാവുന്ന സംവിധാനമായിട്ടാണ് സഹകരണസംഘങ്ങൾ നിലനിൽക്കുന്നത്. ഇവർ നാടിന്റെ വികസന മുന്നേറ്റത്തിൽ നിർണായകമായ പങ്കുവഹിക്കുന്നവരാണ്. ഇത്തരം സംഘങ്ങളുടെ മുൻകൈയിൽ ഉടലെടുക്കുന്ന സംരംഭങ്ങൾ ഭൂരിഭാഗവും പൊതുജനങ്ങൾക്ക് ലാഭവും ആശ്വാസവും നൽകുന്നതിനൊപ്പം ഗുണനിലവാരമുള്ള -മായമില്ലാത്ത ഉത്പന്നങ്ങളും നൽകുന്നവയാണ്.

തൃശൂർ ജില്ലയിലെ പാണഞ്ചേരി മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അത്തരത്തിൽ പ്ര

സ്ഥാപനങ്ങളിൽ എത്തിച്ചുനൽകുന്നു.

മുളക്, മല്ലി, മഞ്ഞൾ, കുരുമുളക് ,പൊടികൾ 50 ഗ്രാം മുതൽ ഒരു കിലോ വരെയുള്ള പാക്കറ്റുകളിലാക്കിയാണ് വിപണിയിലെത്തിക്കുന്നത്. വെളിച്ചെണ്ണ 500 മില്ലി മുതൽ ഒരു കിലോ വരെയുള്ള പൗച്ചുകളിലും 2 കിലോ 5 കിലോ 10 കിലോ 15 കിലോ കാനുകളിലും ആണ് വിതരണം ചെയ്യുന്നത്. സപ്ലൈകോയിലും കൺസ്യൂമർഫെഡിന്റെ തൃശൂർ പാലക്കാട് ജില്ലകളിലെ 26 ഓളംഔട്ട്ലെറ്റുകളിലും പിഎംപി പൂരം എന്ന ബ്രാൻഡുകളിലെ ഉത്പന്നങ്ങൾ ലഭിക്കും. വെളിച്ചെണ്ണ ഒരു മാസം എട്ട് ടണ്ണോളം ഇവിടെ ഉത്പാദിപ്പിക്കുന്നു. പ്രസിദ്ധമായ ഹൈദരാബാദ് ബിരിയാണി റൈസായ ടിൽഡയുടെ സംസ്ഥാനത്തെ സൂപ്പർ സ്റ്റോക്കിസ്റ്റാണ് സ്ഥാപനം. ഗുണ്ടൂർ നിന്നുമാണ് മുളകും മല്ലിയും എല്ലാം മൊത്തമായി സൊസൈറ്റി എടുക്കുന്നത്.

**തൃശൂർ ജില്ലയിലെ പാണഞ്ചേരി മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി അത്തരത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. ഇവരുടെ പ്രധാന ഉത്പന്നങ്ങൾ വെളിച്ചെണ്ണയും മുളക്, മല്ലി, മഞ്ഞൾ, കുരുമുളക്, പൊടികളും മസാലപ്പൊടികളും ആണ്. മീറ്റ് മസാല ,ഫിഷ് മസാല ,ചിക്കൻ മസാല, സാമ്പാർ പൊടികൾ മറ്റു സുഗന്ധവ്യഞ്ജനങ്ങൾ, കൽക്കണ്ടംഏലക്കായ, ഉമിക്കരി തുടങ്ങി 65ൽ പരം ഉത്പന്നങ്ങളാണ് ഇവർ വിപണിയിലെത്തിക്കുന്നത്.**



വർത്തിക്കുന്ന ഒരു സ്ഥാപനമാണ്. ഇവരുടെ പ്രധാന ഉത്പന്നങ്ങൾ വെളിച്ചെണ്ണയും മുളക്, മല്ലി, മഞ്ഞൾ, കുരുമുളക്, പൊടികളും മസാലപ്പൊടികളും ആണ്. മീറ്റ് മസാല ,ഫിഷ് മസാല ,ചിക്കൻ മസാല, സാമ്പാർ പൊടികൾ മറ്റു സുഗന്ധവ്യഞ്ജനങ്ങൾ, കൽക്കണ്ടംഏലക്കായ, ഉമിക്കരി തുടങ്ങി 65ൽ പരം ഉത്പന്നങ്ങളാണ് ഇവർ വിപണിയിലെത്തിക്കുന്നത്. കൽപകേളി എന്ന ട്രേഡ് മാർക്കിലാണ് വെളിച്ചെണ്ണ വിപണിയിലെത്തുന്നത്. മൊത്തമായി തേങ്ങയെടുത്ത് പൊളിച്ച് ഉണക്കിയാട്ടി വെളിച്ചെണ്ണയുത്പാദിപ്പിക്കുമ്പോൾ, മുളക്,മല്ലി പൊടികൾ ഗുഡൂർ നിന്നും മൊത്തമയെടുത്ത് ശുദ്ധീകരിച്ച് പൊടിച്ച് പാക്കറ്റുകളിലാക്കിയാണ് വിപണിയിലെത്തിക്കുന്നത്. സംഘത്തിന് പ്രോസസിംഗ് യൂണിറ്റ്, മൊത്തവിതരണ വിഭാഗം, ചെറുകിട വിൽപ്പനക്കായി പിഎംപി സൂപ്പർ ബസാർ എന്നിവയുണ്ട്. ഉത്പന്നങ്ങളെല്ലാം പിഎംപി പൂരം എന്ന ബ്രാൻഡ് നെയിമിൽ വിതരണത്തിനെത്തിക്കുന്നു. പട്ടിക്കാട് ജംഗ്ഷനിൽ പിഎംപി സൂപ്പർ ബസാറും അതിനു പുറകിലായി ഹോൾസെയിൽ വിഭാഗവും പ്രവർത്തിക്കുന്നു. ഇവിടെനിന്നും ഇരുന്നൂറോളം ഷോപ്പുകളിലേക്ക് മസാലപ്പൊടിയും മുളക്, മല്ലി, മഞ്ഞൾ, കുരുമുളക് പൊടികളും പല തൂക്കത്തിലുള്ള പാക്കറ്റുകളിൽ ആയി വിതരണം ചെയ്യുന്നു. ഇത്തരം ഉത്പന്നങ്ങൾക്കൊപ്പം പച്ചക്കറികളും നഗരത്തിലെ ഇരുപതോളം ഹോട്ടലുകൾ ഉൾപ്പടെയുള്ള



മസാലക്കൂട്ടുകളും പച്ചക്കറിയുമെല്ലാം പൊള്ളാച്ചിയിൽ നിന്നാണെത്തിക്കുന്നത്. ഇവ വൃത്തിയാക്കി പൊടിപ്പിച്ച് പാക്കറ്റുകളിലാക്കി ആണ് വിതരണത്തിന് എത്തിക്കുക.വലിയതോതിൽ സ്റ്റോറേജിനുള്ള സൗകര്യം ഇപ്പോൾ ഇല്ലാത്തതിനാൽ പൊതുമാർക്കറ്റിലെ വിലക്ക് തന്നെയാണ് വിൽപ്പന. വലിയ സംഭരണ സംവിധാനങ്ങളുടെ അഭാവം മൂലം വിലയിൽ വ്യത്യാസങ്ങൾ ഏറെ വരുത്താനാകുന്നില്ലെന്ന് സെക്രട്ടറി സനോജ് പറയുന്നു. നമ്മുടെ കാലവസ്ഥയിലെ ചൂടും ഈർപ്പവും മല്ലി, മുളക് എന്നിവയെ പെട്ടെന്ന് കേടുവരുത്തുന്നു. മികച്ച ഗുണനിലവാരത്തിൽ ജനങ്ങളിലേക്ക് പലവ്യഞ്ജനങ്ങൾ പാക്ക് ചെയ്ത് എത്തിക്കുകയും രുചികരവും ആരോഗ്യകരവുമായ അനുപാതത്തിൽ മുളകും കുരുമുളകും മഞ്ഞളും പെരുംജീരകവും എല്ലാ ചേർത്ത് ഫിഷ്, മീറ്റ്, ചിക്കൻ മസാലകളും സാമ്പാർ പൊടിയും ഉത്പാദിപ്പിച്ച് വിതരണം ചെയ്യുകയാണിവർ.

ഉത്പന്നങ്ങളുടെ ഗുണനിലവാരം കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ലാബ് സംവിധാനം ഇവർ സ്വന്തമായി ഇതിനോടനുബന്ധിച്ച് ഒരുക്കിയിട്ടുണ്ട്. പരിശോധനകൾ കൃത്യമായി നടത്തിയാണ് ഉത്പന്നങ്ങൾ പുറത്തേക്ക് വിടുന്നത്. പൊടികളിൽ എന്തെങ്കിലും ഫംഗസോ, മറ്റു ചെറിയ പ്രശ്നങ്ങളൊ സംഭവിച്ചാൽ അതുപയോഗിച്ച് ഉത്പാദിപ്പിക്കുന്ന എല്ലാറ്റിനെയും അത് കേടുവരുത്തും. അതുകൊണ്ടുതന്നെ വലിയ ശ്രദ്ധയോടെയാണ് ഇവ കൈകാര്യം ചെയ്യുന്നത്. വിദഗ്ധ പരിശീലനം ലഭിച്ച രണ്ട് ജീവനക്കാരാണ് മസാല കൂട്ടുകളെ സവിശേഷമായി നിലനിർത്തുന്നത്. 50 ഗ്രാം മുതൽ ഒരു കിലോ വരെയുള്ള പാക്കറ്റുകളിൽ ഇവ വിതരണം ചെയ്യുന്നു. വലിയ പായ്ക്കുകൾ ഹോട്ടലുകളെ ലക്ഷ്യമാക്കിയാണ് ചെയ്യുന്നത്. ട്രിപ്പിൾ ലെയർ പാക്കിംഗ് ആണ് ഇവിടത്തെ മസാല പാക്കിംഗിന്റെ പ്രധാന സവിശേഷത. മഞ്ഞൾ പോലുള്ളവ ഉൾപ്പെടുന്ന മസാലകൾ കേടുകൂടാതെ സൂക്ഷിക്കാൻ ഇത് അത്യാവശ്യമാണ്. മാർക്കറ്റിംഗിനായി സംസ്ഥാന അടിസ്ഥാനത്തിൽ രണ്ടുപേരെയാണ് സൊസൈറ്റി നിയോഗിച്ചിട്ടുള്ളത്. വെളിച്ചെണ്ണ ഉൾപ്പെടെയുള്ള ഉത്പന്നങ്ങൾ സർക്കാർ സംവിധാനങ്ങളായ കൺസ്യൂമർ ഫെഡും സപ്ലൈകോയും മറ്റു പൊതു പ്രധാന മാർക്കറ്റുകളിലും ലഭ്യമാകുന്നത് ഇവരുടെ പ്രയത്നഫലമാണ് ഒപ്പം ഗുണനിലവാരത്തിലെ കണിശതയും.

പാണഞ്ചേരി മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറിയുടെ കഴിഞ്ഞ 2022ലെ അർദ്ധവാർഷിക കണക്കുകൾ പ്രകാരം മികച്ച രീതിയിലേക്കാണ് സ്ഥാപനം മുന്നേറുന്നത്. 2006ൽ ആരംഭിച്ച പാണഞ്ചേരി മാർക്കറ്റിങ് പ്രോസസിംഗ് സൊസൈറ്റിക്ക് കീഴിൽ നീതി മെഡിക്കൽ സ്റ്റോർ, ഡോക്ടറുടെ ക്ലിനിക്, ഡിടിപി ആൻഡ് ഫോട്ടോസ്റ്റാറ്റ് യൂണിറ്റ്, കണ്ണാറയിൽ സഹകരണസംഘത്തിന്റെ ഒരു ബ്രാഞ്ച് എന്നിവയുമുണ്ട്. എല്ലാ സ്ഥാപനങ്ങളിലുമായി നൂറോളം പേർ പ്രവർത്തിക്കുന്നു. ഇവരിൽ ഏറെയും സമീപവാസികളായ സ്ത്രീകളാണ്. പ്രോസസിംഗ് യൂണിറ്റും, ഉത്പന്നങ്ങളുടെ മൊത്ത-ചെറുകിട വിതരണവുമെല്ലാം ആരംഭിച്ചത് 2018ൽ മാത്രമാണ്. സ്ഥാപനത്തിന്റെ ശൈശവ ഘട്ടത്തിൽതന്നെ മഹാമാരിയും അടച്ചുപൂട്ടലുമെല്ലാം എത്തിയതോടെ മറ്റു പല സംരംഭങ്ങളെയും പോലെ ഇവരെയും ദോഷകരമായി ബാധിച്ചു. എന്നാൽ ഇപ്പോൾ അതിൽ നിന്നെല്ലാം കരകയറി റോയ് കെ ദേവസ്യ നേതൃത്വം നൽകുന്ന സംഘം നല്ലരീതിയിൽ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ■

KERALA agropark MSME INCUBATION
Socio - economic model for
AGRI - FOOD BUSINESS INCUBATION &
SUSTAINABLE ENTERPRENEURSHIP DEVELOPMENT

സൗമ്യ ബേബി

## സംരംഭകത്വവികസനം ലക്ഷ്യമിട്ട്

# പിറവം അഗ്രോപാർക്ക്




സംരംഭകത്വ വികസനത്തിലും ഗ്രാമീണമേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും കേരളത്തിന്റെ സ്വപ്നങ്ങൾക്കൊപ്പം ചേർന്നുപ്രവർത്തിക്കുന്ന സ്ഥാപനമാണ് എറണാകുളം ജില്ലയിലെ പിറവത്തിനടുത്തുള്ള പേപ്പതിയിൽ സ്ഥിതിചെയ്യുന്ന അഗ്രോപാർക്ക് എന്ന ബിസിനസ് ഇൻകുബേഷൻ സെന്റർ. ഒൻപതുവർഷം മുൻപ് പ്രവർത്തനം ആരംഭിച്ചതിനുശേഷം ഇവിടെനിന്നും പരിശീലനം നേടുകയും പുതുസംരംഭങ്ങളുടെ സാധ്യതകൾ തിരിച്ചറിഞ്ഞ് സ്വന്തം സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുകയും ചെയ്ത അനേകം പേരാണ് ഇന്നുള്ളത്. കേരളത്തിൽനിന്നുള്ളവർക്ക് മാത്രമല്ല, തമിഴ്നാടും കർണാടകയും ആന്ധ്രാപ്രദേശും തെലുങ്കാനയും പോലെയുള്ള അയൽസംസ്ഥാനങ്ങളിൽ നിന്നുള്ളവർ വരെ അഗ്രോപാർക്കിലെത്തി പരിശീലനം നേടുന്നു.

ഇതിനകം പതിനയ്യായിരത്തിലധികം സംരംഭകർക്കാണ് അഗ്രോപാർക്കിൽനിന്നും പരിശീലനം ലഭിച്ചത്. കേരളത്തിൽ മാത്രം മൂവായിരത്തഞ്ഞൂറോളം പുതിയ സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതിനും അഗ്രോപാർക്ക് നിമിത്തമായി. നമുക്കൊരു ആശയമുണ്ടെങ്കിൽ അതിനെ നല്ലൊരു വ്യവസായമാക്കി മാറ്റുന്നതിനും അതിലൂടെ നേട്ടംകൊയ്യുന്നതിനും കൂടുതൽ തൊഴി

ലവസരം സൃഷ്ടിക്കുന്നതിനും ആവശ്യമായ എല്ലാ സേവനങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്. കാർഷിക, ഭക്ഷ്യസംസ്കരണ, ചെറുകിട വ്യവസായമേഖലക ളിലെ സംരംഭകത്വവികസനം ലക്ഷ്യമിട്ടാണ് അഗ്രോ പാർക്കിന്റെ പ്രവർത്തനം. അക്ഷരാർത്ഥത്തിൽ, ഇവിടുത്തെ ചെറുകിട സംരംഭകർക്കുള്ള കൈത്താങ്ങ് എന്ന് അഗ്രോപാർക്കിനെ വിശേഷിപ്പിക്കാം.

## സംരംഭകർക്ക് വഴികാട്ടി

എറണാകുളം ജില്ലയിലെ അരയൻകാവ് സ്വദേ ശിയായ ഡോ. ബൈജു നെടുംകേരിയാണ് അഗ്രോ പാർക്കിന്റെ സ്ഥാപകൻ. "കെഎസ്ഐഡിസി എം. ഡി.യായിരുന്ന അരുണ സുന്ദർരാജനുമായുള്ള കൂടിയാലോചനയിലൂടെയാണ് ഇത്തരമൊരു ഇൻകു ബേഷൻ സെന്റർ തുടങ്ങുകയെന്ന ആശയം രൂപപ്പെ ട്ടത്. 2014-ൽ അത് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞു. നമ്മുടെ കാർഷികരംഗത്തുനിന്നും ഭക്ഷ്യസംസ്കര ണം, ഡയറി, പൗൾട്രി, ഖാദി-കൈത്തറി, മത്സ്യസം സ്കരണം, പരമ്പരാഗത വ്യവസായം, നാടൻ കൈത്തൊഴിൽ തുടങ്ങിയ അനുബന്ധ മേഖലക ളിൽനിന്നുമുള്ള മൂല്യവർദ്ധിത ഉത്പന്നനിർമ്മാ ണവും ബിസിനസ് ഇൻകുബേഷൻ സെന്ററിന്റെ ലക്ഷ്യമാണ്. ഇതിന് സഹായകമായ ഒട്ടേറെ പരി പാടികൾ ഇവിടെ തുടർച്ചയായി സംഘടിപ്പിക്കുന്നു മുണ്ട്.'' അഗ്രോപാർക്ക് സിഇഒ കൂടിയായ ഡോ. ബൈജു നെടുംകേരി പറയുന്നു.

ഒരു സംരംഭകനോ സംരംഭകയോ ആകണമെന്ന് ഗൗരവത്തോടെ ചിന്തിക്കുന്നവർക്കാണ് അഗ്രോ പാർക്കിൽ മുഖ്യപരിഗണന. അതുകൊണ്ടുതന്നെ ഇവിടെത്തുന്നവരിൽ മഹാഭൂരിപക്ഷവും സംരംഭക രായി തീരുകയും ചെയ്യും. മാത്രവുമല്ല, കെട്ടുറപ്പി ല്ലാത്ത ബിസിനസ് ആശയവുമായി എത്തുന്നവർക്ക് പോലും കൃത്യമായ കാഴ്ചപ്പാടും മാർഗ്ഗനിർദ്ദേശവും ഇവിടെനിന്നും ലഭ്യമാക്കുന്നുണ്ട്. ഇതിനായി സൗജന്യ എംഎസ്എംഇ ക്ലിനിക്കും പ്രവർത്തിക്കു ന്നു. ഒരാൾക്ക് എങ്ങനെ പുതിയൊരു സംരംഭം തുട ങ്ങാമെന്നും ചുരുങ്ങിയ കാലത്തിനുള്ളിൽ അതെ ങ്ങനെ ലാഭകരമാക്കാം എന്നുമെല്ലാമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എംഎസ്എംഇ ക്ലിനിക്കിലൂടെ ലഭ്യമാണ്. ഓരോ മേഖലയിലും വിദഗ്ധരായവർ ഉൾപ്പെട്ട പാനലാണ് ആവശ്യമായ ഉപദേശങ്ങൾ ന ൽകുക. ഓരോ സംരംഭകനും, തങ്ങൾ നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് മുൻകൂട്ടി അറിയിച്ചാൽ എല്ലാ മാസവും രണ്ടാംശനിയാഴ്ച നടക്കുന്ന എംഎസ്എംഇ ക്ലിനിക്കിലൂടെ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കപ്പെടും. വിവിധ ഉത്പന്നങ്ങ ളുടെ സംസ്കരണം മുതൽ വിപണനം വരെയുള്ള എല്ലാ മേഖലകളുമായി ബന്ധപ്പെട്ടും സംരംഭകർക്ക് പ്രശ്നപരിഹാരം തേടാവുന്നതാണ്.

കേരളത്തിൽ പുതിയൊരു സംരംഭകത്വ സംസ്കാരം വളർത്തുക എന്ന ലക്ഷ്യത്തോടെ പ രമാവധി സേവന മനോഭാവത്തോടെയുള്ള പ്രവർത്ത നങ്ങളാണ് അഗ്രോപാർക്കിൽ നടക്കുന്നത്. ചെറുകിട സംരംഭകർക്ക് പ്രയോജനപ്പെടുന്ന ഒരുകോടി രൂപ യ്ക്കടുത്തുള്ള യന്ത്രസാമഗ്രികൾ ഇവിടെ സജ്ജീ കരിച്ചിട്ടുണ്ട്. ഓരോ സംരംഭകനും ഇത് ഉപയോഗിച്ചു നോക്കാനും പ്രവർത്തനങ്ങൾ സൂക്ഷ്മമായി വില യിരുത്താനുമുള്ള സൗകര്യവും ഒരുക്കിയിരിക്കുന്നു. വൈദ്യുതിചാർജ്ജും ലേബർ ചാർജ്ജും മാത്രമാണ് ഇതിനായി ഈടാക്കുന്നത്. ഇങ്ങനെ ഉപയോഗിച്ചു നോക്കുന്ന യന്ത്രസാമഗ്രികൾ ഫലപ്രദമാണെന്ന് പൂർണ്ണമായി ബോധ്യപ്പെട്ടാൽ മാത്രം, അഗ്രോപാർക്ക്





ട

എംപാനൽ ചെയ്തിട്ടുള്ള സർവ്വീസ് പ്രൊപ്രൈറ്റർമാരായ കമ്പനികൾ മുഖേനെ സംരംഭകർക്ക് അവ നേരിട്ടുവാങ്ങാവുന്നതാണ്. ഇടനിലക്കാർ ഒഴിവാക്കപ്പെടുമ്പോൾ വിപണിവിലയേക്കാൾ കുറഞ്ഞ തുകയ്ക്ക് സംരംഭകന് അവ ലഭ്യമാകുന്നുവെന്ന നേട്ടവുമുണ്ട്.



## പരിശീലനവും സഹായപദ്ധതികളും

ഓരോ മേഖലയിലുമുള്ള വിദഗ്ധപരിശീലനങ്ങളുടെ അഭാവം പലപ്പോഴും നമ്മുടെ നാട്ടിലെ പല സംരംഭങ്ങളുടെയും നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കാറുണ്ടെന്നതാണ് വാസ്തവം. ഇത്തരമൊരു പ്രശ്നം പരിഹരിക്കാൻ വിദഗ്ധരായ നാൽപ്പതിലധികം ഫാക്കൽറ്റികളുടെ നേതൃത്വത്തിൽ വിപുലമായ പരിശീലന പരിപാടികളും പാർക്കിൽ നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ വിവിധ ഗവേഷണസ്ഥാപനങ്ങളും സംരംഭകത്വ പരിശീലനവുമായി സഹകരിച്ചുവരുന്നു. ഇതിനുപുറമെ, എല്ലാ ജില്ലകളിലും അഗ്രോപാർക്കിന്റെ നേതൃത്വത്തിൽ സമാനമായ സെമിനാറുകളും ശിൽപ്പശാലകളും സംഘടിപ്പിക്കാറുണ്ട്. വിവിധ മേഖലകളുമായി ബന്ധപ്പെട്ട സംരംഭത്തിനുള്ള സാധ്യതകൾ, അവയ്ക്ക് ആവശ്യമായ മൂലധനം, പ്രവർത്തനത്തിനുവേണ്ട ലൈസൻസുകൾ, ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം, അസംസ്കൃതവസ്തുക്കളുടെ ലഭ്യത, ഉത്പന്നങ്ങളുടെ സംസ്കരണം, പാക്കേജിംഗ്, മാർക്കറ്റിംഗ്, വായ്പ ലഭിക്കാനുള്ള സാധ്യത തുടങ്ങിയ രംഗങ്ങളിലെല്ലാം ഇത്തരം പരിശീലനപരിപാടികൾ പ്രയോജനപ്രദമാകുന്നു.

പുതുസംരംഭകർക്ക് തങ്ങളുടെ സ്ഥാപനം യാഥാർത്ഥ്യമാക്കാൻ സഹായകമായ രീതിയിൽ മൂലധനം കണ്ടെത്താനും അഗ്രോപാർക്ക് സഹായിക്കുന്നുണ്ട്. ഇതിന് മുഖ്യമായും ആശ്രയിക്കുന്നത് ബാങ്ക് വായ്പയെ ആണ്. വാണിജ്യബാങ്കുകൾ, വിവിധ കോർപറേഷനുകൾ, മറ്റു സ്ഥാപനങ്ങൾ, സംരംഭകത്വ വായ്പാസംവിധാനങ്ങൾ, സ്വയംതൊഴിൽ പദ്ധതിപ്രകാരമുള്ള വായ്പകൾ എന്നിവയെക്കുറിച്ചെല്ലാം ഇവിടെനിന്നും സംരംഭകർക്ക് കൃത്യമായ അറിവ് ലഭിക്കും. വായ്പയ്ക്കായി അഗ്രോപാർക്ക് മുഖേനെ ബാങ്കുകളെ സമീപിക്കുമ്പോൾ കാലതാമസം ഒഴിവാക്കാനും സാധിക്കുന്നുണ്ട്. ഇങ്ങനെ ലഭിക്കുന്ന വായ്പയുടെ വിനിയോഗവുമായി ബന്ധപ്പെട്ടും അഗ്രോപാർക്കിന്റെ മേൽനോട്ടം ഉണ്ടായിരിക്കും. ഇത്തരമൊരു സമീപനം സംരംഭത്തിന്റെ നിലനിൽപ്പിനെ സംബന്ധിച്ചിടത്തോളം ഏറെ ഗുണകരമാണ്.

കൂടുതൽ പേരെ ചെറുകിട സംരംഭകരാക്കുന്നതിനുവേണ്ടി ലഭ്യമായ എല്ലാ സാധ്യതകളും അഗ്രോപാർക്ക് പ്രയോജനപ്പെടുത്തി വരുന്നു. "സോഷ്യൽമീഡിയ പ്ലാറ്റ്ഫോം ഇത്തരത്തിലൊന്നാണ്. ഇതിന്റെ ഭാഗമായി, സംരംഭം എന്നപേരിലുള്ള ഫേസ്ബുക്ക് പേജും അഗ്രോപാർക്ക് പിറവം എന്ന യൂട്യൂബ് ചാനലും സജീവമായി നിലനിർത്തുന്നു. ഇഡ്ഡലി-ദോശമാവ്, ഡ്രൈഫ്രൂട്ട്സ്, സോൾവന്റ് സിമന്റ്, സ്റ്റീൽ സ്ക്രബ്ബർ, കായം, നാളികേര വെള്ളത്തിൽനിന്നുള്ള ശീതളപാനീയം, എഡിബിൾ കപ്പ്, വെളിച്ചെണ്ണ, ഇലക്ട്രിക് കൊപ്ര ഡ്രയർ, ഇൻസുലേഷൻ ടേപ്പ് എന്നിവയുടെ നിർമ്മാണത്തെപ്പറ്റിയും അതിന് സഹായകമായ യന്ത്രങ്ങളെക്കുറിച്ചുമെല്ലാമുള്ള വീഡിയോകൾ യൂട്യൂബ് ചാനലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;'' ഡോ. ബൈജു നെടുംകേരി പറയുന്നു. ഇതിനുപുറമെ കമുകിൻപാള ഉത്പന്നങ്ങൾ, കാടമുട്ട അച്ചാർ, കറിപ്പൊടികൾ, തേങ്ങാപ്പീര, പപ്പടം, കപ്പ



ലണ്ടി മിഠായി, അഗർബത്തി, നാചറൽ വിനിഗർ, ചോക്ലേറ്റ്, ബാറ്ററി വാട്ടർ, പഴച്ചാർ തുടങ്ങിയവയുടെയെല്ലാം നിർമ്മാണത്തിന് ആവശ്യമായ വിശദാംശങ്ങളും അഗ്രോപാർക്കിൽനിന്ന് നൽകിവരുന്നു.

## എൻആർഐ ഇൻകുബേഷൻ സെന്റർ

കോവിഡിന്റെയും മറ്റും പശ്ചാത്തലത്തിൽ വിദേശരാജ്യങ്ങളിലെ തൊഴിൽ നഷ്ടപ്പെട്ട് സ്വദേശത്തേക്ക് മടങ്ങിയെത്തിയ പ്രവാസികൾക്കായി സൗജന്യ എൻആർഐ ഇൻകുബേഷൻ സെല്ലും ട്രയൽ പ്രൊഡക്ഷൻ സൗകര്യവും ഇൻകുബേഷൻ ഫെസിലിറ്റിയും അഗ്രോപാർക്കിൽ പ്രവർത്തിക്കുന്നുണ്ട്. ഏറെക്കാലമായി നാട്ടിൽനിന്നും വിട്ടുനിൽക്കുന്നതിനാൽ ഇവിടുത്തെ നിയമസംവിധാനത്തെപ്പറ്റിയും പുതിയൊരു സംരംഭം തുടങ്ങുമ്പോൾ ആവശ്യമായ ലൈസൻസുകളെക്കുറിച്ചും പ്രവാസികൾക്ക് ശരിയായ ധാരണയുണ്ടാകണമെന്നില്ല. അതുകൊണ്ടുതന്നെ, തങ്ങളുടെ സംരംഭകവാസനയെ പ്രായോഗികമാക്കാൻ വിദേശമലയാളികളിൽ പലരും മടികാണിക്കുന്നു. ഇത്തരം പ്രശ്നങ്ങൾക്കെല്ലാം പരിഹാരമെന്ന നിലയിലാണ് അഗ്രോപാർക്കിലെ എൻആർഐ ഇൻകുബേഷൻ സെന്റർ പ്രവർത്തിക്കുന്നത്.

നാട്ടിൽ ഒരു സംരംഭകനാകാൻ ആഗ്രഹിക്കുന്ന പ്രവാസികൾക്ക് അതിന് ആവശ്യമായ എല്ലാ സഹായവും എൻആർഐ ഇൻകുബേഷൻ സെന്ററിലൂടെ ലഭ്യമാക്കും. ഓരോ സംരംഭത്തിന്റെയും സ്വഭാവമനുസരിച്ച് ആവശ്യമായ അടിസ്ഥാനസൗകര്യവും സാങ്കേതികവിദ്യയും പരിശീലനവും മാത്രമല്ല, വേണ്ടിവരുന്ന ലൈസൻസുകളും ബാങ്ക് വായ്പയും വരെ നേടാനും സഹായിക്കുന്നു. സംരംഭം തുടങ്ങാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം മുതൽ ഉത്പന്നത്തിന്റെ വിപണി വരെയുള്ള മുഴുവൻ ഘട്ടങ്ങളെയും ഇവിടെ ഒരു കുടക്കീഴിൽ ആക്കിയിരിക്കുകയാണ്. ഇത്തരത്തിൽ വിദേശമലയാളികളുടെ സംരംഭകവാസനകളെ നാടിന് കൂടി പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കാനും കഴിയും.

സംരംഭകരാകാൻ താൽപ്പര്യമുള്ള ഏതൊരാൾക്കും പ്രയോജനപ്രദമായ ഒട്ടേറെ സംവിധാനങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്. ട്രയൽ പ്രൊഡക്ഷൻ ഫെസിലിറ്റി, ടെക്നോളജി കൊമേഴ്സലൈസേഷൻ പ്ലാറ്റ്ഫോം, സംരംഭകത്വ സഹായപദ്ധതികൾ, പരിശീലനപരിപാടികൾ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടും. പുതിയതായി തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭത്തെക്കുറിച്ചും അതിന്റെ വിപണന സാധ്യതകളെപ്പറ്റിയുമുള്ള എല്ലാ സംശയങ്ങളും തീർത്ത് അത് കൃത്യതയോടെ പ്രായോഗികമാക്കാൻ സഹായിക്കുന്ന സംവിധാനമാണ് ട്രയൽ പൊഡക്ഷൻ ഫെസിലിറ്റി. സംരംഭകർ തമ്മിലുള്ള സാങ്കേതികവിദ്യകളുടെ കൈമാറ്റം സാധ്യമാക്കുന്ന പൊതുസംവിധാനമാണ് ടെക്നോളജി കൊമേഴ്സലൈസേഷൻ പ്ലാറ്റ്ഫോം. നമ്മൾ വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ, മറ്റൊരു നാട്ടിൽ സമാനസംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകന് താൽപ്പര്യമുണ്ടെങ്കിൽ ഇതിലൂടെ കൈമാറാം. സാങ്കേതികവിദ്യ കൈമാറുമ്പോൾ അർഹമായ വിലയും ലഭിക്കും.

ചെറുകിട സംരംഭങ്ങൾക്ക് പുതിയ ദിശാബോധം നൽകുന്ന സംസ്ഥാന സർക്കാരിന്റെ സംരംഭകത്വ വികസനപദ്ധതികൾക്ക് എല്ലാ തരത്തിലും പിന്തുണയേകുന്ന വിധത്തിൽ ചെറുകിട സംരംഭകർക്ക് പ്രായോഗിക പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളുമാണ് അഗ്രോപാർക്കിൽനിന്നും ലഭ്യമാക്കുന്നത്. ■

Volume 55 Issue 3
December 2022

# Vyavasaya Keralam
MONTHLY

₹ 30
Date of publication-
2nd December 2022




Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Ph.0471 2471174.

Editor : Baiju R.S.